Annual Subscription : Rs.100/-

# NEW VISION FOR A CHANGING WORLD

Vol 10 • Issue 2 • OCTOBER 2009



സത്യത്തെ മനസ്സിലാക്കി പ്രാവർത്തികമാക്കാൻ തയ്യാറായില്ലെങ്കിൽ നമ്മുടെ ജീവിതത്തിന്റെയും ഉറിപൊട്ടുമെന്ന് കാണിച്ച് തരികയാണ് ശ്രീകൃഷ്ണൻ

– മാർ ക്രിസോസ്റ്റം വലിയമെത്രാപ്പോലീത്താ

## സഭകളിലും അച്യുതാനന്ദന്മാർ ഉണ്ടാകണ്ടേ?

– ഫാ. ഡോ. ഒ. തോമസ്

5 വാർദ്ധക്യം ശാപമോ, അനുഗ്രഹമോ ?


7 ജീവിതസന്ധ്യയുടെ വിലാപങ്ങൾ

ഒക്ടോബർ 1

അന്താരാഷ്ട്ര വയോജന ദിനം

Editorial

# ഗാന്ധി സ്മരണയുടെ സാംഗത്യം



ഡോ. സിറിയക് തോമസ്
ചീഫ് എഡിറ്റർ

ഏതൊരു രാഷ്ട്രത്തിനും സ്വന്തം രാഷ്ട്രപിതാവിന്റെ ജന്മനാൾ പവിത്രമായ ദിനം തന്നെ. ഇന്ത്യയിൽ ഗാന്ധി ജയന്തിയ്ക്കു സവിശേഷമായ ഒരു വൈകാരിക പ്രാധാന്യം കൂടി അനുഭവേദ്യവുമാണ്. ഗാന്ധിജി ഇന്നു ഇന്ത്യയുടെ മാത്രം സ്വത്തല്ല. ലോകം മുഴുവനും ഗാന്ധിജിയെ ആദരിക്കുന്നുവെന്നതിനേക്കാൾ ലോകമിപ്പോൾ ഗാന്ധിജിയെ കൂടുതലായി മനസ്സാലാക്കി വരുന്നുവെന്നതാണ് അഭിമാനകരമായ കാര്യം. എന്നാൽ ഇന്ത്യയിൽ ഗാന്ധിജി സാവകാശം വിസ്മരിക്കപ്പെടുകയാണോ? നമ്മോടു നാം തന്നെ സത്യസന്ധമായി ഉത്തരം പറയേണ്ട ഒരു ചോദ്യമാണത്. ഗാന്ധിയൻ തത്വങ്ങൾ തമസ്ക്കരിക്കപ്പെടുന്നുണ്ടോ? ഗാന്ധിയൻ മൂല്യങ്ങൾ വിസ്മരിക്കപ്പെടുന്നുണ്ടോ? ഗാന്ധിയൻ ചൈതന്യം നമ്മുടെ സമൂഹത്തിൽ നിന്നു തന്നെ അപ്രത്യക്ഷമാവുകയാണോ?

ഇന്ത്യയുടെ രാഷ്ട്രീയ നഭസ്സിൽ ഗാന്ധി സൂര്യൻ തിളങ്ങി നിന്ന കാലത്ത് ആദർശത്തിന്റെ ആ സൂര്യ പ്രഭയിലാണ്, ഇതര രാഷ്ട്രീയ നക്ഷത്രങ്ങളൊക്കെ തെളിഞ്ഞു മിന്നിയിരുന്നത്. പിന്നീട് സ്വാതന്ത്ര്യ ലബ്ധിയ്ക്കും അധികാരക്കൈമാറ്റത്തിനു ശേഷം അധികാര സിംഹാസനങ്ങളിൽ ആരോഹണം ചെയ്ത ഗാന്ധിശിഷ്യന്മാർ പോലും തങ്ങൾക്കു കൂടുതൽ സൗകര്യമാകുവാൻ സഹായകമാവുക ഗാന്ധിസൂര്യനെ മറയ്ക്കുകയാണെന്നു എപ്പോഴോ തിരിച്ചറിയുകയും ജീവിതത്തിന്റെ സമസ്ത മേഖലകളിൽ നിന്നും ഗാന്ധിയൻ വെളിച്ചത്തെ കെടുത്തിക്കളയുവാൻ ഉത്സാഹിക്കുകയുമാണുണ്ടായതെന്നു വാദിക്കുന്നവരുണ്ട്. അതു ശരിയോ തെറ്റോ ആവാം. എന്നാൽ ഗാന്ധിജിയുടെ ഇന്ത്യയിൽ ഇന്നു നടക്കുന്ന കാര്യങ്ങൾ അധികവും ഇന്ത്യയെപ്പറ്റി ഗാന്ധിജി കണ്ട സ്വപ്നങ്ങളോടോ ഇന്ത്യയെപ്പറ്റി ഗാന്ധിജിക്കുണ്ടായിരുന്ന പ്രതീക്ഷകളോടോ അല്പം പോലും നീതി പുലർത്തുന്നവയല്ലെന്നു പറയുവാൻ ആരും പാഴൂർ പടിപ്പുരയിൽ പോയി വരേണ്ടതില്ല.

സ്വതന്ത്ര ഇന്ത്യയിൽ ആരായിരിക്കണം യജമാനനാവേണ്ടതെന്ന് സ്വാതന്ത്ര്യ ലബ്ധിക്കു വളരെ വർഷങ്ങൾക്കു മുമ്പു ഒരിക്കലൊരു ഇംഗ്ലീഷ് പത്രപ്രതിനിധി ഗാന്ധിജിയോടാരാഞ്ഞപ്പോൾ അതിനു രാഷ്ട്ര പിതാവു പറഞ്ഞ മറുപടി സ്വതന്ത്ര ഇന്ത്യയിൽ രാഷ്ട്രീയ യജമാനനാകേണ്ടതു ഇന്ത്യയിലെ ദരിദ്ര നാരാണയനാണെന്നായിരുന്നു. അതൊരു ദർശനവും സങ്കല്പവും സ്വപ്നവും പ്രതീക്ഷയും മാത്രമായിരുന്നില്ല. രാഷ്ട്രപിതാവ് രാജ്യത്തിനു നല്കിയ കല്പനയായിരുന്നു, പ്രമാണവും.

സ്വാതന്ത്ര്യം നേടി ആറുപതിറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ഇന്ത്യയിൽ ദരിദ്രനാരായണൻ യജമാനനായില്ല എന്നതും പോകട്ടെ അവന്റെ അവകാശ നിഷേധത്തിന്റെയും അടിമത്വത്തിന്റെയും ആഴം കൂടിയതേയുള്ളൂവെന്നാണ് ചുറ്റും കാണുന്ന സാഹചര്യങ്ങൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്.


ഭരണവും രാഷ്ട്രീയവുമൊക്കെ ഗുണ്ടാ-മാഫിയാ കൂട്ടുകെട്ടിലുമുൾപ്പെടുന്നതായ ആരോപണങ്ങളും അതിനനുകൂലമായും മറിച്ചുമൊക്കെയുള്ള മാധ്യമ വാർത്തകളും പ്രചാരണങ്ങളും ചാനൽ തർക്കങ്ങളുമൊക്കെ സാധാരണജനങ്ങളുടെ ഉറക്കം കെടുത്തുന്നു. നാട്ടിൽ കൊലപാതകക്കേസുകൾ പോലും രാഷ്ട്രീയ വല്ക്കരിക്കപ്പെടുന്നു.

ആത്മീയ മണ്ഡലത്തിലും സ്ഥിതി ആശങ്കാജനകമായി വരുന്നുവെന്നു സംശയിക്കേണ്ട സാഹചര്യങ്ങളാണ്. സാധാരണ വിശ്വാസികളിൽ അത് ആഴമായ ആഘാതങ്ങൾ സൃഷ്ടിക്കുന്നു. നോക്കുന്നിടത്തെല്ലാം അഴിമതിയും അക്രമവും. സമ്പന്നരും രാഷ്ട്രീയക്കാരും ചേർന്നു പോലീസിനെപ്പോലും വിലയ്ക്കെടുക്കുന്നുവെന്ന ആരോപണങ്ങൾ. നീതി ന്യായ പീഠത്തിലുള്ളവരുടെ പോലും നിഷ്പക്ഷതയും സത്യസന്ധതയും സ്വഭാവശുദ്ധിയുമൊക്കെ ചോദ്യം ചെയ്യപ്പെടുന്നു. ഇതിനെല്ലാമിടയിലാണ് മറ്റൊരു ഗാന്ധിജയന്തി കൂടി ഇപ്പോൾ കടന്നു വരുന്നത്.

ദൈവം സത്യമാണെന്നും സത്യമാണ് ദൈവമെന്നും പഠിപ്പിച്ച രാഷ്ട്ര പിതാവിന്റെ ആത്മാവ് കണ്ടാൽ സഹിക്കാത്ത കാര്യങ്ങളാണ് നാട്ടിൽ നടക്കുന്നതെന്നു പത്രങ്ങളും ചാനലുകളും മത്സരിച്ചു നമ്മെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്. അതവരുടെ ജോലിയുടെ ഭാഗം. പക്ഷേ നടക്കാൻ പാടില്ലാത്ത കാര്യങ്ങൾ നാട്ടിൽ നടക്കുന്നതു കണ്ടിട്ടും പ്രതികരിക്കാതിരിക്കുന്നതു രാഷ്ട്രത്തോടും രാഷ്ട്ര പിതാവിനനോടും നാം കാണിക്കുന്ന നന്ദികേടാണ്. അനാദരവാണ്. ഗാന്ധിജയന്തിദിനം നമുക്കു ആഴമായ ആത്മ പരിശോധനയ്ക്കും ആത്മാർത്ഥമായ തിരുത്തലുകൾക്കുമുള്ള അവസരമായാൽ അത് രാഷ്ട്രത്തിന്റെ പുണ്യം. നമ്മുടെ മുജ്ജന്മ സുകൃതവും...

# എതിർപ്പുണ്ടെങ്കിൽ അതിൽ നന്മയുണ്ട്

**ക്രിസോസ്തം വലിയ മെത്രാപ്പോലിത്ത**



**ഇന്ന് വൈകിട്ട് തിരുമേനി ഏത് പരിപാടിയിലാണ് പങ്കെടുത്തത്.**

ശ്രീകൃഷ്ണ ജയന്തി ആഘോഷങ്ങളുടെ ഭാഗമായി കടമ്മനിട്ട മണ്ഡലം ബാലഗോകുലം നടത്തിയ സാംസ്കാരിക സമ്മേളനത്തിൽ.

**എന്താണ് തിരുമേനി നൽകിയ സന്ദേശം**

സാദ്ധ്യതകൾ കണ്ടെത്തി സമൂഹത്തിന് ഉപയോഗപ്രദമാക്കി തീർക്കുന്നതാണ് സംസ്ക്കാരം. ശ്രീ കൃഷ്ണനെക്കുറിച്ച് ആധികാരികമായി പറയുവാൻ എനിക്ക് സാധിക്കില്ല. ശ്രീ കൃഷ്ണന്റെ ജീവിതം നൽകുന്ന സനാതന മൂല്യങ്ങൾ നാം മനസ്സിലാക്കണം. തനിക്കതർഹതപ്പെട്ടതായിട്ടും ഉറിയിലിരുന്ന വെണ്ണ കട്ടു തിന്നുകയാണ് ശ്രീകൃഷ്ണൻ. വെണ്ണ കട്ട് തിന്നുമ്പോൾ ഉറി പൊട്ടി താഴെ വീഴുന്നു. ആ വെണ്ണ തനിക്കവകാശപ്പെട്ടതാണെന്ന സത്യം മനസ്സിലാക്കാതിരുന്നതോ അങ്ങനെ നടിച്ചതോ ആണ് ഉറി പൊട്ടാൻ കാരണം. **സത്യത്തെ മനസ്സിലാക്കി പ്രാവർത്തികമാക്കാൻ തയ്യാറായില്ലെങ്കിൽ നമ്മുടെ ജീവിതത്തിന്റെയും ഉറി പൊട്ടുമെന്ന് കാണിച്ച് തരികയാണ് ശ്രീകൃഷ്ണൻ.** മണ്ണ് വാരിത്തിന്ന മകന്റെ വായിൽ അമ്മ കാണുന്നത് സൃഷ്ടിയുടെ രഹസ്യമാണ്. ലോകത്തെ യാണ് കാണുന്നത്. വളരെ ഇടുങ്ങിയ രീതിയിലാണ് നാം കാണുന്നത്. ഇങ്ങനെ ജീവൽ സത്യങ്ങൾ അമ്മയെ കാണിച്ചു കൊടുക്കുന്നത് വഴി എല്ലാ ജീവജാലങ്ങളിലുമുള്ള ചൈതന്യത്തെ സമൂഹത്തിന് അനുഭവമാക്കിത്തീർക്കുകയാണ് ശ്രീകൃഷ്ണൻ. നമ്മുടെ പ്രശ്നങ്ങൾ കണ്ടറിഞ്ഞു ഉൾക്കൊള്ളേണ്ടതിനെ ഉൾക്കൊള്ളുകയും ഒഴിവാക്കേണ്ടതിനെ ഒഴിവാക്കുകയും ചെയ്യുമ്പോഴാണ് സംസ്ക്കാരം ഉടലെടുക്കുന്നത്.

**ശ്രീകൃഷ്ണന്റെ ഒരു വിഗ്രഹം തിരുമേനി ഇവിടെ വച്ചിരിക്കുന്നു. സാധാരണ ക്രിസ്ത്യൻ വീടുകളിൽ അങ്ങനെ വെയ്ക്കാറില്ല.**

ശരിയാണ് ക്രിസ്ത്യൻ വീടുകളിൽ സാധാരണ വെയ്ക്കാറില്ല. ശ്രീകൃഷ്ണൻ ഈ ലോകത്തിന്റെ ഒരു ഭാഗമാണ്. ഒരു വിഭാഗം ജനങ്ങൾ ശ്രീകൃഷ്ണനെ ദൈവമായി ആരാധിക്കുന്നു. മറ്റു മതങ്ങളെയും അവർ ആരാധിക്കുന്ന ദൈവത്തെയും ബഹുമാനിക്കുന്നതിന്റെ ഭാഗമായി ശ്രീകൃഷ്ണനെ ഞാൻ ആദരിക്കുന്നു. ഗാന്ധിജിയുടെ ഒരു വിഗ്രഹം ഇവിടെ എന്തുകൊണ്ടാ വച്ചിരിക്കുന്നതെന്ന് ചോദിച്ചില്ലല്ലൊ. ഗാന്ധിജിയെക്കാൾ മോശമാണോ ശ്രീകൃഷ്ണൻ. ഞാനദ്ദേഹത്തെ ദൈവമായി സ്വീകരിക്കയും ആരാധിക്കുകയും ചെയ്യുമ്പോൾ മാത്രമെ അത് ഗൗരവമായി കാണേണ്ടതുള്ളു.

കരകൗശല വസ്തുക്കൾ ശേഖരിച്ച് വച്ചിരിക്കുന്നിടത്താണ് ആ വിഗ്രഹം വച്ചിരിക്കുന്നത്. മള്ളിയൂരിനെ സന്ദർശിക്കുവാൻ ചെന്നപ്പോൾ എനിക്ക് ലഭിച്ച സമ്മാനമാണിത്. അഴിക്കോട് സർ തന്ന വാക്ഭട സ്വാമിയുടെ വിഗ്രഹവും അവിടെയിരുപ്പുണ്ട്. അമ്പലത്തിൽ ചെല്ലുമ്പോൾ നമ്മൾ ചെരുപ്പൂരും.വിളക്ക് കത്തിക്കുമ്പോളും ചെരുപ്പൂരും. അതെല്ലാം ഒരു സംസ്കാരമാണ്.

**തിരുമേനി എത്ര അമ്പലങ്ങളിൽ കയറീട്ടുണ്ട്**

തിരുവിതാംകൂറിൽ അമ്പലങ്ങളിൽ നമ്മെ കയറ്റത്തില്ല. മധുര മീനാക്ഷി ക്ഷേത്രത്തിൽ അകത്ത് കുറേയങ്ങ് വരെ ഞാൻ പോയിട്ടുണ്ട്. പഞ്ചാബിൽ സുവർണ്ണ ക്ഷേത്രത്തിലും കയറീട്ടുണ്ട്. ഗുജറാത്തിൽ സ്വാമി നാഥ് ടെംബിളിൽ കയറി അവിടെത്തെ പ്രതിഷ്ഠ നേരിട്ട് കാണുകയുണ്ടായി.

സെക്യുലർ സമൂഹം എന്റെയൊരു സ്വപ്നമാണ്. ദൈവമില്ലാത്ത സമൂഹമല്ല സെക്യുലർ സമൂഹം. എല്ലാ വിഭാഗം ജനങ്ങൾക്കും അവർ ആരാധിക്കുന്ന ദൈവത്തിന് സ്ഥാനമുള്ള, ജനങ്ങൾ തമ്മിൽ വിഭാഗീയതയില്ലാതെ കഴിയുന്ന ഒരു സമൂഹം. എല്ലാ മനുഷ്യരെയും അംഗീകരിക്കുന്ന സമൂഹം.

**തിരുമേനി ഇവിടെ താമസമായപ്പോൾ തന്നെ എല്ലാ മതവിഭാഗക്കാരെയും സ്നേഹിക്കുകയും കരുതുകയും അവരുടെ പരിപാടികളിൽ പങ്കാളിയാകുകയും ചെയ്യുന്നത് വഴി ഒരു നല്ല മാതൃക കാണിച്ചിരിക്കുകയാണ്.**

അതിനോട് എതിർപ്പുള്ളവരുമുണ്ട്. എതിരുള്ളത് കൊണ്ട് അതിൽ നന്മയുണ്ടെന്നെനിക്ക് വിശ്വാസമുണ്ട്. മനുഷ്യൻ ദോഷിയും പാപിയുമായിരിക്കുമ്പോൾ നന്മയോട് എതിർക്കും.എതിർക്കുവാനുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ടായിരിക്കണം. ഞാൻ ചെറുപ്പക്കാരോട് പറയും– ഞാൻ പറയുന്നതിനെ നിരാകരിക്കുമ്പോൾ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവരാകും. കാരണം ഈ ലോകത്തിന്റെ പൂർണ്ണമായ സത്യം എന്റെ കൈവശമില്ല. ഞാൻ പറയുന്നത് മാത്രം സ്വീകരിച്ചാൽ നിങ്ങൾ പൂർണ്ണതയിലെത്തില്ല. യേശുക്രിസ്തുവിനെക്കുറിച്ചുള്ള എന്റെ ധാരണ പൂർണ്ണമല്ല. നിന്റെ ധാരണ കൂടി അതിന്റെ കൂടി ചേർക്കുമ്പോൾ മാത്രമെ അത് പൂർണ്ണമാകയുള്ളു.

**ശ്രീനാരായണ ഗുരു പറഞ്ഞത് പോലെ ഒരു ജാതി ഒരു മതം ഒരു ദൈവം എന്ന ആശയമാണോ തിരുമേനി പറയുവാൻ ശ്രമിക്കുന്നത്.**

അല്ല. വൈവിധ്യം ഉണ്ടായിരിക്കണം.

*Cont...6*

# വാർദ്ധക്യം- ശാപമോ അനുഗ്രഹമോ?

റവ. ഡോ. കെ. വി. സൈമൺ

**വാ**ർദ്ധക്യം അസഹിഷ്ണുതയുടെയും അസംതൃപ്തിയുടെയും ശാപത്തിന്റെയും ദിനങ്ങളായി അനേകർ കരുതുമ്പോൾ അതിനെ ദൈവത്തോടു കൂടെ ധന്യതയുടെ നിമിഷങ്ങളായി രൂപാന്തരപ്പെടുത്തുവാൻ സാധിക്കും എന്ന് വേദപുസ്തക കഥാപാത്രങ്ങൾ തെളിയിക്കുന്നു. യെരുശലേം ദേവാലയത്തിൽ പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ കഴിഞ്ഞിരുന്ന ശിമോനും ഹന്നായും എക്കാലത്തുമുള്ള വ്യക്തികൾക്കു മാതൃക നൽകുന്നു. ഈ രണ്ടു വ്യക്തികളുടെ ജീവിത സാക്ഷ്യത്തെപ്പറ്റി ചിന്തിക്കുന്നത് വളരെ ഉചിതമായിരിക്കും.

### വൃദ്ധനായ ശിമ്യോൻ

**1. ദൈവിക ദർശനത്തിന്റെ ഉടമ (ലൂക്കോ 2:26)**

വാർദ്ധക്യകാലത്തു ദൈവിക ദർശനം ഉണ്ടാകുക എന്നത് അത്യപൂർവ്വമായ ഒരു അനുഭവമാണ്. ഇവിടെയാണ് ജീവിതത്തിന്റെ ധന്യത സ്ഥിതി ചെയ്യുന്നത്. കർത്താവിന്റെ അഭിഷിക്തനെ (ക്രിസ്തുവിനെ)കാണും മുമ്പേ മരണം കാണുകയില്ല എന്ന് ദൈവിക അരുളപ്പാടു ലഭിച്ച വ്യക്തിയാണ് ഇദ്ദേഹം. ദൈവികദർശനം ഉൾക്കൊണ്ട മഹദ് വ്യക്തികളുടെ ചരിതമാണല്ലോ വിശുദ്ധ വേദപുസ്തകം അബ്രഹാം, മോശെ, യെശയ്യാവ്, ഏലിയാവ്, പത്രോസ്, പൗലോസ്, എലിശബേത്ത്, കന്യക മറിയം തുടങ്ങിയവരുടെ നീണ്ട നിര നമുക്ക് മുമ്പിലുണ്ടല്ലോ.

"Vision is the ability to see God's presence, to preceive God's power, to focus can God's plans in spite of the obstacles. It is the ability to see above and beyond the majority. It is looking at life with a divine perspective, reading the scene with God in a clear focus"

ദൈവത്തിന്റെ കണ്ണാടിയിലൂടെ ദൈവം കാണുന്നതുപോലെ കാര്യങ്ങളെ കാണുന്നതാണ് ദൈവിക ദർശനം. ഇത് ഏതു പ്രായത്തിലും ഏതു സാഹചര്യത്തിലും ഏത് അനുഭവത്തിലും സംഭവിക്കാവുന്നതാണ്.

**2. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവൻ (ലൂക്കോ 2:25)**

പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുക, നിയന്ത്രിക്കപ്പെടുക എന്നത് ഒരു പ്രത്യേക ജീവിത ക്രമവും ശൈലിയുമാണ്. ഇത് കേവലം ഉപരിപ്ലവമായ വൈകാരിക വിഭ്രാന്തിയല്ല, ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിനു തന്നെത്തന്നെ അർപ്പിക്കുന്നതാണ്. ബർന്നബാസ് പരിശുദ്ധാത്മാവിൽ നിറയപ്പെട്ട വ്യക്തി ആയിരുന്നു. തത്ഫലമായി തർസോസുകാരൻ ശൗലിനെ ഉൾക്കൊള്ളുന്നതിനുള്ള ഹൃദയവിശാലത ലഭിച്ചു. വി. പത്രോസ് പരിശുദ്ധാത്മ നിയോഗത്താൽ കൊർന്നല്യോസിന്റെ ഭവനത്തിൽ പ്രവേശിക്കുന്നതിനും അവരെ അംഗീകരിക്കുന്നതിനുമുള്ള മാനസിക പക്വതയിലേക്കു നടത്തപ്പെട്ടു. നിക്കോദിമോസിനോടുള്ള സംവാദത്തിൽ യേശുകർത്താവ് പറയുന്നത്- കാറ്റ് എവിടെ നിന്നു വരുന്നു എന്നോ എവിടേക്കു പോകുന്നു എന്നോ നീ അറിയുന്നില്ല., ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു. (യോഹ. 3:8) എന്നതിന്റെ ആശയവും അതുതന്നെയാണ് അനേകവ്യക്തികൾ ഈ ആയുസ്സിന്റെ പ്രശ്നങ്ങളിൽ നിന്നും വിമുക്തരാകുവാൻ മാന്യമായി ആത്മഹത്യയെ അവലംബിക്കുന്നു. മിനിസോട്ട (യു. എസ്. എ.) യൂണിവേഴ്സിറ്റിയിലെ ഒരു മനശാസ്ത്ര വിദഗ്ദ്ധൻ പ്രാണവായുവിനു വേണ്ടി മൂക്കിലൂടെയും വായിലൂടെയും ട്യൂബുകൾ കടത്തി വെച്ചതിനുശേഷം ആത്മഹത്യ ചെയ്തു. എന്നാൽ സ്തേഫാനോസിനെ കല്ലെറിയുമ്പോൾ സ്വർഗ്ഗം തുറന്നിരിക്കുന്നതും യേശു കർത്താവ് പിതാവിന്റെ വലതുഭാഗത്തു നില്ക്കുന്നതുമായ കാഴ്ച കണ്ടു സംതൃപ്തിയടഞ്ഞു. പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നവർക്കു മാത്രമേ ഇപ്രകാരമുള്ള പ്രത്യാശാ നിർഭരമായ അന്ത്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയൂ. ശിമ്യോന്റെ അന്ത്യ വാക്കുകൾ ശ്രദ്ധേയാണ്- ഇപ്പോൾ നാഥാ തിരുവചനം പോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കുന്നു (ലൂക്കോ 2:29).

**3. യിസ്രായേലിന്റെ വിടുതലിനായി പ്രതീ**

## *മറവി മൂലം*

*വൃദ്ധദമ്പതികളുടെ വീട്ടിൽ വേറെ രണ്ടു വൃദ്ധദമ്പതികൾ അത്താഴവിരുന്നിനെത്തി. സ്ത്രീകൾ അടുക്കളയിൽ ഭക്ഷണം തയ്യാറാക്കിക്കൊണ്ടിരിക്കുമ്പോൾ പുരുഷന്മാർ ഡ്രോയിംഗ് റൂമിൽ സംസാരിച്ചിരിക്കുകയായിരുന്നു. ആതിഥേയൻ പറഞ്ഞു ഇന്നലെ ഞങ്ങൾ സിറ്റിയിലെ ഒരു പുതിയ ഹോട്ടലിൽ പോയിരുന്നു. നല്ല രുചിയുള്ള ഭക്ഷണമാണ് ആ ഹോട്ടലിന്റെ പേര്.....*

*പേര് ഓർമ വരുന്നില്ല.*

*നമ്മൾ ബൊക്കയിൽ ഉപയോഗിക്കുന്ന ഒരു പൂവുണ്ടല്ലോ അതിന്റെ പേരെന്താ?*

*ഓർക്കിഡ്?*

*അല്ല*

*ആന്തൂറിയം?*

*ഏയ് അല്ല നല്ല മണമുള്ള പൂവ്*

*റോസ്?*

*അതേ റോസ് തന്നെ*

*ആതിഥേയൻ ഉടനെ അടുക്കള ഭാഗത്തേക്കു നോക്കി ഉച്ചത്തിൽ ചോദിച്ചു*

*റോസീ നമ്മൾ ഇന്നലെ പോയ ഹോട്ടലിന്റെ പേരെന്താ?*

**ക്ഷിച്ചിരുന്നവൻ (ലൂക്കോ 2:25)**

സ്വന്തം ആരോഗ്യം, ആശ്വാസം, സമാധാനം ഇത് എല്ലാവരും കാംക്ഷിക്കുന്നതാണ്. എന്നാൽ മറ്റുള്ളവരുടെ ഉയർച്ചയ്ക്കും ഉദ്ധാരണത്തിനും പ്രവർത്തിക്കുക എന്നത് ആധുനിക ലോകത്തിന് അപ്രായോഗികമായ ഒരു ചിന്തയാണ്. ദൈവജനത്തിന്റെ വീണ്ടെടുപ്പിനായുള്ള ആത്മഭാരം ദൈവ വിശ്വാസിയ്ക്ക് ഉണ്ടായിരിക്കണം. ശിമ്യോനെ ഈ ആത്മഭാരമാണ് ഊർജ്ജസ്വലനാക്കി നിർത്തിയത്. ഭാരതത്തിന്റെ സുവിശേഷീകരണത്തിന് ഇറങ്ങി പുറപ്പെട്ട നമ്മുടെ പിതാക്കന്മാരുടെ ഹൃദയത്തിൽ ഈ സുവിശേഷ തീഷ്ണതയുടെ കനൽ കത്തിക്കൊണ്ടിരുന്നു. സ്വാർത്ഥതയുടെ അതിപ്രസരം മുറ്റി നില്ക്കുന്ന ആധുനിക ലോകത്തിൽ കരുണയ്ക്കോ കരുതലിനോ എന്തു പ്രസക്തി? Campus crusade for Christ ന്റെ സ്ഥാപക നേതാവ് Bill Brite മാരകമായ Pulminory Fibrosis എന്ന രോഗത്തിന് അടിമപ്പെട്ടപ്പോഴും തന്റെ ആയുസ്സിന്റെ അന്ത്യനിമിഷം വരെ ദൈവിക ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അതിന്റെ ഫലമായി 110ൽ അധികം രാജ്യങ്ങളിൽ 25000 ൽ അധികം മിഷനറിമാർ പ്രവർത്തിക്കുന്ന ഒരു മഹത് പ്രസ്ഥാനമായി വളർന്നു.

4.ശിമ്യോൻ യേശുവിനെ വ്യത്യസ്തനായി കണ്ടു

**1. യിസ്രായേലിന്റെ മഹത്വം**

അന്നത്തെ യഹൂദന്മാർ യേശുവിനെ ദൈവദൂഷകനായും അവരുടെ മതത്തിനു ഭീഷണയായും മുദ്രകുത്തിയപ്പോൾ ശിമ്യോൻ ആ പൈതലിൽ മഹത്വം ദർശിച്ചു. കാലിതൊഴുത്തു മുതൽ കാൽവറി വരെയും ഈ മഹത്വം തന്നെ പിന്തുടർന്നു. കാലിത്തൊഴുത്ത് സൗരഭ്യം പരത്തുന്ന ആരാധനാ കേന്ദ്രമായി രൂപാന്തരപ്പെട്ടു. ആട്ടിടയൻ കാവൽ കാത്തിരുന്ന പ്രദേശം വിൺദൂതർ ഗാനങ്ങൾ ആലപിക്കുന്ന വേദിയായി. കാൽവറി ക്രൂശിലാണ് ഈ മഹത്വത്തിന്റെ ശ്രേഷ്ഠത വെളിപ്പെടുന്നത്.

**2. ജാതികളുടെ പ്രകാശം**

യേശു ലോകത്തിന്റെ പ്രകാശം എന്ന് വി. യോഹന്നാൻ പ്രഘോഷിച്ചു( 8:12). ഏതു

*cont...12*

**അടയാളം**

*കായൽക്കരയിലെ വിനോദസഞ്ചാര കേന്ദ്രത്തിൽ എത്തിയ യുവാക്കൾ മദ്യപാനവും കഴിഞ്ഞ് വാടകയ്ക്കെടുത്ത ബോട്ടിൽ മീൻപിടിക്കുവാൻ പോയി. വല വീശിയപ്പോൾ ധാരാളം മീനിനെ കിട്ടി. പെരുത്ത സന്തോഷത്തോടെ കരയിൽ മടങ്ങിയെത്തിപ്പോൾ ഒരുവൻ പറഞ്ഞു: കഷ്ടമായിപ്പോയി, ഇന്നു മീൻ കിട്ടിയ സ്ഥലം അടയാളപ്പെടുത്തിയിരുന്നെങ്കിൽ നാളെയും അവിടെ വല വീശാമായിരുന്നു.*

*അപ്പോൾ മറ്റൊരുവൻ : ഏതായാലും ഞാനതു മറന്നില്ല. അപ്പോൾ തന്നെ ബോട്ടിന്റെ സൈഡിൽ ഞാൻ ഒരു അടയാളം വരച്ചിരുന്നു.*

*മറ്റേയാൾ : വിഢ്ഢീ നാളെയും ഈ ബോട്ടു തന്നെ കിട്ടുമെന്ന് എന്താണ് ഉറപ്പ്?"*

## എതിർപ്പുണ്ടെങ്കിൽ

മഹാബലിയുടെ കാലത്ത് മാലോകരെല്ലാം ഒന്നു പോലെ. എല്ലാവരും ബിഷപ്പ് മൂർകോളജിന്റെ പ്രിൻസിപ്പലായാൽ പഠിക്കുവാനാരെങ്കിലും കാണുമോ. എല്ലാവരും ബിഷപ്പുമാരായാൽ പിന്നെ ജനങ്ങളുണ്ടാകുമോ. പ്രിൻസിപ്പലിന്റെ ചുമതലയിൽ സർ മാതൃകയാകണം. ബിഷപ്പിന്റെ ചുമതലയിൽ ഞാൻ മാതൃകയാകണം. കൃഷിക്കാരന്റെ ചുമതലയിൽ കൃഷിക്കാരൻ മാതൃകയാകണം. മാതൃക എന്ന വാക്കിനോട് എനിക്ക് വലിയ മമതയില്ല. ഓരോ ദേശത്തിന് ചേരുന്ന രീതിയിൽ അവിടെത്തെ ജനങ്ങൾക്ക് പ്രയോജനം ചെയ്യത്തക്ക രീതിയിൽ നേതൃത്വം കൊടുക്കണമെന്നാ ഞാനുദ്ദേശിക്കുന്നത്.

ഏല്പിച്ച ജോലി ഉത്തരവാദിത്തത്തോടും സമൂഹത്തിന് പ്രയോജനപ്രദമാകുന്ന രീതിലും ചെയ്യണം

**കഴിഞ്ഞ ആഴ്ചകളിൽ പങ്കെടുത്ത ഏത് പ്രോഗ്രാമാണ് തിരുമേനിയെ കൂടുതൽ സന്തോഷിപ്പിച്ചത്?**

ഞാൻ ചെല്ലുന്നിടത്ത് എന്റെ മുമ്പിലുള്ള ഏത് പരിപാടിയും ആസ്വദിക്കുവാനാണ് ഞാൻശ്രമിക്കുന്നത്. ഇന്ന് ഒരു കൊച്ച് കുട്ടി ഒരു പാട്ട് പാടി. ആ കുട്ടിയുടെ പാട്ട് ഞാൻ ആസ്വദിച്ചു. ആ കൊച്ച് ചെയ്തിനെ ഞാൻ അഭിനന്ദിച്ചു. ഞാനൊരു വീട്ടിൽ ചെന്നു. അവരെനിക്ക് കപ്പയും മീൻകറിയും തന്നു. ഞാനത് ആസ്വദിച്ച് കഴിച്ചു. ഒരു ഫൈവ് സ്റ്റാർ ഹോട്ടലിൽ ലഭിക്കുന്ന ഭക്ഷണത്തേക്കാളും ആസ്വദിച്ചാണ് ഞാനത് കഴിച്ചത്. കപ്പയും മീനും അവർക്ക് തരാവുന്നതിന്റെ ഏറ്റവും മികച്ചതായിരുന്നു. ഫൈവ് സ്റ്റാർ ഭക്ഷണം തരുന്നവർ അവർക്ക് തരാവുന്നതിന്റെ ഏറ്റവും മികച്ചതായിരിക്കയില്ല തരുന്നത്.

(ഒരാൾ ഭാര്യ സമേതം തിരുമേനിയെ കാണുവാൻ കയറി വരുന്നു. തിരുമേനി അദ്ദേഹത്തെ പരിചയപ്പെടുത്തി.)

ഇദ്ദേഹം ഞങ്ങളുടെ സഭയിലെ സുവിശേഷകനാണ്. ഒരു കൊച്ചു പ്രാസംഗികനുമാണ്. ഇദ്ദേഹം പ്രസംഗിക്കുമ്പോൾ പറയും തങ്ങളെക്കാൾ സാധുക്കളായവരെ സഹായിക്കണമെന്ന്. ഇത് ഞാൻ കേട്ടിട്ടുണ്ട്. അതു കൊണ്ട് എന്നെ കാണുവാൻ വരുമ്പോൾ എന്തെങ്കിലും കൊണ്ടു വരും.

തിരുമേനിക്ക് ചക്കവിളയിച്ചത് തരാനാവന്നത്

അതിനകത്തെന്താണെന്ന് പറയാതിങ്ങ് തന്നാൽ പോരായിരുന്നോ. ഈ സാറതിനകത്ത് എന്താണെന്നറിഞ്ഞത് അബദ്ധമായല്ലൊ. ഇത്രയും നല്ല കാര്യങ്ങൾ എനിക്ക് കിട്ടുന്ന കാര്യം സാറിനറിയുവാൻ പാടില്ലായിരുന്നു.

ഒരിക്കൽ ഒരു മനുഷ്യൻ ഒരു പുസ്തകമെഴുതിയിട്ട് എന്റെയടുക്കൽ കൊണ്ടുവന്നിട്ട് പറഞ്ഞു- പുസ്തകത്തെക്കുറിച്ച് നല്ലയൊരഭിപ്രായമെഴുതി തരണമെന്ന്. ഞാൻ പറഞ്ഞു എനിക്ക് ഡോക്ടറേറ്റ് ഇല്ല. അന്നെനിക്ക് ഡോക്ടറേറ്റ് ഇല്ലായിരുന്നു. ആയതിനാൽ മാത്യൂസ് തിരുമേനിയെ ക്കണ്ട് ഒരഭിപ്രായം എഴുതി വാങ്ങിക്കുവാൻ പറഞ്ഞു. അപ്പോഴദ്ദേഹം പറഞ്ഞു- തിരുമേനിയെ കണ്ട് സംസാരിച്ചതാ. പുസ്തകത്തിന്റെ വിലയെല്ലാം തന്നു കഴിഞ്ഞപ്പോൾ ഒരഭിപ്രായം എഴുതി തരണമെന്ന് പറഞ്ഞു. അപ്പോൾ തിരുമേനി പറഞ്ഞു- ഇനിയും ഞാനിത് വായിക്കണമെന്നാണോ നീ പറയുന്നത്. അതിന് സമയമില്ലാത്തത് കൊണ്ടല്ലേ പുസ്തകം കണ്ടപ്പോൾ തന്നെ വില തന്ന് നിന്നെ പറഞ്ഞു വിടുവാൻ ശ്രമിച്ചത്

ഈയിടെ ഞാനൊരു പള്ളി കൂദാശക്ക് പോയി. സാം മാത്യു തിരുമേനിയും കൂടെയുണ്ടായിരുന്നു. പള്ളി കൂദാശയെല്ലാം കഴിഞ്ഞു ഞാൻ പറഞ്ഞു മനോഹരമായ പള്ളി. അപ്പോൾ സാം മാത്യു തിരുമേനി പറഞ്ഞു. രണ്ടു കോടി രൂപയായെന്ന്. തിരുമേനിയെന്നെ വലിയോരു പാഠം പഠിപ്പിക്കയായിരുന്നു. രണ്ടു കോടി രൂപ മുടക്കി ഇത്രയും വലിയ പള്ളി പണി വേണമായിരുന്നോ എന്ന് പരോക്ഷമായി ചോദിക്കയായിരുന്നു.

പിന്നിട് ഞാൻ ആലോചിച്ചപ്പോൾ ആ വിരൽ ചൂണ്ടൽ ശരിയാണെന്ന് തോന്നി.

***അഭിമുഖം***
***ഡോ.മാത്യു കോശി പുന്നയ്ക്കാട്***

# ജീവിതസന്ധ്യയുടെ വിലാപങ്ങൾ



**അഡ്വ. ജോർജ്ജ് വർഗീസ്**

മഴമേഘങ്ങൾ ആർത്തുല്ലസിച്ച കുറേ ദിവസങ്ങൾക്കുശേഷം അതിരു കവിഞ്ഞൊഴുകുന്ന പുഴയ്ക്ക് എന്തൊരു സൗന്ദര്യമാണ്. ഭൂമിയിൽ സ്വർഗ്ഗമുണ്ടെന്ന് വിശ്വസിപ്പിക്കാൻ ശ്രമിക്കുമ്പോൾ അതിനെ അതിരു കവിഞ്ഞൊഴുന്ന പുഴകളുടെ സസ്യ നിബിഡമായ പ്രാന്തപ്രദേശങ്ങളോട് ഉപമിക്കാൻ ശ്രമിക്കുമ്പോഴും ഭൂമിയിലെ സ്വർഗ്ഗം ആസ്വദിക്കാൻ കഴിയാതെ പോകുന്നവരെ നാം കാണുന്നില്ല. അവരുടെ വേദനകൾ ആരും മനസ്സിലാക്കുന്നില്ല. അവരുടെ വിലാപങ്ങൾ ആരും കേൾക്കുന്നില്ല. പ്രഭാതത്തിന്റെയോ പ്രദോഷത്തിന്റെയോ വേർതിരിവ് മനസ്സിലാക്കാനാവാതെ ജീവിതസന്ധ്യയിൽ വിലപിക്കുന്ന ഒരു സമൂഹത്തിനു നേർക്കുള്ള കാഴ്ച ഇന്ന് അന്യമാവുകയാണ്. പ്രായം അതിരുകവിഞ്ഞൊഴുകുമ്പോൾ തളർന്നു പോകുന്നവർക്കു നേരേയുള്ള അന്ധത ലോകത്തിന്റെ ശാപമായി മാറുന്നു.

### നീതി ലഭിക്കേണ്ടവർ

എല്ലാവർക്കും നീതി ലഭിക്കേണ്ടതാണ്. എന്നാൽ പ്രതികരണശേഷി നഷ്ടപ്പെട്ടവരുടെ നീതി ആരു നടപ്പാക്കും. കരുണാർദ്രമായ സമീപനമാണ് പ്രധാനം. ശരീരത്തെ പ്രായം തളർത്തുമ്പോഴും അചഞ്ചലമായ മനസ്സിന് ഉടമകൾ ആയിട്ടുള്ളവരാണ്. എന്നാൽ ഔദ്യോഗിക രംഗത്ത് തിളക്കമാർന്ന പ്രവർത്തനം കാഴ്ച വച്ചവരും ഉന്നത വിദ്യാഭ്യാസം നേടിയവരും ഉറച്ച മനസ്സിന് ഉടമകളും ആയിരുന്ന പല വ്യക്തികളും വയോധിക ജീവിതത്തിൽ തളർന്നു പോകുന്നവരായി നാം കാണാറുണ്ട്.

കേംബ്രിഡ്ജ് സർവ്വകലാശാലയിൽ ആദ്യമായി പഠിച്ച ഇന്ത്യൻ വനിത, ആദ്യമായി നിയമത്തിൽ ഡോക്ടറേറ്റ് ലഭിച്ച വനിത, ഇതിനെക്കാളുപരി ഇന്ത്യയിലെ ഒട്ടുമിക്ക പ്രതിഭാധനരായ അഭിഭാഷകരെയും ജഡ്ജിമാരെയും വിദ്യ അഭ്യസിച്ചവർ- മറ്റാരുമല്ല, 87-ാം വയസ്സിൽ യാന്ത്രികമായ ജീവിതത്തിന്റെ കപടമായ മുഖം കണ്ട് വേദനയോടെ കഴിയുന്ന ലോതികാ സർക്കർ എന്ന വനിതയെ പറ്റിയാണ് സൂചിപ്പിച്ചത്. 2009 ഏപ്രിൽ മാസം 5-ാം തീയതി ദി ഹിന്ദു ദിനപത്രത്തിന്റെ സൺഡേ എഡിഷനിൽ അവരെപ്പറ്റി ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. ലോതികാ സർക്കറിന്റെ ഭർത്താവ് പ്രമുഖനായ ഒരു ജേർണലിസ്റ്റ് ആയിരുന്നു. സൗത്ത് ഡൽഹിയിലെ മനോഹരമായ ബംഗ്ലാവും ലക്ഷങ്ങൾ വിലമതിക്കുന്ന സ്വത്തും ആഭരണങ്ങളും അവർക്ക് സ്വന്തമായി ഉണ്ടായിരുന്നു. എന്നാൽ അവർക്ക് മക്കൾ ഉണ്ടായിരുന്നില്ല. ഭർത്താവിന്റെ മരണത്തിനുശേഷം വിധവയും അനാഥയും ആയിത്തീർന്ന ലോതികാ സർക്കാറിന്റെ ജീവിതാനുഭവങ്ങൾ ഹൃദയസ്പർശിയായി ലേഖകൻ ചിത്രീകരിച്ചിരിക്കുന്നു. അവരുടെ ശിഷ്യഗണങ്ങളിൽ ഉൾപ്പെട്ട ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ, സോളി സൊറാബ്, ഗോപാൽ സുബ്രഹ്മണ്യൻ, കപിലാ വാത്സ്യായൻ തുടങ്ങിയ പ്രമുഖരും മനുഷ്യാവകാശ പ്രവർത്തകരും ഒപ്പിട്ട് ഒരു തുറന്ന കത്ത് അവരുടെ നീതിയ്ക്കുവേണ്ടി പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ ഇന്ന് ഒരു നിയമയുദ്ധത്തിനുള്ള ബാല്യം അവർക്കില്ല. എല്ലാ ഓർമ്മകളും നഷ്ടപ്പെട്ട് ഏകയായി വീട്ടുതടങ്കലിലെന്ന പോലെ കഴിഞ്ഞിരുന്ന അവരെ ചില സുഹൃത്തുക്കൾ തേടിയെത്തുമ്പോഴേക്ക് അവർക്ക് എല്ലാം നഷ്ടപ്പെട്ടിരുന്നു. അവരുടെ ബാങ്ക് അക്കൗണ്ടുകൾ ശൂന്യമായിരുന്നു. ആഭരണങ്ങൾ നഷ്ടപ്പെട്ടിരുന്നു. ലോതികാ സർക്കർ ഒരുപാട് സ്ത്രീകളുടെ പ്രതിനിധിയാണ് പ്രത്യേകിച്ച് വൈധവ്യവും അനാഥത്വവും സഹിക്കുന്ന സ്ത്രീകളുടെ മുതിർന്ന പൗരന്മാരുടെ യാഥാർത്ഥ പ്രശ്നങ്ങളിലേക്കുള്ള നമ്മുടെ കാഴ്ചപ്പാടിൽ മാറ്റം വരുത്തേണ്ടിയിരിക്കുന്നു.

### ദീർഘവീക്ഷണം

മുതിർന്ന പൗരന്മാരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ അടിസ്ഥാനപരമായ പ്രശ്നപരിഹാരമാണ് പ്രാധാന്യമർഹിക്കുന്നത്. ഇന്ത്യയിലെ മുതിർന്ന പൗരന്മാരുടെ എണ്ണം 1951 ൽ 2 കോടിയായിരുന്നെങ്കിൽ 2001 ൽ അത് 7.2 കോടിയായി വർദ്ധിച്ചിട്ടുണ്ട്. ആകെ ജനസംഖ്യയുടെ 8 ശതമാനം പേർ 60 വയസ്സിനുമേൽ പ്രായമുള്ളവരാണ്. 2025 ആകുമ്പോഴേക്ക് അത് 18 ശതമാനമായി ഉയരുമെന്ന് കണക്കാക്കപ്പെടുന്നു. മനുഷ്യന്റെ ആയുർദൈർഘ്യം ഇപ്പോൾ 63 വർഷമാണ്. അടുത്ത് 10 വർഷത്തിനുള്ളിൽ അതിൽ ക്രമാതീതമായ മാറ്റം സംഭവിക്കാം.

വ്യക്തമായ പദ്ധതികൾ ആവിഷ്ക്കരിച്ച് ദീർഘവീക്ഷണത്തോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ മുതിർന്ന പൗരന്മാരുടെ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്തുവാൻ കഴിയൂ. അവർക്കുള്ള നികുതിഘടനയിൽ മാറ്റം വരുത്തിയതുംതീവണ്ടി യാത്രാകൂലിയിൽ ഇളവ് വരുത്തിയതും ശ്രദ്ധേയമായ കാര്യങ്ങൾ തന്നെയാണെങ്കിലും അവരുടെ യഥാർത്ഥ പ്രശ്നങ്ങളുടെ സ്പന്ദനം അറിയുവാൻ ശ്രമിക്കേണ്ടതാണ്. മുതിർന്ന പൗരന്മാർക്കു വേണ്ടി ഒരു ദേശീയ പദ്ധതി 1999 ൽ ആവിഷ്ക്കരിച്ചുവെങ്കിലും അതിലെ പരിമിതമായ നിർദ്ദേശങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. അസംഘടിതരായവർക്ക് വേണ്ടി പെൻഷൻ ഫണ്ട്, വൃദ്ധസദനങ്ങളും ഡേ-കെയർ സെന്ററുകളും ആരംഭിക്കുക. ആശുപത്രികൾ സ്ഥാപിക്കുക തുടങ്ങി അതീവ പ്രാധാന്യമുള്ള വിഷയങ്ങളിൽ ദീർഘവീക്ഷണത്തോടെയുള്ള തീരുമാനങ്ങൾ എടുക്കേണ്ടിയിരിക്കുന്നു.

ഇന്ത്യയിലെ മുതിർന്ന പൗരന്മാർക്ക് പൊതുവേ ബാധകമായ നിയമമാണ് 2007 ൽ പാർലമെന്റ് പാസാക്കിയ സീനിയർ സിറ്റിസൺസ് ആക്ട്. മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായുള്ള ഏക നിയമവും അതാണ്. കുടുംബത്തിന്റെയും മക്കളുടെയും കൊച്ചുമക്കളുടെയും ബന്ധുജനങ്ങളുടെയും മുതിർന്ന പൗരന്മാരോടുള്ള സമീപനം എപ്രകാരം ആയിരിക്കണമെന്ന് ഈ ആക്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. മുതിർന്നവരെ ഉപേക്ഷിക്കുന്നത് തടവോ പിഴയോ ലഭിക്കാവുന്ന കുറ്റകൃത്യമായി നിർവ്വചിച്ചിരിക്കുന്നു.ഈ ആക്ടിൻ പ്രകാരം സംസ്ഥാനങ്ങളിൽ ട്രൈബ്യൂണലുകൾ സ്ഥാപിച്ച് പരാതികൾ ത്വരിതവേഗതയിൽ തീർപ്പാക്കേണ്ടതാണ്. 15 സംസ്ഥാനങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് ട്രൈബ്യൂണലുകൾ നിയമിക്കപ്പെട്ടിട്ടുണ്ട്.

ഈ ആക്ടിലെ ഒരു പ്രധാന നിർദ്ദേശം മുതിർന്ന പൗരന്മാരെ ബന്ധു സംരക്ഷിക്കുന്നില്ലെങ്കിൽ ആ വ്യക്തിക്ക് നൽകിയ സ്വത്തിന്റെ കൈമാറ്റ നടപടികൾ അസാധുവാക്കാം എന്നുള്ളതാണ്. എന്നാൽ പോലും ചില പഴുതുകൾ ഉള്ളത് മൂലം നിർഭാഗ്യവശാൽ ആക്ട് മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിന് അപര്യാപ്തമാവുന്നുണ്ട്. അതുകൊണ്ട് സുവ്യക്തവും സുദൃഢവുമായ മാർഗ്ഗനിർദ്ദേശങ്ങളോടു കൂടി മുതിർന്ന പൗരന്മാരുടെ അവകാശസംരക്ഷണത്തിന് പുതിയ നിയമങ്ങൾ ആവിഷ്ക്കരിക്കേണ്ടത് കാലത്തിന്റെ അനിവാര്യതയായി മാറിയിരിക്കുന്നു.

●

# സഭകളിലും അച്യുതാനന്ദന്മാർ ഉണ്ടാകണ്ടേ?



**ഫാ. ഡോ. ഒ. തോമസ്**

“**ആ**രാന്റമ്മയ്ക്ക് ഭ്രാന്തുവന്നാൽ കണ്ടിരിക്കാൻ ഉല്ലാസം'' എന്ന പോലെ മാർക്സിസ്റ്റ് പാർട്ടിയിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന അസംബന്ധ നാടകം, ഒരു പരിധി വരെ എല്ലാ മലയാളികളും ആസ്വദിക്കുകയാണ്. പാർട്ടിയ്ക്കുവേണ്ടി ചോര നീരാക്കിയതല്ലാതെ ഭൗതികമായി ഒന്നും നേടിയിട്ടില്ലാത്ത ആ പാർട്ടിയിലെ കുറേ പാവങ്ങൾ ഈ സംഭവത്തിൽ ദുഖിക്കുന്നുണ്ടാവും. തൊഴിലാളി വർഗ്ഗത്തിന്റെ പേരും പറഞ്ഞ് കുത്തകമുതലാളിമാരുടെ സുഖിത്വവും അവരേ പോലെ പഞ്ചനക്ഷത്ര ഹോട്ടലുകളിലെ വാസവും ആധുനിക സുഖ സൗകര്യങ്ങളും ആസ്വദിക്കുന്ന അഭിനവ നേതാക്കൾക്ക് പാർട്ടി പ്രവർത്തനം നേട്ടങ്ങളേ ഉണ്ടാക്കിയിട്ടുള്ളൂ എന്നതിനാൽ കാര്യമായ ഖേദത്തിനു വഴിയൊന്നുമില്ല. ചില സീരിയലുകൾ അവസാനിക്കാത്തതു പോലെ, മാധ്യമങ്ങൾ എല്ലാ ദിവസവും പുതിയ എപ്പിസോഡുകൾ അവതരിപ്പിക്കുന്നുമുണ്ട്. മിക്ക ക്രൈസ്തവ സഭാ നേതാക്കന്മാർക്കും, പ്രതിപക്ഷ പാർട്ടികൾക്കുമുള്ളതുപോലെ സന്തോഷത്തിനു വക നൽകുന്നുണ്ടായിരിക്കണം. അധികാരത്തിന്റെ മത്തു പിടിച്ച, ബുദ്ധി ജീവികളെന്നവകാശപ്പെടുന്ന കുറേ നേതാക്കന്മാരുടെ അഹന്ത അതിരുകവിഞ്ഞപ്പോൾ വീഴ്ചയുണ്ടാവുക സ്വാഭാവിക നീതിയുമാണല്ലോ. എന്നാൽ ഇതിലടങ്ങിയിരിക്കുന്ന ധാർമ്മിക പ്രശ്നത്തിന്റെ താത്വികാടിസ്ഥാനം ക്രൈസ്തവ സഭകളെയും അനതിവിദൂര ഭാവിയിൽ ഗൗരവമായി ബാധിക്കുന്നതുതന്നെയാണ്. അതായത് മൂല്യങ്ങളോ സംഘടനയോ ഏതാണ് പ്രധാനം. സ്ഥാപിത താല്പര്യങ്ങളും സംഘടനാ സ്വഭാവമുള്ള എല്ലാ പ്രസ്ഥാനങ്ങളിലും അതിനോടു ചേർന്നു നിൽക്കാത്ത വ്യക്തി എത്ര സമുന്നതനായാലും അവഗണിക്കപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടാണ് ലാവ്‌ലിൻകേസിൽ അഴിമതിയുണ്ടായാൽ പോലും സംഘടനയുടെ കെട്ടുറപ്പിന് പ്രാധാന്യം നൽകി മിണ്ടാതിരിക്കണമെന്ന് ശ്രീ. അച്യുതാനന്ദനോട് ആവശ്യപ്പെടുന്നത്.

ഇതുപോലെയുള്ള സാഹചര്യങ്ങൾ സംഘടിതായ എല്ലാ സഭകളിലുമുണ്ട്. സംഘടിത സ്വഭാവം കുറവായിരുന്ന ആദ്യകാല പെന്തക്കോസ്തു സഭകളിൽ, അധികാരം, സമ്പത്ത്, സ്വജനപക്ഷപാതം തുടങ്ങിയവയുമായി ബന്ധപ്പെട്ട അപവാദങ്ങൾ വളരെ കുറവായിരുന്നു. എന്നാൽ ആത്മീയതയുടെ പേരിൽ ഇന്നു നടത്തപ്പെടുന്ന വെട്ടിപ്പുകളേയും തട്ടിപ്പുകളെയും പറ്റിപല പെന്തക്കോസ്തു പ്രസിദ്ധീകരണങ്ങളും തുറന്ന് എഴുതുന്നുണ്ട്. പാരമ്പര്യ അപ്പോസ്തോലിക സഭകളിൽ പ്രത്യേകിച്ചും കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പോലെ അച്ചടക്കം ഗൗരവമായി എടുത്തിട്ടുള്ള സഭകൾക്കുള്ളിൽ എതിർപ്പിന്റെ ശബ്ദം ഉണ്ടാകുന്നേയില്ല. എന്നാൽ അച്ചടക്കത്തിന്റെ പേരിൽസകല അധാർമ്മികതയേയും മൂടിവെച്ചു കൊണ്ട് ഏതു സംഘടനയ്ക്കും എത്രനാൾ പോകാനാവും? മാർക്സിസ്റ്റ് പാർട്ടിയേപ്പോലെയുള്ള സംഘടനകൾക്ക് പ്രത്യയശാസ്ത്രപരമായ വേലിക്കെട്ടുകളല്ലാതെ പരമകാരുണികനായ ദൈവത്തിന്റെ വിധി തീർപ്പിന് കാതോർക്കേണ്ട ആവശ്യമില്ല. എന്നാൽ ക്രൈസ്തവസഭകളുടെ സ്ഥിതി അതല്ലല്ലോ? താൻ ജനിച്ചു വളർന്നു യഹൂദസഭയുടെ താല്പര്യസംരക്ഷകനായിരുന്നെങ്കിൽ ക്രിസ്തുകാൽവറിയിൽ ബലിയായി തീരുമായിരുന്നില്ല. തന്നെ അയച്ച പിതാവിന്റെ ഇഷ്ടം ചെയ്യുന്നതിനായിരുന്നു യേശുക്രിസ്തു, യഹൂദമതത്തിന്റെ കെട്ടുറപ്പിനേക്കാളും പ്രാധാന്യം നൽകിയത്.ഇവിടെ ധാർമ്മികതയും, സംഘടനാ താല്പര്യവും തമ്മിൽ സംഘർഷമുണ്ടായാൽ, കുരിശേറിയാലും നന്മയുടെ ഭാഗത്തു തന്നെ നിൽക്കണമെന്നാണ് ക്രിസ്തുവിൽ കാണുന്ന പാരഡൈം. സംഘടിതമായ ഏതെങ്കിലും സഭകളിൽ ക്രിസ്തുവിന്റെ ഈ മാനദണ്ഡം സ്വീകരിക്കാൻ ഉൾക്കരുത്തും ധൈര്യമുള്ളവരുമുണ്ടോ? കന്യാസ്ത്രീ വേഷം ഉരിഞ്ഞു വെയ്ക്കേണ്ടി വന്ന ഒരു ദൈവദാസി തന്റെ ആത്മകഥയിൽ കുറേ കാര്യങ്ങൾ വെളിപ്പെടുത്തിയിരുന്നു. അവർ പ്രവർത്തിച്ചിരുന്ന സ്ഥാപനത്തിൽ പ്രവേശനങ്ങൾക്കു നടത്തിയിരുന്ന തിരിമറികളും, അന്യായമായി കുട്ടികളിൽ നിന്ന് ഈടാക്കിയ പണവും. അർഹത നോക്കാതെ പ്രീതിവാത്സല്യത്തിന്റെ പേരിൽ നൽകുന്ന സ്ഥാനക്കയറ്റങ്ങളുമെല്ലാം അതിൽ ചിത്രീകരിച്ചിട്ടുണ്ട്. സ്ഥാനമൊഴിഞ്ഞ കന്യാസ്ത്രീയ്ക്ക് ഇതൊക്കെ കുറിക്കാനായെങ്കിലും സ്ഥാപനങ്ങളുടെ നടത്തപ്പിൽ ഇതുകൊണ്ടു വല്ലമാറ്റവും വരുമോ? ക്രിസ്തുവിനും ദൈവരാജ്യ മൂല്യങ്ങൾക്കും നിരക്കാത്ത ആഡംബരവും, സ്വജനപക്ഷപാതവും, സ്തുതിപാഠക വൃന്ദ്യത്തിനു ലഭിക്കുന്ന ആനുകൂല്യവും അധികാര സാമ്പത്തിക ക്രമക്കേടുകളും, പാവങ്ങളുടെ പേരുപറഞ്ഞ് ധനിക വർഗ്ഗത്തോടൊപ്പം സൗഹൃദം പങ്കിടുകയും അവരുടെ ജീവിതശൈലിഅനുകരിക്കുകയും ചെയ്യുന്ന വ്യവസ്ഥാപിത സഭകൾക്കുള്ളിലെ ജീർണ്ണത, ദൈവനിഷേധികളുടേതുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലല്ലേ? എന്നിട്ടും ആ സഭകൾ നിലനിൽക്കുന്നില്ലേ എന്ന ചോദ്യത്തിന് തൃപ്തികരമായ ഒരുത്തരമേ എനിയ്ക്കുള്ളൂ. സോദോമിനേയും ഗോമോറിനേയും നശിപ്പിക്കാതിരിക്കാൻ ദൈവം ആവശ്യപ്പെട്ട പത്തു നീതിമാന്മാർ, അതേ കുറേ നിഷ്ക്കളങ്കരായ നല്ല മനുഷ്യർ. എല്ലാ സഭകളിലും ഉണ്ട്. അവരെ ഓർത്ത് ദൈവം തന്റെ കൃപയെ ഇപ്പോഴും ചൊരിയുന്നു. സംഘടനയുടെ കെട്ടുറപ്പിനേയോർത്ത് അധാർമ്മികതയെ വെച്ചു പൊറുപ്പിക്കണമോ എന്ന ചോദ്യം പാർട്ടിയിലേക്കാൾ സാംഗത്യമുള്ളത് വ്യവസ്ഥാപിതസഭകൾക്കാണെന്നു തോന്നുന്നു. പാർട്ടിയിൽ ആ ചോദ്യം ചോദിക്കാൻ ഒരു അച്യുതാനന്ദൻ എങ്കിലും ഉണ്ടായിരുന്നു

ക്രിസ്തീയ സഭകളിൽ ആരാണ്?

# സൂക്ഷിക്കുക!
# സാത്താൻ പടിവാതിൽക്കൽ



**ജോർജ്ജ് ബഹനാൻ**
**കൗൺസിലർ തെറാപ്പിസ്റ്റ്**

**കൗൺസിലിംഗിന്** എത്തിയ ഹിന്ദുമത വിശ്വാസിയായ എൻജിനീയറിംഗ് വിദ്യാർത്ഥിയിൽ നിന്നാണ് സാത്താൻ പൂജയെപ്പറ്റിയുള്ള പുതിയ ചില വിവരങ്ങൾ നേരിട്ടറിയുന്നത്. സംസാരത്തിനിടെ ഞാൻ ചോദിച്ചു പ്രാർത്ഥിക്കുമോ എന്ന്. "തീർച്ചയായും സർ". ആരോടാണ് പ്രാർത്ഥിക്കുന്നത്? "ഞാൻ പിശാചിനോടാണ് പ്രാർത്ഥിക്കുന്നത്." പിന്നെ അയാൾ വാചാലനായി. ഞാൻ എന്തു ചോദിച്ചാലും പിശാച് തരും. പക്ഷേ അനുസരണക്കേട് കാണിച്ചാൽ ഉടനെ ശിക്ഷയും. ഏതാണ്ട് അഞ്ച് പായ്ക്കറ്റ് സിഗരറ്റ് ഒരു ദിവസം വലിക്കുന്ന ഇയാൾ അനേകം ബൈക്കപകടങ്ങളിൽ പെട്ടിട്ടുണ്ട്. സ്പീഡിൽ ഒരു ഡെയർ ഡെവിൾ തന്നെ.

തലസ്ഥാനനഗരിയിൽ പി.എം.ജി. ജംഗ്ഷനടുത്തുള്ള സാത്താൻ പള്ളിയിലെ പൂജയിലാണ് ഇയാൾ പോകുന്നത്. വായനക്കാർ അത്ഭുതപ്പെട്ടേക്കാം. നമ്മുടെയിടയിൽ സ്വച്ഛന്ദം വിഹരിക്കുന്ന സാത്താനെപ്പറ്റി തന്നെയാണ് പറയുന്നത്. സാത്താൻ പ്രേമികളുടെ പ്രവർത്തനം വളരെ ചിട്ടയായും ശക്തമായും നമ്മുടെ ഇടയിലുണ്ട്. മദ്യവും, മയക്കുമരുന്നും, മദിരാക്ഷിയും, നീലച്ചിത്രങ്ങളും ധാരാളം കള്ളപണമിടപാടുകളും ഇതുമായി ബന്ധപ്പെട്ട് കിടക്കുന്നു. ലക്ഷക്കണക്കിന് യുവജനങ്ങൾ സാത്താന്റെ പിടിയിലാണെന്ന ഭയാനകസത്യം പലരും മനസ്സിലാക്കിയിട്ടില്ല. സാത്താൻ മുത്തശ്ശികഥയിലെ നീണ്ടനഖങ്ങളും, മൂക്കും, പല്ലുമുള്ള ഒരു ഭീകരസത്വമായി മാത്രമേ നാം കാണുന്നുള്ളൂ. പക്ഷേ അവൻ ഏതു രൂപത്തിലും പ്രത്യക്ഷപ്പെടാം. നിങ്ങളുടെ പടിവാതിൽക്കലും അവനുണ്ട്.

പ്രത്യേകിച്ച് വൻനഗരങ്ങളിൽ ഓരോ ജംഗ്ഷനിലും യുവതിയുവാക്കളെ കാത്ത് ഈ സാത്താൻ നിൽക്കുന്നു. ഇവിടെയൊക്കെ പഠിക്കാൻ ചെല്ലുന്ന നമ്മുടെ യുവജനങ്ങളെ ഒരു പ്രാർത്ഥനയ്ക്കോ, ഒരു ഫെലോഷിപ്പിനോ അവൻ ക്ഷണിക്കുന്നു. ഒന്നുപോയിനോക്കാം എന്ന് നിങ്ങൾ വിചാരിക്കുന്നു. അവിടെ ചെല്ലുന്ന യുവജനങ്ങളെ കാത്തിരിക്കുന്നത് പാട്ടും, കൂത്തും തുടങ്ങി എല്ലാ നികൃഷ്ടതയുമാണ്. ഒരിക്കൽ ഇതിൽ വീണാൽ പുറത്തുവരാൻ വിഷമം.

സാത്താൻപൂജയെപ്പറ്റി ജോൺസൺ പൂവന്തുരുത്ത് സർ എഴുതി ദീപികയിൽ ഖണ്ഡശ്ശ: പ്രസിദ്ധീകരിച്ച റിപ്പോർട്ടിലെ ഒരു പ്രസക്ത ഭാഗം ഇതാണ് "സാത്താനെ അഥവാ തിന്മയുടെ ശക്തിയെ ദൈവത്തെപ്പോലെ ആരാധിക്കുകയും പൂജിക്കുകയും ചെയ്യുന്ന സംഘമാണിവർ. ഇതിലെന്താണിത്ര വേവലാതിപ്പെടാൻ എന്നു തോന്നുന്നുവോ? എന്നാൽ സാത്താൻ പൂജയുടെ യാഥാർത്ഥ്യങ്ങളിലേക്കും അതു സൃഷ്ടിക്കുന്നദുരന്തങ്ങളിലേക്കും കണ്ണോടിക്കുമ്പോൾ നിങ്ങളും നടുങ്ങും. നിങ്ങളുടെ മക്കളെയും സഹോദരങ്ങളെയുമോർത്ത് വേവലാതിപ്പെടും. നമ്മുടെ യുവതലമുറയ്ക്കു മുന്നിൽ മരണക്കെണിയൊരുക്കിയാണ് സാത്താൻ പ്രേമികൾ പതിയിരിക്കുന്നത്. എന്താണ് ഇതിന്റെ അപകടം? ഒറ്റവാക്യത്തിലുത്തരം പറഞ്ഞാൽ, ഇവരോടൊപ്പം ചേരുന്നവർ ദൈവത്തിനെതിരായ എല്ലാക്കാര്യങ്ങളും ചെയ്തുകൂട്ടണം. അതാണ് ഇതിന്റെ ഏറ്റവും വലിയ അപകടം."

അതായത് ഇന്നു നമ്മുടെ സമൂഹം തെറ്റെന്നും കൊടും പാപമെന്നും എന്തിനെയൊക്കെ കരുതുന്നുവോ അതിന്റെയൊക്കെ ഉപാസകരായിരിക്കണം സാത്താൻപ്രേമികൾ.

മദ്യവും മയക്കുമരുന്നും സെക്സും വയലൻസുമൊക്കെ ഇവർ ജീവിതത്തിന്റെ ശീലങ്ങളാക്കി മാറ്റണം. ഇങ്ങനെയൊക്കെയാണെങ്കിലും സമൂഹമധ്യത്തിൽ ക്ലീൻ ഇമേജുമായി പ്രത്യക്ഷപ്പെട്ടാണ് ഇവർ ഇരകളെ വലയിലാക്കുന്നത്. അതിന്റെയർത്ഥം നിങ്ങളുടെ മുന്നിൽ ആദ്യം പറഞ്ഞതുപോലെ എക്സിക്യൂട്ടീവ് സ്റ്റൈലിൽ പ്രത്യക്ഷപ്പെട്ട് ക്ഷണിക്കുന്നവരെല്ലാം സാത്താൻ പ്രേമികൾ ആയിരിക്കണമെന്നില്ല. പക്ഷേ, അവർ ആ വേഷത്തിലും വരാം കേരളത്തിൽ നിന്നു നേഴ്സിംഗ് പഠിക്കാൻ മൈസൂറിൽ എത്തിയ മേഴ്സി (യഥാർത്ഥ പേരല്ല) യുടെ അനുഭവം ഇതാണ് തെളിയിക്കുന്നത്.

പ്രാർത്ഥനയിൽ ഏറെ താത്പര്യം പ്രകടിപ്പിച്ചിരുന്ന പെന്തക്കോസ്തു വിശ്വാസിയായിരുന്നു ഈ ഇരുപത്തൊന്നുകാരി. അവധി ദിവസങ്ങളിലും മറ്റും പ്രാർത്ഥനാലയങ്ങളിൽ പോകാൻ അവൾ സമയം കണ്ടെത്തിയിരുന്നു. ഏതാനും മാസങ്ങൾക്കുമുമ്പ് ഒരു അവധിദിനം. പ്രാർത്ഥനയ്ക്കായി പോകുവാൻ അവൾ ഹോസ്റ്റലിൽ നിന്ന് പുറത്തിറങ്ങി. ബസ് കാത്ത് സ്റ്റോപ്പിൽ നിൽക്കുമ്പോൾ ഒരു പെൺകുട്ടി അവളെ പരിചയപ്പെടാനെത്തി. നല്ല പെരുമാറ്റം, സൗമ്യമായ സംസാരം, പെട്ടെന്നു തന്നെ മേഴ്സിയുമായി സൗഹൃദത്തിലായ പെൺകുട്ടി അവളെ മറ്റൊരു പ്രാർത്ഥനാലയത്തിലേക്ക് ക്ഷണിച്ചു. ആദ്യം അവൾ ക്ഷണം നിരസിച്ചു. പെൺകുട്ടിയുടെ തുടർച്ചയായ നിർബന്ധവും അതോടൊപ്പം പ്രാർത്ഥനയ്ക്കല്ലേയെന്ന ചിന്തയും പെൺകുട്ടിക്കൊപ്പം പോകാൻ അവളെ പ്രേരിപ്പിച്ചു. മൈസൂർ നഗരഹൃദയത്തിലുള്ള ഒരു ഇടുങ്ങിയ ഹാളിലാണ് അവർ ചെന്നുകയറിയത്. പോകുന്ന വഴിക്കെല്ലാം പ്രാർത്ഥനയുടെ മാഹാത്മ്യം പറഞ്ഞ് പെൺകുട്ടി മേഴ്സിയെ ഉത്സാഹഭരിതയാക്കി. ഹാളിലേക്ക് കയറിയപ്പോൾ കണ്ടു ചെറുപ്പക്കാരായ കുറെ യുവാക്കളും യുവതികളും. പ്രാർത്ഥനാഗീതംപോലെ ഒരു സംഗീതമുയരുന്നു. പങ്കെടുക്കുന്നവർ എന്തൊക്കെയോ ഉരുവിട്ട് കൊണ്ട് അതിൽ ലയിച്ചുനിൽക്കുന്നു. പുരോഹിതൻ എന്നു തോന്നിക്കുന്ന ഒരാൾ മുൻപന്തിയിൽ നിൽക്കുന്നു. അവിടെ ഉയരുന്ന സംഗീതവും പ്രാർത്ഥനയുമെല്ലാം അവരെ ഹരം കൊള്ളിക്കുന്നുണ്ട്. ആരോ അവളുടെ കൈയിൽ ഒരു കാർഡുകൊണ്ടുവന്നു കൊടുത്തു. അതിൽ എന്തൊക്കെയോ എഴുതിയിട്ടുണ്ട്. ആദ്യമൊക്കെ അപാകതയൊന്നും തോന്നിയില്ലെങ്കിലും പിന്നീട് അവളിൽ

അല്പം പരിഭ്രാന്തി പടർന്നു. അവിടെ കൂടിയിരുന്നവരുടെ ചലനങ്ങളിലും പെരുമാറ്റങ്ങളിലും എന്തോ ഒരു അസ്വാഭാവികത. പെട്ടെന്ന് അവളുടെ മനസ്സിലെങ്ങോ എവിടെയോ എപ്പോഴോ കേട്ട ഒരു പേര് മുഴങ്ങി.

ഡെവിൾ വർഷിപ്പ് !!!

പ്രാർത്ഥനയെന്നു പറഞ്ഞത് ഇതായിരുന്നോ?ഒരു ഞെട്ടലോടെ, തന്നെ കൂട്ടിക്കൊണ്ടുവന്ന പെൺകുട്ടിക്കായി അവൾ ചുറ്റുംനോക്കി. അവളെ കാണാനുണ്ടായിരുന്നില്ല. നടുക്കം വിട്ടുമാറും മുമ്പേ പുരോഹിതൻ എന്നു തോന്നിയ ആൾ ഒരു ഗാസ്സിൽ എന്തോ ഒരു പാനീയവുമായി വന്നു. അവൾക്കുനേരെ നീട്ടി. അവൾ വാങ്ങിയില്ല.

അയാൾ പലവട്ടം നിർബ്ബന്ധിച്ചിട്ടും അവൾ വഴങ്ങിയില്ല. അവൾ മടിച്ചു നിൽക്കുന്നതുകണ്ടപ്പോൾ പുറകിൽ നിന്ന ഒരു യുവാവ് അതുകുടിക്കടി എന്നജ്ഞാപിച്ചു കൊണ്ട് അവളുടെ തലയുടെ പുറകിൽ ഒരു തട്ടുകൊടുത്തു. അതോടെ ഭയന്നുവിറച്ച മേഴ്സി ഹാളിനു പുറത്തേക്കോടി. വിയർത്തു കുളിച്ചാണ് അവൾ ഹോസ്റ്റലിൽ തിരികെയെത്തിയത്. കുളത്തുവയൽ നിർമലഗിരി റിട്രീറ്റ് സെന്ററിലെ കൗൺസിലറോട് ഇതു പറയുമ്പോഴും അവളുടെ ഭീതി വിട്ടുമാറിയിരുന്നില്ല.

തലനാരിഴയ്ക്ക് രക്ഷപ്പെട്ടതിന്റെ ആശ്വാസത്തിലാണ് ഇപ്പോൾ മേഴ്സി.

ഇത് മേഴ്സിയുടെ ഒറ്റപ്പെട്ട കഥയല്ല. മൈസൂറിലെയും ബാംഗ്ലൂരിലെയും ചെന്നൈയിലേയും ഹോസ്റ്റലുകളിലും കോളേജുകളിലുമൊക്കെ സാത്താൻ പ്രേമികളുടെ ഏജന്റുമാർ കറങ്ങി നടക്കുകയാണ് ആളെ ചേർക്കാൻ.

വൻ നഗരങ്ങളിൽ ഏതാണ്ട് പരസ്യമായി തന്നെയാണ് ഇവരുടെ ഇരപിടിക്കൽ: ഒരിക്കൽ ചെന്നുപെട്ടു പോയാൽ രക്ഷനേടാൻ ഏറെ പരിശ്രമിക്കേണ്ടിവരുമെന്നാണ് നിരവധിപ്പേരുടെ അനുഭവങ്ങൾ തെളിയിക്കുന്നത്. മൈസൂറിലെയും ബാംഗ്ലൂരിലെയും മംഗലാപുരത്തെയും പോലൊന്നും പരസ്യമായിട്ടില്ലെങ്കിലും നമ്മുടെ കൊച്ചുകേരളത്തിന്റെ വിവിധ ജില്ലകളിലും ഇവർ ചുവടുറപ്പിച്ചു കഴിഞ്ഞു.

ഇത്തരം അനേകം സംഭവങ്ങൾ ഓരോ ദിവസവും പട്ടണങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു.

രഹസ്യസ്വഭാവമുള്ള 'കൾട്ട്' ഗ്രൂപ്പുകളിലൂടെയും സാത്താൻ നമ്മുടെ നാട്ടിലുണ്ട്. തിരുവനന്തപുരം ആസ്ഥാനമാക്കി ഇൻഡ്യയ്ക്കു വെളിയിലും പ്രവർത്തിക്കുന്ന ഒരു ഗ്രൂപ്പുകാർ വിശ്വസിക്കുന്നത് കർത്താവ് രണ്ടാമത് ഒരു സ്ത്രീയായി വന്നിരിക്കുന്നു എന്നാണ്. ശാന്തമ്മയാണ് ആ സ്ത്രീ. ഈ ഗ്രൂപ്പിൽ വരുന്നത് ഒന്നാംകിട ഡോക്ടർമാരും, എൻജിനീയർമാരുമാണെന്ന് മനസ്സിലാക്കുമ്പോൾ നമുക്ക് ഞെട്ടലുണ്ടാകും. എല്ലാ സഭയിൽ നിന്നും ഈ ഗ്രൂപ്പിലേക്ക് ആളുകൾ ചേക്കേറുന്നുണ്ട്. വശീകരണ ശക്തികൾ ഇത്തരം ഗ്രൂപ്പുകൾക്കുണ്ടെന്ന് വ്യക്തമായും മനസ്സിലാകും.

ധാരാളം പണം ഇത്തരം പ്രസ്ഥാനങ്ങളിൽ വന്നുചേരുന്നുണ്ട്. കോൾഗേറ്റ് പോലുള്ള വലിയ കമ്പനികൾ അവരുടെ വരുമാനത്തിന്റെ എൺപതുശതമാനം ക്രിസ്തീയ പ്രവർത്തനങ്ങൾക്ക് കൊടുക്കുമ്പോൾ ഇതുപോലെയുള്ള മറ്റൊരു വലിയ കമ്പനി അവരുടെ വരുമാനത്തിന്റെ വലിയൊരു ഭാഗം സാത്താന്റെ പള്ളിക്കു കൊടുക്കുന്നവരാണ്.

സാത്താൻ സഭ ആദ്യമായി തുടങ്ങിയത് 1966-ൽ സാൻഫ്രാൻസിസ്ക്കോയിലാണ്. ആന്റൺ എസ് ലാവേ എന്നയാളാണ് സാത്താൻ സഭയ്ക്കു തുടക്കമിട്ടത്. സാത്താനിക് ബൈബിൾ എന്ന ഗ്രന്ഥവും അയാൾ എഴുതിയിട്ടുണ്ട്. ക്രിസ്തീയ സഭകൾ നല്ലതെന്ന് പറയുന്നതെല്ലാം പാപമാണെന്ന് സാത്താന്യ ബൈബിൾ പറയുന്നു. എന്തായാലും സാൻഫ്രാൻസിസ്ക്കോ തൊട്ട് തിരുവനന്തപുരം വരെയും പിശാചിനെ ആരാധിക്കുന്ന സ്ഥലങ്ങൾ ഉണ്ട്. തിരുവനന്തപുരത്ത് രണ്ടുകേന്ദ്രങ്ങൾ ഉണ്ട്. ഒന്ന് പി.എം.ജി.ജംഗ്ഷനിലും രണ്ടാമത്തേത് സ്റ്റാച്യുവിലും. ദേവാലയങ്ങളിൽ നടക്കുന്നതിനെ അവഹേളിച്ചുകൊണ്ടുള്ള പരിപാടികളാണ് ഇവരുടെ പ്രാർത്ഥനായോഗങ്ങൾ. വാതിൽക്കൽ ഇട്ടിരിക്കുന്ന ബൈബിളിൽ ചവിട്ടിയാണ് ഇവർ ബ്ലാക്ക്മാസിന് എത്തുക.

പരസ്യമായും രഹസ്യമായും സാത്താന്റെ പ്രവർത്തനങ്ങൾ ആഗോളവ്യാപകമായി നടക്കുന്നു. അതായത് എല്ലാ മീഡിയായായും സാത്താൻ സമർത്ഥമായി ഉപയോഗിക്കുന്നു. റോക്ക് മ്യൂസിക്ക് പല യുവജനങ്ങളിലും മാനസ്സിക പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കാരണം ധാരാളം പാട്ടുകൾ സാത്താനെ സ്തുതിക്കുന്നതാണ്. ഡേവിഡ് ബോവി റോക്മ്യൂസിക്കിന്റെ നായകനാണ്. റോക്ക് വെറും സംഗീതമല്ല അത് സാത്താന്റെ സംഗീതമാണെന്ന് അയാൾ ഒരു ലേഖനത്തിൽഎഴുതിയിട്ടുണ്ട്.

സാത്താന്യപ്രതീകങ്ങളുടെ ടാറ്റുകൾ ഇന്ന് ധാരാളം ലഭിക്കും. കുട്ടികളെ ആകർഷിക്കുന്ന ഈ ടാറ്റുകൾ വളരെ അപകടകാരികളാണ് എന്ന് മാതാപിതാക്കൾ ഓർക്കുക. മുതിർന്നവർക്കുള്ള ഒരു ക്ലാസ്സിൽ ഹാരിപോർട്ടർ ബുക്കുകളുടെ ദോഷവശത്തെപ്പറ്റി ഞാൻ പറയുകയുണ്ടായി. ക്ലാസ്സ് കഴിഞ്ഞ് പല മാതാപിതാക്കളും അവരുടെ കുട്ടികളുടെ ഹാരിപോർട്ടർ പുസ്തകങ്ങളോടുള്ള അമിതമായ ആസക്തിയെപ്പറ്റിയുള്ള ആകാംക്ഷ പങ്കുവയ്ക്കുകയുണ്ടായി. ദുർമന്ത്രവാദവും സാത്താനിസവും പ്രചരിപ്പിക്കുന്ന ഇംഗ്ലണ്ടിലെ ഒരു ഇംഗ്ലീഷ് അദ്ധ്യാപികയാണ് ഹാരിപോർട്ടർ പുസ്തകങ്ങളെഴുതിയിട്ടുള്ളത്. അവരുടെ കൃതികൾ ദൈവത്തെയും കർത്താവിനെയും പരസ്യമായി അവഹേളിക്കുന്നതാണ്. അതുകൊണ്ടുതന്നെ സാത്താൻ സഭകളുടെ പല പുരോഹിതന്മാരും ഹാരിപോർട്ടർ പുസ്തകങ്ങളെ വാനോളം പുകഴ്ത്തുന്നു. സാത്താൻ സഭയുടെ മഹാപുരോഹിതനായ ഈഗന്റെ വാക്കുകൾ ഇതാണ്. "ഹാരിയെ ഞങ്ങളുടെ ഉദ്ദേശ്യത്തിനായി ദൈവം അയച്ചതാണ്." വായനക്കാരായ കുട്ടികളെ മന്ത്രവും ശാപവും, മാജിക്കും ഒക്കെ പഠിപ്പിക്കുന്നതിലുപരി ഹാരിപോർട്ടർ പുസ്തകങ്ങൾക്കൊന്നും ചെയ്യാനില്ല. ഹാരിപോർട്ടർ പുസ്തകങ്ങളുടെ കർത്താവായ ജെ.കെ.റൗളിംഗിന്റെ തന്നെ വാക്കുകൾ ഇതാ

"I think it's absolute rubbish to protest children's books on the grounds that they are luring chilren to Satan," Rowling told a London Times reporter in a July 17 interview. People should be parsing them for that! These books guide children to an understanding that the weak, idiotic Son of God is a living hoax who will be humiliated when the rain of fire come....while we his (devil) faithful servants, laugh and cavort in victory"

**അതുകൊണ്ട് ഹാരിപോർട്ടർ പുസ്തകങ്ങൾ വായിക്കുന്നതിൽ നിന്നും നമ്മുടെ കുട്ടികളെ രക്ഷിക്കാൻ എന്തുവിലകൊടുത്തും എല്ലാ മാതാപിതാക്കളും ശ്രദ്ധിച്ചേ പറ്റൂ.** കാരണം ഹാരിപോർട്ടർ പുസ്തകം വായിക്കുന്ന കുട്ടികളുടെ വാക്കുകൾ ശ്രദ്ധിക്കുക. "സണ്ടേസ്കൂളിൽ പഠിച്ചതൊക്കെ ഞാൻ വിശ്വസിക്കാറുണ്ട്. പക്ഷേ മാജിക് യാഥാർത്ഥ്യമാണെന്നും അത് ഉപയോഗിക്കാമെന്നും ഹാരിപോർട്ടർ പുസ്തകങ്ങൾ എന്നെ പഠിപ്പിച്ചു. അതുമല്ല വേദപുസത്കം ബോറടിപ്പിക്കുന്ന കുറെ കള്ളങ്ങളാണെന്നും മനസ്സിലായി." ആഷ്ലി എന്ന ഒൻപതുവയസ്സുകാരിയുടെ വാക്കുകളാണിത്. 95-ൽ അമേരിക്കയിലെ സാത്താൻ സഭയിൽ യുവാക്കന്മാർ മാത്രം ഏതാണ്ട് ഒരു ലക്ഷമായിരുന്നു. ഇന്നത് പതിനാല് മില്യൻ ആയിരിക്കുന്നു. കേരളവും ഒട്ടും മോശമല്ല. സാത്താൻ വളരെ സമർത്ഥമായി നമ്മുടെ യുവാക്കളെ ദുരുപയോഗിക്കുന്നു എന്ന കാര്യത്തിൽ സംശയംവേണ്ട. അനേകം യുവതി യുവാക്കന്മാർ അധാർമ്മികതയിലെത്തുകയും ചെയ്യുന്നു. വൈകാരിക സമനിലതെറ്റി ആത്മഹത്യയിലെത്തുന്നു. ഏറ്റവും വലിയ പത്രവാർത്തകൾ ഗുണ്ടായിസവും അതിലൂടെ വന്നുചേരുന്ന കൊലപാതകവും അക്രമവാസനകളുമാണല്ലോ? ഒരു കാരണവുമില്ലാതെ, കുട്ടികൾ വഴിതെറ്റി ദയനീയമായ അവസ്ഥയിൽ എത്തുന്ന സ്ഥിതി നമ്മുടെ സമൂഹത്തിൽ ഉണ്ട്. പൈശാചിക ശക്തികളല്ലേ അതിന്റെ പുറകിൽ........?

(തുടരും)

# സ്വർഗ്ഗീയ പൗരത്വവും ജീവന്റെ പുസ്തകവും

(പ്രൊഫ. ഡോ. സി. സി. ഏബ്രഹാം)

**ശാ**ശ്വതവും അനന്തവുമായ നിത്യജീവനും സ്വർഗ്ഗീയ പൗരത്വവുമാണ്, ക്രിസ്തീയ വിശ്വാസ ജീവിതത്തിലെ പ്രത്യാശയുടെ അടിസ്ഥാനം. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിൽ ആകുന്നു. അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വീണ്ടും വരും എന്നു നാം കാത്തിരിക്കുന്നു (ഫിലി. 3:20).

പൗരത്വം എന്നതു കൊണ്ട് അർത്ഥമാക്കുന്നത് ഒരു രാജ്യത്തിലെ പ്രജയായിരിക്കുന്ന അവസ്ഥയും ഇതിലെ അവകാശങ്ങളുമാണ്. നമുക്കു ഏതു രാജ്യത്തിലെ പൗരത്വമാണുള്ളതെന്ന് വ്യക്തിപരമായി വളരെ പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്. ലോകരാജ്യത്തിൽ നമുക്കു നൽകിയിട്ടുള്ള ആയുഷ്കാലം തുലോം പരിമിതവും താല്ക്കാലികവുമാണ്. ലോകപൗരത്വത്തിന്റെ പ്രാധാന്യം താല്ക്കാലികമാകുന്നു. മനുഷ്യന്റെ ആയുസ്സിനെപ്പറ്റി സങ്കീർത്തകൻ കരുതുന്നത്, കാറ്റടിക്കുമ്പോൾ പെട്ടെന്നു പൊഴിഞ്ഞു പോകുന്ന വയലിലെ പൂവിനെപ്പോലെയാണ് (103:15,16). ഇഹലോകവാസത്തിന്റെ താല്ക്കാലികതയെപ്പറ്റിയും മരണാനന്തരമുള്ള പറുദീസായിലെ നിത്യതയെക്കുറിച്ചും, നമ്മുടെ പൂർവ്വികന്മാർക്കു ബോധ്യവും പ്രത്യാശയും ഉണ്ടായിരുന്നു. യാക്കോബ് തന്റെ വയസ്സ് ഫറവോനോട് അറിയിക്കുന്നത് താല്ക്കാലികമായ പരദേശവാസത്തിന്റെ കാലമായിട്ടാണ് (ഉല്പത്തി 47:8-9).

ഐഹിക ജീവിതത്തിൽ തന്നെ ദൈവരാജ്യം സ്വായത്തമാക്കി, ഈ അവസ്ഥയിൽ വളർച്ച പ്രാപിക്കുന്നവർക്കു മാത്രമേ യുഗാന്ത്യത്തിൽ, സ്വർഗ്ഗത്തിൽ, ദൈവരാജ്യത്തിന്റെ സാക്ഷാത്ക്കാരവും നിത്യതയും അനുഭവവേദ്യമാക്കുകയുള്ളൂ. സനാതനമായ സ്വർഗ്ഗരാജ്യത്തിലുള്ള വാസസ്ഥലങ്ങളിലേക്കു നമ്മെ കൂട്ടിക്കൊണ്ടു പോകുന്നതിനു വേണ്ടി, നമ്മുടെ കർത്താവായ യേശു വീണ്ടും വരുമെന്നുള്ള വാഗ്ദാനം നമ്മുടെ ഹൃദയസമാധാനത്തിനു വേണ്ടി അവിടുന്നു നൽകിയിട്ടുണ്ട് (വി. യോഗ 14:1-3) ഈ വാസസ്ഥലങ്ങളാണ് യഥാർത്ഥത്തിൽ ഉത്കൃഷ്ടവും ശാശ്വതവുമായി, ആത്മധൈര്യം പ്രദാനം ചെയ്യുന്ന ഉത്തമ സമ്പത്ത് (എബ്ര 10:34-35)

സുവിശേഷത്തിന്റെ സാരാംശം നിത്യജീവനാണ്. യേശുക്രിസ്തുവിലുള്ള ഉറച്ച വിശ്വാസത്തിലൂടെ ഐഹിക ജീവിതത്തിലും (വി. യോഹ 17:3) മരണാനന്തരമുള്ള ആത്മീയാവസ്ഥയിലും നിത്യജീവനു പ്രാധാന്യമുണ്ട്. മൃത്യോർ മാ അമൃതം ഗമയ/ മരണത്തിൽ നിന്നു ജീവനിലേക്കു നയിക്കേണമേ എന്ന ഭാരതീയ ഋഷിവര്യന്മാരുടെ പ്രാർത്ഥനയ്ക്കുള്ള (ബൃഹദാരണ്യകോപനിഷത്ത്, 1:3:27) പൂർണ്ണമായ ഉത്തരം നൽകിയത്. കർത്താവായ യേശുക്രിസ്തു മാത്രമാണ്. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല (വി. യോഹ 11:26), ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. (വി. യോഹ 14:6)എന്ന തിരുവചനങ്ങളിൽ നിത്യജീവനെക്കുറിച്ചുള്ള ഉറപ്പുകളായി സ്വീകരിക്കണം., ദൈവം സൃഷ്ടിപ്രപഞ്ചത്തിൽ മനുഷ്യനു മാത്രമേ അവന്റെ ആളത്വത്തിൽ ദേഹവും ദേഹിയും ആത്മാവും നൽകിയിട്ടുള്ളൂ. ആത്മാവ് മരണാനന്തരവും ശാശ്വതവുമായി നിലനില്ക്കുന്ന അവസ്ഥയിലാണ് നിത്യ ജീവൻ പ്രകടമാകുന്നത്.

ആത്മാക്കളുടെ രക്ഷയ്ക്കും നിത്യജീവനും വേണ്ടി കരുതാതെ ജീവിക്കുന്നത് വലിയ ഭോഷത്വമാണ്. ഈ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം എന്ന താക്കീത് (വി. മത്തായി 16:26)ഈ പശ്ചാത്തലത്തിലാണ് നൽകപ്പെട്ടിരിക്കുന്നത്.

ദൈവത്തിന്റെ പരമാധികാര വാഴ്ചയ്ക്കു കീഴിൽ അവിടുത്തെ ഭരണത്തിനും നിയന്ത്രണത്തിനും സ്വയം നയിക്കുന്ന അവസ്ഥയാണ് ദൈവരാജ്യം. യേശുക്രിസ്തുവുമായുള്ള സജീവ ബന്ധത്തിലൂടെയാണ് ദൈവരാജ്യം സാക്ഷാത്ക്കരിക്കപ്പെടുന്നത്. ദൈവരാജ്യ വ്യവസ്ഥിതിയിൽ ദൈവവുമായുള്ള ബന്ധം ഇപ്രകാരം നിലനിർത്തുന്നതോടൊപ്പം മറ്റുള്ള വ്യക്തികളോടുള്ള സ്നേഹത്തിനും, ഐക്യത്തിനും, അനുരഞ്ജനത്തിനും വേണ്ടത്ര പ്രാധാന്യം നൽകുകയും വേണം. ലോകജീവിതത്തിൽ വിനീതമായി ആരംഭിക്കുന്ന ദൈവരാജ്യത്തിനു പൂർണ്ണതയുടെയും നിത്യതയുടെയും സ്വഭാവം ലഭിക്കുന്നത് യുഗാന്ത്യത്തിൽ രൂപം പ്രാപിക്കുന്ന പുതിയ ആകാശത്തിലും ഭൂമിയിലുമാണ്. യേശു പ്രഖ്യാപിച്ച ദൈവരാജ്യത്തിനു

### ദാവീദിന്റെ തനതു പ്രാർത്ഥന

*ഞാൻ കോളേജ് വിദ്യാർത്ഥിയായിരുന്ന കാലത്ത് വിദ്യാർത്ഥികളുടെ പ്രാർത്ഥന കൂട്ടായ്മയിൽ പങ്കെടുത്തിരുന്നു. ഒരു ദിവസം പ്രാർത്ഥനയ്ക്കായി കുനിഞ്ഞിരുന്നപ്പോൾ പ്രാർത്ഥന നയിച്ച വിദ്യാർത്ഥി പറഞ്ഞു 'ബാബുപോൾ പ്രാർത്ഥിച്ചാട്ടെ?' യാക്കോബായക്കാരനായ എനിക്ക് തനതു പ്രാർത്ഥന വശമില്ലെന്നറിയാമായിരുന്ന അയാൾ എനിക്ക് ഒരു പാര വച്ചതായിരുന്നു എന്ന് എനിക്കു മനസ്സിലായി. ഏതായായും എന്റെ പ്രത്യുല്പന്നമതിത്വം എനിക്ക് തുണയായി. ഞാൻ ഒട്ടും കൂസാതെ ഞങ്ങളുടെ പ്രാർത്ഥനാക്രമത്തിലുള്ള ദാവീദിന്റെ മസുമൂറയാക്കോബായക്കാരുടെ ഈണം മാറ്റി തനതു പ്രാർത്ഥനയുടെ ഈണത്തിൽ ചൊല്ലിയിട്ട് സകലവും യേശുവിൻ നാമത്തിൽ താഴ്മയായി അപേക്ഷിക്കുന്നു എന്ന് പറഞ്ഞ് പ്രാർത്ഥന അവസാനിപ്പിച്ചു. പ്രാർത്ഥന കഴിഞ്ഞപ്പോൾ സുഹൃത്തുക്കൾ പറഞ്ഞു ബാബുവിനു തനതു പ്രാർത്ഥന ഇത്രയും വശമാണെന്ന് ഞങ്ങൾ കരുതിയിരുന്നില്ല. ഞാൻ പറഞ്ഞു അത് ദാവീദിന്റെ തനതു പ്രാർത്ഥനയാ*

**ഡോ. ഡി. ബാബുപോൾ**

## വാർദ്ധക്യം

മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യ വെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടി രുന്നു. അന്ധകാര നിബിഡമായ ലോക ത്തിൽ അത്യുജ്വല പ്രകാശവുമായാണ് യേശു അവതരിച്ചത്. പ്രവാചകൻ നൂറ്റാ ണ്ടുകൾക്കു മുമ്പ് ഇപ്രകാരം പ്രവചിച്ചു- ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചു കണ്ടു അന്ധതമസ്സുള്ള ദേശത്ത് പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു (യെശ 9:2)

**3. സകല ജാതികളുടെയും രക്ഷ :**

യേശു എന്ന പൈതലിൽ സകല ജാതി കൾക്കും ഒരുക്കിയിരിക്കുന്ന രക്ഷയെ ശിമ്യോൻ ദർശിച്ചു. സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം മാലാ ഖമാർ പ്രഘോഷിച്ചു. സകല ഭൂവാസി കളുമായുള്ളോരേ എങ്കലേക്കു തിരിഞ്ഞു രക്ഷപ്പെടുവിൻ (യെശ 45:22) എന്നു പ്രവാചകൻ പ്രസ്താവിച്ചു. മറ്റൊരുത്തനിലും രക്ഷ ഇല്ല, നാം രക്ഷി ക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനു ഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല എന്ന് അപ്പോസ്തോലൻ പരി ശുദ്ധാത്മ നിറവിൽ പെന്തക്കോസ്തു നാളിൽ പ്രസ്താവിച്ചു.

**5. ശിമ്യോൻ രക്ഷകനെ കൈകളിലേന്തി**

ശിമ്യോന്റെ ജീവിതത്തിലെ അത്യന്തം ധന്യ മായ മുഹൂർത്തമായിരുന്നു ഇത്. യേശു വിന്റെ മാതാപിതാക്കളെ കൂടാതെ യേശു എന്ന പൈതലിനെ സ്വന്തം കരങ്ങളിലേന്തി ദൈവത്തെ പുകഴ്ത്തുവാനുള്ള അസുലഭ ഭാഗ്യം ശിമ്യോനു ലഭ്യമായി. യേശുവിനെ ദർശിച്ച സംതൃപ്തിയുടെ നിമിഷങ്ങളായി രുന്നു. അതുകൊണ്ടാണ് ഇപ്രകാരമുള്ള ഒരു പ്രാർത്ഥന തന്റെ നാവുകളിൽ നിന്നും ഉരുവിട്ടത്. നാഥാ തിരുവചനം പോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കു ന്നു. വാർദ്ധക്യം ദൈവത്തോടു കൂടെയെങ്കിൽ അത് വളരെ അനുഗ്യഹീ തവും സംതൃപ്തവുമാണ്.

ദേവാലയത്തിൽ ധ്യാനനിരത യായി കഴിഞ്ഞിരുന്ന ഹന്ന എന്ന വയോ ധികയെക്കുറിച്ചും ഈ അനുഭവം യാഥാർത്ഥ്യമാണ്. ആശേർ ഗോത്രക്കാരിയും ഒരു [redacted] സ്ത്രീയെ സംബന്ധിച്ച പരാമർശം.ഉപവാ സത്തിലും പ്രാർത്ഥനയിലും തന്റെ സമയം ചെലവഴിച്ചു. യേശുകർത്താ വിനെ കണ്ടപ്പോൾ അവളും ദൈവത്തെ സ്തുതിച്ചു. എല്ലാവരോടും ഇതിനെക്കു റിച്ചു സാക്ഷിക്കുകയും ചെയ്തു.

നമ്മുടെ മനോഭാവമാണ് നമ്മെ ഉന്മേഷ ഭരിതരാക്കുന്നത്. ദൈവം നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുവാൻ ഏല്പിച്ചു കൊടുക്കുമ്പോൾ സംതൃപ്തവും സമാ ധാന പൂർണ്ണവുമായ ജീവിതം നയിപ്പാൻ നമുക്കു സാധിക്കും. ചുറ്റുപാടുകളിലേക്കു നോക്കി പഴി പറഞ്ഞു കൊണ്ടിരുന്നാൽ ജീവിതം ക്ലേശ പൂരിതമായിത്തീരുകയും ചെയ്യും.

You are as young as your faith;
as old as your doubt.
you are as young as your self
confidence; as old as your fear.
You are as young as your hope;
as old as your despair
Count on God's instead of yourself.

---

അവിടുത്തെ വ്യക്തിത്വത്തോടു അഭേദ്യ മായ ബന്ധമുണ്ട്. അതിന്റെ സ്ഥാപകനും കർത്താവും രാജാവും യേശു മശിഹാ തന്നെയാണ്. മാനസാന്തരപ്പെട്ടു സുവിശേ ഷത്തിൽ വിശ്വസിക്കുന്നതിനുള്ള ആഹ്വാനമായിരുന്നു യേശുക്രിസ്തു വിന്റെ ദൈവരാജ്യ പ്രഘോഷണങ്ങളുടെ യെല്ലാം കേന്ദ്രപ്രമേയം (വി. മർക്കോസ് 1:14-15, മത്തായി4:17) ദൈവരാജ്യത്തിൽ, ദൈവാത്മാവിനാൽ നയിക്കപ്പെടുമ്പോ ഴാണ് നാമെല്ലാം ദൈവമക്കളായിത്തീരു ന്നത് (റോമർ 8:14) ദൈവമക്കളിൽ പരി. ആത്മാവിന്റെ വ്യാപാരശക്തിയാൽ നീതി യും സമാധാനവും സന്തോഷവും അനു ഭവേദ്യമാകുന്നതാണ് (റോമർ 14:17) ദൈവ രാജ്യത്തിലെ ഉദാത്തമായ സവിശേഷത.

യുഗാന്ത്യത്തിലെ ന്യായവിധിയ്ക്കു ശേഷമാണ് ദൈവരാജ്യത്തിന്റെ പൂർണ്ണതയിലുള്ള നിത്യത സാക്ഷാത് ക്കരിക്കപ്പെടുന്നത്. സ്വർഗ്ഗത്തിൽ നിന്നുള്ള കർത്താവിന്റെ രണ്ടാമത്തെ വരവിൽ, അവിടുത്തെ ന്യായാസനത്തിനു മുമ്പാകെ സകല ജാതികളെയും ന്യായവിധിയ്ക്കായി കൂട്ടിവരുത്തും (വി. മത്തായി 25:31-32). നീതിമാന്മാർ സ്വർഗ്ഗത്തിലെ നിത്യജീവങ്കലേക്കും, പാപികൾ നിത്യ ദണ്ഡനത്തിലേക്കും മാറ്റപ്പെടും. (വി. മത്തായി 25:46) ഈ ന്യായവിധിക്കായി സ്വർഗ്ഗീയ പൗരത്വം ലാക്കാക്കി, പാപരഹിതമായ വിശ്വാസ ജീവിതം നയിക്കുന്നതിനു നാമെല്ലാം കടപ്പെട്ടിരിക്കുന്നു (2 കൊരി 5:10).

ദൈവമക്കളായിത്തീർന്ന് നിത്യജീവനും സ്വർഗ്ഗീയ പൗരത്വവും അവകാശമാക്കുന്നവരുടെ പേരുകൾ സ്വർഗ്ഗത്തിൽ ജീവന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കും. ആത്മീയതയുടെ ഔന്നത്യത്തിൽ ഭൂതങ്ങൾ നമുക്കു കീഴടങ്ങുന്ന അവസ്ഥയെക്കാൾ, സന്തോ ഷിക്കുന്ന തിനു വക നൽകുന്നത്, സ്വർഗ്ഗത്തിൽ നമ്മുടെ പേരുകൾ എഴുതപ്പെട്ടിരിക്കുന്ന അവസ്ഥയാണ്(വി. ലൂക്കോസ് 10:20) സ്വർഗ്ഗത്തിൽ പേരുകൾ എഴുതപ്പെടണമെങ്കിൽ ലോകജീവിതത്തിൽ തന്നെദൈവസ്നേഹത്തിലും പരസ്നേഹ ത്തിലും അധിഷ്ഠിതമായ ദൈവരാജ്യം സ്വായത്ത മാക്കിയേ തീരൂ. വെളിപ്പാട് പുസ്തകത്തിൽ ജീവന്റെ പുസ്തകത്തെ പ്പറ്റി പല ദർശനങ്ങളുമുണ്ട്. (3:5, 13:8, 17:8) മനുഷ്യപുത്രന്റെ രണ്ടാം വരവിൽ ന്യായവിധിക്കായി ജീവന്റെ പുസ്തകം തുറക്കുന്ന രംഗം വി. യോഹന്നാൻ തന്റെ ദർശനങ്ങളിൽ കാണുകയുണ്ടായി. പുസ്തകത്തിൽ പേരുള്ളവർ, നിത്യതയി ലേക്കും മറ്റുള്ളവർ തീപ്പൊയ്കയിലേക്കും മാറ്റപ്പെടും (വെളിപ്പാട് 20:12-15).

അന്ത്യന്യായവിധിയെപ്പറ്റിയുള്ള ദാനിയേൽ പ്രവചനത്തിലും (12:1), ജീവിതപുസ്തകത്തെപ്പറ്റിയുള്ള പരാമർശമുണ്ട്.

മനുഷ്യപുത്രന്റെ തിരുശരീരവും രക്തവും ഒരുക്കത്തോടും വിശ്വാസ ത്തോടും കൗദാശികമായി കൈക്കൊള്ളു ന്നവർക്കു ഈ ലോകത്തിൽ വച്ചു തന്നെ നിത്യ ജീവൻ കരഗതമാകുകയും പുനരുദ്ധാനത്തിന്റെ അച്ചാരം ലഭിക്കു കയും ചെയ്യും. ഇങ്ങനെയുള്ളവർ ത്രിതൈ്വസഹവാസവും സ്വർഗ്ഗീയപൗരത്വവും പ്രാപിക്കും (വി. യോഹ 6:51-58). വ്യക്തിപരമായ കൗദാശിക ജീവിതത്തിന്റെ പ്രാധാന്യവും ആവശ്യകതയും ഇതുവെളിപ്പെടുത്തുന്നു.

ജീവന്റെ പുസ്തകത്തിൽ ഒരിക്കൽ രേഖപ്പെടുത്തുന്ന പേരുകൾ കർത്താ വിന്റെ നിരന്തര നിരീക്ഷണത്തിലാ യിരിക്കും. പാപം ചെയ്ത് വിശുദ്ധി നഷ്ടപ്പെടുത്തുന്നവരുടെ പേരുകൾ പുസ്തകത്തിൽ നിന്നു നീക്കം ചെയ്യ പ്പെടും. (പുറ 32:33) ആത്മീയമായി എന്തെങ്കിലും നേടി എന്നുള്ള ഭാവത്തിൽ ജീവിതം നയിക്കുന്നവർക്കു തെറ്റുകളിൽ വീണു പോകാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. നമ്മുടെ പ്രതിയോഗിയായ പിശാച്, അലറുന്ന സിംഹം പോലെ, ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുകയാണല്ലോ. (1 പത്രോസ് 5:8). നിൽക്കുന്നു എന്ന തോന്നുന്നവർ, വീഴാതെ സൂക്ഷിച്ചു കൊള്ളാമെന്നുള്ള പൗലോസ് ശ്ലീഹായുടെ പ്രബോധന ത്തിനു (1 കൊരി 10:12) ഈ പശ്ചാത്തല ത്തിൽ ഗണ്യമായ പ്രാധാന്യമുണ്ട്.

സ്വർഗ്ഗീയ പൗരത്വത്തിന്റെ അനന്ത മായ സൗഭാഗ്യാവസ്ഥയുടെ അവകാശിക ളാകുവാൻ തക്കവണ്ണം വിശ്വാസ ജീവിതം ക്രമപ്പെടുത്തുന്നതിനുള്ള ദൈവകൃപ ലഭി ക്കാൻ വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

# THE OPENING CHAPTER OF QUR'AN ITS ECOLOGICAL INTERPRETATION - 2

**By Asghar Ali Engineer**
**Institute of Islamic Studies, Mumbai, India**

As we pray to Allah as taught to us through this sura-i-Fatihah we say toAllah "Guide us on the right path. The path of those upon whom Thou hasbestowed favours, Not those upon whom wrath has brought down, not thosewho go astray." Allah is our Lord, our Sustainer and if we seek oursustenance from Him we have to follow the right path shown by Him and prayto him to show us the right path. What is this right path (siratal-mustaquim)?It is the path devoid of greed and over consumption and Allah byforbidding Adam to eat the fruit of a tree in the paradise showed us thisright path and as long as we follow this path our paradise will remainintact and Allah's bounties will continue to be enjoyed by humankind butwe should not do anything to earn His wrath and follow the path of greedand over-consumption that will lead us astray.

This path of Allah's bounties had been available to whole of humankind aslong as we followed sirat al-mustaquim (right path) of modest consumption of earth resources and keeping earth pure tayyib and did not over polluteit. Can we now say we are following the same path - sirat al-mustaquim? Wehave to reflect on this serious question. We have violated this law and gone astray in number of ways.favors them have been deprived of their just consumption by those whom Allah calls mustakbirun (the powerful, the rich) who have been unjust andmonopolized over-consumption and have over-polluted the earth. As we knowthe developed and rich nations are consuming more than 70 per cent ofearth's resources and polluting it in that proportion.How correct is Qur'an's pronouncement when it says, "And when We wish todestroy a town, Wesendcommandments to its people who lead easy lives,but they transgress therein; thus the word proves true against it, so Wedestroy it with utter destruction." (17:16). What Allah says in this versethat those habituated to easy life (i.e. the rich)do not hear the wordsof wisdom and continue to violate it in sheer arrogance (what the Qur'ancalls istikbar) and then Allah destroys them.The rich of the earth forgetful of final consequences of their life stylecontinue to ignore all the warnings and ultimately face the doom. Are the rich nations of the west, particularly USA, not ignoring all the warningof rising temperature of earth and pushing us all closer to the disaster?They insist the poorer nations and developing countries reduce their consumption and not they. The G-8 nations which are all developed nationsin their recent conference in Italy once again did not agree to reduction of their consumption of earth resources. Qur'an repeats this warning when it says, "Nay their hearts are inignorance about it, and they have besides this other deeds which they do.Until, when We seize those who lead easy lives among them withchastisement, lo! They cry for succour." (23:63-64) Do we not findprecisely same behaviour on the part of rich nations of the west? Are theynot refusing to mend their ways and reduce their consumption of earthresources? Will they not push our earth to the brink of disaster by

Technological progress is most welcome but it can be boon or cursedepending how this progress is used by the rich and powerful. The weaker sections and poor nations are, after all, totally helpless and their voiceis never heard. But warning has to be repeated as Qur'an says to the Prophet to warn as he has been sent as warner (nazir). If people listen tohim they will be rescued, if not, they will face doom.

The technological progress has enabled human beings to consume more and more and also to pollute the earth too more and more. But this ability has to be used with wisdom. It is reason which enables us to discover new horizons and know more about our universe and again it is reason which enables us to discover more and more natural resources below and aboveground and use them.

But reason is, let us be clear, a double-edged sword, a mere tool, which could be used or misused. It is because of reason that we have progressed tremendously from primitive to advanced human beings, from caves to skyscrapers but then it is this reason which has given us tools to destroy our planet through over-consumption and over-pollution which is leading us to disaster. What is needed is what Qur'an calls hikmah (wisdom) and what is wisdom?Wisdom is reason plus values and experience. Without combining with values reason can play very dangerous role also as it did in Europe through weapons of destruction finally resulting in making all destructive nuclear weapons and in Hiroshima and Nagasaki it killed more than two hundred thousand people.

But if reason is used with values like justice, benevolence and compassion, it can prove to be a great boon and that is what Qur'an advocates. According to Qur'an there are five key values: haq 'adl,ihsan, rahmah and hikmah i.e. truth, justice, benevolence, compassion andMuhsin, Rahman and Hakim i.e. Allah is Truth, Just, Benevolent, Compassionate and Wise. These values are extremely important for balanced progress of human beings.

# തീവണ്ടി യാത്ര

**ബി. റ്റി. മത്തായി, രാജസ്ഥാൻ**

**ആ**ദിയിൽ ആരംഭിച്ച ഒരു യാത്രയുടെ വിവരണം- യഹോവ അബ്രഹാമിനോട് അരുളി ചെയ്തതെന്തെന്നാൻ നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക. ഞാൻ നിന്നെ വലിയോരു ജാതിയാക്കും. നിന്നെ അനുഗ്രഹിച്ചത് നിന്റെ പേർ വലുതാക്കും-യഹോവ തന്നോട് കല്പിച്ചതു പോലെ അബ്രാം പുറപ്പെട്ടു (ഉല്പത്തി 12:1-4). വിളിച്ചവനിൽ ശരണപ്പെട്ട് വിശ്വാസം മാത്രം കൈമുതലായി അബ്രാം യാത്ര തിരിക്കുന്നു. ഭവനത്തിന്റെ ഭാവിയും ഉറ്റവരുടെ ഉയർച്ചയും ലാക്കാക്കി, ജോലി തേടി ജീവിക്കാനിടം തേടി അറുപത്- എഴുപതുകളിൽ അബ്രാമിനെപ്പോലെ നാടുവിട്ടവർ മലയാളിയെ വലിയ ദൂരത്തിലെത്തിച്ചു. മലയാളത്തനിമ പോലും പണയം വച്ച് തീവണ്ടി കയറി ഭാരതത്തിന്റെ ഗ്രാമാന്തരങ്ങളിലും എന്തിന് മരുഭൂമിയിൽ പോലും അവരെത്തിയിരുന്നു. തമ്പടിച്ചിടത്തെല്ലാം യാഗപീഠം പണിത അവർ, എത്തിപ്പറ്റിയിടത്തെല്ലാം കൂടാരങ്ങൾ പണിതു. അതു കൂട്ടായ്മകളായി, ഇടവകകളായി, പള്ളികളായി, അവരുൾപ്പെട്ട സഭാ വിഭാഗങ്ങൾക്ക് അവരുടെ അതിർത്തി വിസ്തൃതമാക്കുവാൻ അവർ നിമിത്തമായി.

ഏകദേശം നാലു പതിറ്റാണ്ടുകൾക്കു മുമ്പ് ദൈവത്തിന്റെ സ്വന്തം നാട് ഉപേക്ഷിച്ച് മറുനാട്ടിലേക്ക് തീവണ്ടി കയറിയ ലേഖകന്റെ അന്നത്തെ ട്രെയിൻ യാത്രയേപ്പറ്റിയുള്ള ഓർമ്മ വായനക്കാരുമായി പങ്കുവയ്ക്കുകയാണ്. അങ്ങ് വടക്കേയിന്ത്യയിലെ ഒരു പിന്നോക്ക സംസ്ഥാനത്തിന്റെ ഉൾഗ്രാമത്തിൽ ജോലി ചെയ്യുന്ന പേരമ്മയുടെ മക്കളുടെ അടുത്തേക്ക്. പത്താംക്ലാസ്സും, ടൈപ്പും ഷോർട്ട്ഹാന്റും അന്നത്തെ സാധാരണക്കാരന്റെ ഉന്നത വിദ്യാഭ്യാസം- പഠിച്ചു പാസായി നില്ക്കുന്ന എന്നെ ഇത്തവണ കൂടെ കൊണ്ടു പോകാമെന്ന് അവധിക്കു വന്നിരിക്കുന്ന അവർ ഏറ്റിരിക്കുകയാണ്. കൂടെ കൊണ്ടു പോയാൽ വലിയ തലവേദനയാകില്ല എന്നുറപ്പുള്ളവർക്കായിരുന്നു അന്നൊക്കെ ഇങ്ങനെയുള്ള വിസാ കിട്ടുവാൻ മുൻഗണനയുണ്ടായിരുന്നത്. എന്തിന് എവിടേയ്ക്ക് പോകുന്നുവെന്ന് വ്യക്തമായ ഒരു രൂപമില്ലായിരുന്നുവെങ്കിലും ശുഭാപ്തി വിശ്വാസമായിരുന്നു മനസ് മുഴുവൻ. പതിറ്റാണ്ടുകൾക്കു ശേഷം ഇന്ന് പുറകോട്ട് തിരിഞ്ഞു നോക്കുമ്പോൾ, പകൽ മേഘസ്തംഭമായും രാത്രി അഗ്നിത്തൂണായും കൈയ്ക്കു പിടിച്ചു നടത്തിയ ദൈവകൃപയുടെ എത്രയെത്ര ചൂടുള്ള അനുഭവങ്ങൾ സ്മൃതിപഥത്തിൽ ഓടിയെത്തുന്നു.

നാടുവിടുന്ന ദിവസം സമാഗതമായി. വേർപാടിന്റെയും യാത്രയയപ്പിന്റെയും നിമിഷങ്ങൾ. ഇന്നത്തെപ്പോലെ സ്യൂട്ട് കെയിസുകളും ബ്രീഫ്കെയിസുകളുമൊന്നും സുലഭമല്ലായിരുന്ന കാലം. നേരത്തേ വാങ്ങി സൂക്ഷിച്ചിരുന്ന തകരപ്പെട്ടിയിൽ കൊണ്ടു പോകുവാനുള്ള സാധനങ്ങളൊക്കെ പ്രാർത്ഥനയോടെ അടുക്കി വച്ചു. പെട്ടി വാങ്ങിച്ചതിന്റെ പിന്നിൽ ഒരു കഥയുണ്ട്. ജന്മസ്ഥലമായ മല്ലപ്പള്ളിയിലുള്ള ഒരു കടയിൽ പോയി പെട്ടി വാങ്ങുവാൻ ഇടപാടുകൾ നടന്നതാണ്. 32 രൂപാ വില. അപ്പോഴാണ് നേരത്തേ വിസാ കിട്ടി ഇതേ പോലെ നാടുവിട്ട നാട്ടുകാരന്റെ ആൾക്കാർ ഇതേ തരം പെട്ടി 28 രൂപയ്ക്ക് തിരുവല്ലയിലെ ഒരു കടയിൽ നിന്നും വാങ്ങിയതറിയുന്നത്. അങ്ങനെ നാലു രൂപ ന്യൂനം വണ്ടിക്കൂലി അറുപതു പൈസാ ലാഭത്തിനു വാങ്ങിയ പെട്ടിയിലാണ് മേല്പറഞ്ഞ സാധനങ്ങൾ അടുക്കി വച്ചത്. അനുഭവസ്ഥർ ഉപദേശിച്ചതനുസരിച്ച് പെട്ടിമേൽ പെയിന്റേക്കൊണ്ട് പേരുമെഴുതിപ്പിച്ചു. വർഷങ്ങൾ പലതു കഴിഞ്ഞിട്ടും ആ പെട്ടി ഒരു പൂജ്യവസ്തുവായി ഇന്നും സൂക്ഷിച്ചിട്ടുണ്ട്.

വീട്ടിൽ നിന്നും ഇറങ്ങുന്നതിനു മുമ്പ് എല്ലാവരും കൂടി പാട്ടുപാടി, ഒരാൾ പ്രാർത്ഥിച്ചു, ഒരപ്പച്ചൻ ആശിർവാദം പറഞ്ഞു. നല്ലതു വരട്ടെയെന്നു പറഞ്ഞ് ചാർച്ചക്കാരൊക്കെ അനുഗ്രഹിച്ചു. ദൈവം കരുതിക്കൊള്ളും, ഞങ്ങൾ പ്രാർത്ഥിയ്ക്കാം എന്നൊക്കെ സമാശ്വസിപ്പിച്ച് യാത്രയയച്ചു. ജനിച്ചുവളർന്ന ഭവനത്തോടും, ദേവാലയത്തോടും, മാതാപിതാക്കളോടും എല്ലാം വിട പറഞ്ഞുകൊണ്ട് അബ്രാം പിതാവിനെപ്പോലെ വിളിച്ചവൻ വിശ്വസ്തനെന്ന പ്രത്യാശയിൽ ഒരു യാത്ര ആരംഭിയ്ക്കുന്നു. അവിസ്മരണീയമായ കന്നിയാത്ര! തിരുവല്ലാ റെയിൽവേസ്റ്റേഷനിൽ നിന്നും അങ്ങു രാജസ്ഥാനിലെ ഒരുൾഗ്രാമത്തിലേക്ക്!!

മല്ലപ്പള്ളിയിൽ നിന്നും തിരുവല്ലാ വരെയുള്ള യാത്ര ഇന്നത്തെപ്പോലെ സുഗമമായിരുന്നില്ല അന്ന്. റോഡ് ടാർ ചെയ്തിരുന്നില്ല. പ്രൈവറ്റു ബസുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. കാർ യാത്ര സാധാരണക്കാരന്റെ പരിധിക്കപ്പുറമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ബസിനു വേണം തിരുവല്ലായിലെത്തുവാൻ. ഒരു വിധത്തിൽ റെയിൽവേസ്റ്റേഷനിലെത്തി എന്നു പറഞ്ഞാൽ മതിയല്ലോ. കേരളത്തിനു പുറത്തുള്ള മിക്ക റെയിൽവേ സ്റ്റേഷനുകളുമായി തട്ടിച്ചു നോക്കുമ്പോൾ ഇന്നും വികസനം കാത്തു കിടക്കുന്ന തിരുവല്ല റെയിൽവേ സ്റ്റേഷന്റെ അന്നത്തെ അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. ലോകത്തിലെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷൻ തിരുവല്ലയാണെന്ന് ധരിച്ചു വച്ചിരുന്ന ഞാൻ അന്നാണ് സത്യത്തിൽ ട്രെയിൻ അടുത്തു കാണുന്നതും അതിൽ ആദ്യമായി കയറുന്നതും. പുതിയ തലമുറ ഇതൊക്കെ വായിക്കുമ്പോൾ അത്ഭുതപ്പെട്ടേക്കാം.

വടക്കേഇന്ത്യയുടെ ഏതു ഭാഗത്തേക്കും ഇന്ന് കേരളത്തിൽ നിന്നും നേരിട്ട് ട്രെയിൻ സർവീസുണ്ട്. 48 മണിക്കൂറിനകത്തുള്ള യാത്ര. അന്ന് സ്ഥിതി അതല്ലായിരുന്നു. ആറു ട്രെയിനുകൾ മാറി അഞ്ചാമത്തെ ദിവസമാണ് രാജസ്ഥാനിലെ

**തീയിൽ വിരിഞ്ഞ ലിഖിതങ്ങൾ**
**സി. എസ്.ജോർജ് കോടുകുളഞ്ഞി.**

മല പുകഞ്ഞു
പിന്നെ കത്തി
തീനാവുകൾ മിന്നലായി
ഇടിയായി പെയ്ത്
മലയിളകിയാടി
കരിങ്കല്ലുകൾ എഴുത്തുപലകകളായി
തീ അതിൽ പടർന്നു
കത്തി തീർന്നപ്പോൾ
ലിഖിതങ്ങൾ, ദൈവലിഖിതങ്ങൾ
കയ്യൊപ്പോടു കൂടിയത്
അത് നെഞ്ചോട് ചേർത്തടുക്കി
മലയിറങ്ങി സീനായിൽ നിന്നു
മന്ന ഭക്ഷിച്ച് ചുവടുമറന്ന്
ആടുന്നവർക്കായി
അതുമായി വേഗം നടന്നു.
ചെങ്കടൽ കടന്നവർക്കായി
ഫറവോന്റെ ഇടിയും തൊഴിയും
കിട്ടിയവർക്കായി
കാള കുട്ടിയ്ക്ക് ചുറ്റും നൃത്തമാടുന്ന
വർക്കായി
മെല്ലെ മെല്ലെ കുത്തേനേയുള്ള
മലയിറങ്ങി
ആരവാരം കേട്ട ദിക്കു നോക്കി
ശക്തിയായി അതെടുത്തെറിഞ്ഞ്
പാറയിൽ വീണ് തകരുന്ന
ശബ്ദം കേട്ടു
ചീവീടുകൾ നരച്ചീറുകൾ
ആർത്തു കരഞ്ഞു

ത്തുക. വെള്ളപ്പൊക്കവുമൊക്കെയുണ്ടാകുമ്പോൾ യാത്ര ആഴ്ചകളോളം നീണ്ടിട്ടുള്ള കഥകൾ അനുഭവസ്ഥർ വിവരിച്ചിട്ടുണ്ട്. നമുക്ക് ട്രെയിൻ യാത്ര ആരംഭിക്കേണ്ട തിരുവല്ല റെയിൽവേ സ്റ്റേഷനിലേക്ക് തിരിച്ചു വരാം. ആകെ ആൾക്കൂട്ടവും ബഹളവും. പെട്ടെന്ന് മണിയടി ശബ്ദം കേട്ടു. എല്ലാവരും നിശബ്ദരായി. നമുക്കു പോകാനുള്ള ട്രെയിൻ ചെങ്ങന്നൂരിൽ നിന്നും വിട്ടിരിക്കുന്നു. ആരോ പറഞ്ഞ എന്തോ അതിശയം നടക്കുവാൻ പോകുന്ന വിധം എല്ലാവരും ആ ദിക്കിലേക്ക് വിസമയത്തോടെ നോക്കി നിന്നു. ട്രെയിൻ അടുത്തുകാണുവാനുള്ള സുവർണ്ണാവസരമാണ് പലർക്കും. യാത്രക്കാർ തങ്ങളുടെ പെട്ടിയും കെട്ടുകളുമൊക്കെ അടുപ്പിച്ചു വയ്ക്കുവാൻ തുടങ്ങി. അതാ പുക തള്ളി, ചൂളം വിളിച്ച്, ജഗവീരനെപ്പോലെ ട്രെയിൻ വരുന്നു. സത്യത്തിൽ ഭയം തോന്നി. പ്ലാറ്റ്ഫോറം വിറപ്പിച്ചു കൊണ്ട് അലമുറയിട്ടു വന്ന ട്രെയിൻ അവിടെ നിന്നെങ്കിലും എന്റെ ഹൃദയമിടിയ്ക്കുന്നത് നന്നായി കേൾക്കാമായിരുന്നു. യാത്രക്കാരുടെയും, യാത്രയയ്ക്കുവാൻ വന്നവരുടെയും കൂലിക്കാരുടെയുമെല്ലാം കൂട്ടായ പരിശ്രമത്താലും ശ്രമദാനത്താലും എല്ലാവരും ഒരു വിധത്തിൽ ട്രെയിനിൽ കയറിപ്പറ്റി. കമ്പാർട്ടുമെന്റിനകത്തായപ്പോൾ, മുതിർന്നവർ ആദ്യം കൂടെയുള്ളവരുടെയും, പിന്നീട് പെട്ടികളുടെയും കെട്ടുകളുടെയുമെല്ലാം എണ്ണമെടുത്തു തിട്ടപ്പെടുത്തുന്നതു കണ്ടു. വീണ്ടും മണിയടി ശബ്ദം കേട്ടു. ട്രെയിൻ ഉടനെ വിടുമെന്നുള്ള സൂചന. നിറകണ്ണുകളോടെ ഞാൻ പുറത്തേക്കു നോക്കി. ഒന്നും വ്യക്തമായി കാണുവാൻ സാധിച്ചില്ല. പുതിയൊരു ലോകത്തേക്കു ജനിച്ചു വീഴേണ്ട ശിശു മാതാവിന്റെ ഉദരത്തിൽ നിർഭയമായി വസിക്കുന്നതുപോലെ ദൈവം കരുതിക്കൊള്ളാമെന്നുള്ള പ്രത്യാശയിൽ ദുഖം കടിച്ചമർത്തി എല്ലാവർക്കും ടാടാ പറഞ്ഞ് ഞാൻ നിശ്ചലനായി നിന്നു.

തിരുവല്ലായിൽ നിന്നും എറണാകുളത്തിറങ്ങണം. അവിടെ നിന്നും ടാക്സി പിടിച്ച് കൊച്ചീയ്ക്ക് പോകണം. അവിടെ നിന്നും പുറപ്പെടുന്ന ട്രെയിനിൽ ആർക്കോണത്തിറങ്ങണം. ആർക്കോണത്തു നിന്നും ദാദറിനുള്ള വണ്ടിയിൽ കയറണം. ടാക്സി പിടിച്ച് ദാദറിൽ നിന്നും പിന്നീട് സെൻട്രൽ സ്റ്റേഷനിലേക്ക് പോരണം. അവിടെ നിന്നുമാണ് അഹമ്മദാബാദിനുള്ള ട്രെയിൻ പുറപ്പെടുന്നത്. കടുകെണ്ണയിൽ പലഹാരങ്ങളൊക്കെ വറുത്തെടുക്കുന്നതിന്റെ മനംമടുപ്പിക്കുന്ന രൂക്ഷഗന്ധം അഹമ്മദാബാദ് സ്റ്റേഷന് അടുത്തെത്തിയപ്പോൾ അനുഭവപ്പെട്ടത് ഇപ്പോഴും മനസ്സിൽ മായാതെ നില്ക്കുന്നു.

അഹമ്മദാബാദിൽ നിന്നും അടുത്ത ട്രെയിൻ കയറി മാർവാഡ് ജംഗ്ഷനിലിറങ്ങണം. അന്നൊക്കെ ഉപ്പുരസമുള്ള വെള്ളമേ രാജസ്ഥാനിൽ കുടിയ്ക്കാൻ കിട്ടുമായിരുന്നുള്ളൂ. ഇന്നത്തെപ്പോലെ മിനറൽ വാട്ടറൊന്നും അന്നു സുലഭമായിരുന്നില്ല. ട്രെയിനെല്ലാം മീറ്റർഗേജിലായിരുന്നു. കാലം മാറി. ഇന്ന് മിക്കയിടത്തും ഗേജു പരിവർത്തനം നടന്നു കഴിഞ്ഞു. തുടർന്നുള്ള യാത്ര കരിവണ്ടി ഇഞ്ചൻ ഘടിപ്പിച്ച ട്രെയിനിലായിരുന്നതിനാൽ യാത്രക്കാരുടെ മുഖവും വസ്ത്രങ്ങളുമൊക്കെ കറുത്തു വിരൂപമാകുവാൻ തുടങ്ങി. ആദ്യമായി കേരളം വിടുന്ന പയ്യൻ എന്നുള്ള ആനുകൂല്യത്തിൽ, കൊണ്ടുവന്ന ചാർച്ചക്കാരുടെ പരിലാളതയിലും സംരക്ഷണയിലും ചന്ദ്രനിലേക്കുള്ള ബഹിരാകാശയാത്രികനേപ്പോലെ നിശ്ചലനായിരുന്നു ഞാൻ കാഴ്ചകൾ കണ്ടുകൊണ്ടിരുന്നു. അവിസ്മരണീയമായ അനുഭവങ്ങൾ! അങ്ങനെ മാർവാഡ് ജംഗ്ഷനിൽ വന്നുചേർന്നു. ഉപ്പുവെള്ളത്തിന്റെ രുചിയുള്ള ചായ അവിടെനിന്നും കുടിച്ചത് ഇന്നുമോർക്കുന്നു. ലക്ഷ്യസ്ഥാനത്തെത്തുവാൻ ഒരു ട്രെയിൻ കൂടി മാറിയാൽ മതിയെന്ന് കൂടെയുള്ളവരുടെ സംസാരത്തിൽ നിന്നും മനസ്സിലായി. അന്നത്തെ മലയാളികളുടെ സാഹസികമായ ട്രെയിൻ യാത്ര ഇന്നത്തെ തലമുറയിലുള്ളവർക്ക് ഊഹിക്കുവാൻ പോലും ബുദ്ധിമുട്ടായിരിക്കും.

അന്നത്തെ ട്രെയിൻ യാത്രകൾക്ക് ഒരു പ്രത്യേക ഓജസുണ്ടായിരുന്നു. മുഖംമൂടിയില്ലാതെ സത്യത്തിലും സാഹോദര്യത്തിലും ഒരേ കുടുംബാംഗങ്ങളെപ്പോലെയായിരുന്നു. അധികം പേരും ഇടപെട്ടിരുന്നത്. അന്നൊക്കെ ആറും ഏഴും സഹോദരങ്ങളെങ്കിലും ഓരോ ഭവനത്തിലുമുണ്ടായിരിക്കും. തങ്ങളുൾപ്പെട്ട കുടുംബങ്ങളുടെ ഭാരം പേറുന്നവരായിരുന്നു ഓരോരുത്തരും. എല്ലാവരുടെയും ജീവിതത്തിന് ഒരു ലാക്കുണ്ടായിരുന്നു. അന്നത്തെ ഭാഷയിൽ പട്ടാളത്തിൽ ജോലി ചെയ്യുന്നവരായിരുന്നു യാത്രക്കാരിൽ നല്ലൊരു ശതമാനം. വിവിധ സംസ്ഥാനങ്ങളിൽ വൈദ്യശുശ്രൂഷാരംഗത്തു ജോലി നോക്കിയിരുന്ന എ. എൻ. എം. തുടങ്ങി മുകളിലോട്ടുള്ള വിവിധതരം നേഴ്സുമാരോ അവരുടെ ആശ്രിതരോ ആയിരുന്നു ബാക്കിയുള്ളവർ. ഉത്തരവാദിത്വങ്ങളുടെ യാഗവേദിയിൽ കുന്തിരിക്കം പോലെ പുകഞ്ഞ് മറ്റുള്ളവർക്കു വേണ്ടി ജീവിതം ബലികഴിച്ചിട്ടുള്ള പട്ടാളക്കാരും നേഴ്സുമാരും അന്നിന്റെ പ്രത്യേകതയായിരുന്നു. അവർ മുഖാന്തിരം മറുനാട്ടിൽ വന്നു ചേർന്നവരാണ് പഴയ തലമുറകളിലെ ഉദ്യോഗാർത്ഥികളിൽ അധികവും. വന്നവരൊക്കെ അവിടവിടെ പച്ച പിടിച്ച അവരുൾപ്പെട്ട കുടുംബങ്ങൾക്കും സഭകൾക്കും സമുദായങ്ങൾക്കും താങ്ങും തണലുമായി പ്രശോഭിയ്ക്കുന്ന കാഴ്ച സന്തോഷപ്രദമാണ്. അവരുടെയൊക്കെ രണ്ടാമത്തെയും മൂന്നാമത്തെയും തലമുറകളിൽ പലരും വിവിധ തലങ്ങളിൽ ഇന്ന് മറുനാട്ടിൽ ഉന്നത പദവികൾ അലങ്കരിക്കുന്നുണ്ട്. നാടിളക്കി മാൻപേടയേപ്പോലെ ഓടിക്കൊണ്ടിരുന്ന പണ്ടത്തെ തീവണ്ടികളും റിസർവേഷനോ മറ്റു സൗകര്യങ്ങളൊന്നുമില്ലാതെ അതിൽ സഞ്ചരിച്ചിരുന്ന മൂന്നാം ക്ലാസ് യാത്രക്കാരും ഇന്ന് ചരിത്രത്തിന്റെ ഭാഗമായിപ്പോയി. ●

---

## *സത്യമായ സത്യം*

*ഒരു നമ്പൂതിരി തന്റെ കേസു വാദിക്കുവാനായി വക്കീലിനെ സമീപിച്ചു. വിവരങ്ങൾ കേട്ട ശേഷം വക്കീൽ പറഞ്ഞു : തിരുമേനി സത്യം മാത്രം പറഞ്ഞാൽ ഈ കേസിൽ തിരുമേനി ജയിക്കുകയില്ല കുറച്ചു കള്ളം പറയേണ്ടി വരും.*

*എന്നാൽ കള്ളം പറയുവാൻ നമ്പൂതിരി തയ്യാറായില്ല. കക്ഷിയെ നഷ്ടപ്പെടരുതല്ലോ എന്നു കരുതി വക്കീൽ പറഞ്ഞു എന്നാൽ തിരുമേനി ഒരു കള്ളം മാത്രം പറഞ്ഞാൽ മതി. അതു ഞാൻ പറഞ്ഞു തരാം.*

*തീരെ മനസ്സില്ലാതെയാണെങ്കിലും ഒടുവിൽ ഒരു കള്ളം മാത്രം പറഞ്ഞ് രക്ഷപ്പെടാം എന്നു നമ്പൂതിരി സമ്മതിച്ചു.*

*നമ്പൂതിരിയെ വിസ്തരിക്കുന്നതിന് കൂട്ടിൽ കയറ്റി നിർത്തി, സത്യപ്രസ്താവന ചെയ്യിച്ചു. ഞാൻ സത്യം മാത്രമേ ബോധിപ്പിക്കൂ. ബോധിപ്പിക്കുന്നതെല്ലാം സത്യമായിരിക്കും എന്നെല്ലാമുള്ള സത്യവാചകം ഏറ്റു ചൊല്ലിയശേഷം കോടതിയിൽ ഇരിക്കുന്ന തന്റെ വക്കീലിനോട് നമ്പൂതിരി ചോദിച്ചു*

*ഇനി എങ്ങനെയാടോ താൻ പഠിപ്പിച്ച കള്ളം ഞാൻ കോടതിയിൽ പറയുന്നത്.*

*നമ്പൂതിരിയ്ക്ക് സത്യം ജീവിതത്തിന്റെ ഭാഗമായിരുന്നു.*

***ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്തം വലിയമെത്രാപ്പോലീത്ത***

# ഭൂമിയുടെ കഥ - ഒരു പച്ചക്കാഴ്ച

**സാബു ഐസക് ആവണീശ്വരം**
**(മാർത്തോമ്മാ വൈദിക സെമിനാരി)**

പച്ച കണ്ണടയിലൂടെ മന:പൂർവ്വമായ നോട്ടമാണ് പച്ചക്കാഴ്ച. സ്വാഭാവികമായ നോട്ടത്തിലൂടെ ചിതറിയ കാഴ്ചകൾ ലഭിക്കുമ്പോൾ നിയതമായ കാഴ്ചപ്പാടുകളോടു കൂടിയ നോട്ടത്തിലൂടെ ശക്തവും വ്യക്തവും വ്യത്യസ്തവുമായ ദർശനങ്ങൾ രൂപപ്പെടുന്നു.

ഉല്പത്തി പുസ്തകത്തിലെ രണ്ട് സൃഷ്ടികഥകളും (ഉല്പ 1:2:4(9), 2:4(ബി)-3:24) യിസ്രായേൽ ജനതയുടെ വിശ്വാസത്തിന്റെ കാവ്യാത്മകമായ പ്രഖ്യാപനങ്ങളാണ്. ഇവ രണ്ടും ലോകത്തിൽ മനുഷ്യന്റെ സ്ഥാനം നിർണയിക്കുന്നതിനും പ്രപഞ്ചത്തിന്മേലുള്ള ദൈവത്തിന്റെ പരമാധികാരം പ്രഖ്യാപിക്കുന്നതിനും വേണ്ടിയുള്ളതാണ്.

പരമ്പരാഗത ശൈലിയിലുള്ള വായനയിലുടെ സൃഷ്ടികഥയിൽ നിന്നും ചില പാരിസ്ഥിതിക ദർശനങ്ങൾ പ്രകടമാകുന്നുണ്ടെങ്കിൽ തന്നെയും പാരിസ്ഥിതിക വീക്ഷണത്തിലുള്ള വായന ഇന്ന് കൂടുതൽ സംഗതമായിത്തീർന്നിട്ടുണ്ട്. ഇത്തരം ഹരിത ദർശനത്തിൽ ഭൂമിയെയും ദൈവത്തെയും സൃഷ്ടികഥയിലെ സുപ്രധാന കഥാപാത്രങ്ങളായി മനസ്സിലാക്കുന്നു.

### നന്മ നിറഞ്ഞ ഭൂമി

നോർമൽ സി. ഹേബലിനെ പോലെയുള്ളവർ സൃഷ്ടികഥയെ (1:1-25) ഭൂമിയുടെ വെളിപ്പാടായിട്ടാണ് മനസ്സിലാക്കുന്നത് geopgaby manifestation / rerelation of earth ആദ്യത്തെ സൃഷ്ടി വിവരണത്തിൽ ഏഴ് ദിവസം കൊണ്ട് ഭൂമി അതിന്റെ പൂർണതയിൽ വെളിപ്പെടുന്നതായി വർണ്ണിക്കുന്നു.

ഇത്തരം വായനകളിൽ കെയോസ് പുനർ നിർവ്വചിക്കപ്പെടുന്നുണ്ട്. പരമ്പരാഗതമായി പാഴും ശൂന്യവും, ആഴം, ഇരുൾ എന്നീ പ്രയോഗങ്ങളെ ഭൂമിയുടെ ക്രമരഹിത വ്യവസ്ഥിതിയുടെ പര്യായമായി ഉപയോഗിക്കാറുണ്ട്. എന്നാൽ യശയ്യ 45:18 Tohu എന്ന ഏബ്രായ പദം ജീവജാലങ്ങൾ ഇല്ലാത്തത്, ആൾതാമസമില്ലാത്തത് എന്നീ അർത്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന് ശ്രദ്ധേയമാണ്. Tohu wabohu എന്ന പദം ആവാസ വ്യവസ്ഥിതിയാകുന്നതിനു മുമ്പുള്ള ഭൂമിയുടെ അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. ഈ ആശയത്തിന്റെ ശക്തീകരണം രണ്ടാമത്തെ സൃഷ്ടി കഥയിൽ വിശദീകരിക്കുന്നത് ...ചെടി ഭൂമിയിൽ ഉണ്ടായിരുന്നില്ല.... സസ്യം ഒന്നും മുളച്ചിരുന്നില്ല....(2:4) എന്നാണ്.

അതുകൊണ്ട് പാഴും ശൂന്യവുമായ ഭൂമി എന്നത് കൊണ്ട് നശിച്ച ഭൂമി എന്ന അർത്ഥമില്ല, ജീവന്റെ സാദ്ധ്യതകൾ ഉള്ളിൽ വഹിച്ചിരുന്നതും എന്നാൽ പൂർണമായി അത് വെളിപ്പെടുത്താതെയുമിരുന്നതുമായ ഭൂമി എന്ന അർത്ഥമാണ് ഇവിടെ ഏറ്റവും ഉചിതം. ഒരു മുട്ടയ്ക്കുള്ളിലെ ജീവൻ പോലെ സമൃദ്ധമായിരുന്നു. ഭൂമിയിലെ ജീവന്റെ സാദ്ധ്യതകളും.

സൃഷ്ടി കഥയിലൂടെ മറഞ്ഞിരുന്ന ജീവന്റെ സാദ്ധ്യതകളുടെ ക്രമീകൃതമായ വെളിപ്പെടലാണ് വിവരിച്ചിരിക്കുന്നത്. ഒന്നാം ദിവസം വെളിച്ചം ഉണ്ടായി എന്നത് തന്നെ ഈ വെളിപ്പെടലിനെ ആലങ്കാരികമായി വർണ്ണിക്കുന്നതിനാണ്. എന്നാൽ ഈ ഭൂമിയുടെ (അഥവാ പ്രപഞ്ചത്തിന്റെ) കഥയിൽ വെളിച്ചത്തെ നന്മയുടെയും ഇരുളിനെ തിന്മയുടെയും പ്രതീകമായി അവതരിപ്പിച്ചിട്ടില്ല എന്ന് ഓർക്കണം. ഇവ രണ്ടും ദൈവം നല്ലതെന്നു കണ്ട സമാന്തരങ്ങളായ യാഥാർത്ഥ്യങ്ങളാണ് (1:30).

### ദൈവത്തിന്റെ ഭൂമിയും മനുഷ്യവാഴ്ചയും

യഹൂദ മത പാരമ്പര്യത്തിൽ ഭൂമിയുടെ ദൈവശാസ്ത്രം വളരെ പ്രധാനമാണ്. അതനുസരിച്ച് ദൈവം ഭൂമിയുടെ ഉടമസ്ഥനുമാണ്. എന്നാൽ ഭൂമിക്കുമേൽ വാഴുന്ന മനുഷ്യൻ (1:26,27) എന്ന പ്രയോഗം സൃഷ്ടികഥയിൽ ഉപയോഗിച്ചിരിക്കുന്നത് തെറ്റദ്ധരിക്കപ്പെട്ടിട്ടുണ്ട്. അതിന് ഉപയോഗിച്ചിരിക്കുന്ന റാദാഹ് എന്ന എബ്രായ പദത്തിന് ഭരിക്കുക, മേധാവിയാകുക, അധികാരിയാകുക എന്നൊക്കെയാണ് അർത്ഥം എന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ ഈ മേധാവിത്വം നൽകപ്പെട്ടിരിക്കുന്നത് ദൈവസാദൃശ്യത്തിലും സ്വരൂപത്തിലും ആയിരുന്ന മനുഷ്യർക്കാണ്. ഇത് ദൈവം നിർമ്മിച്ച ജീവൽ ക്രമത്തെ പരിപാലിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമാണ് (1:26).

എന്നാൽ ദൈവത്തെ ധിക്കരിച്ചതുകൊണ്ടുള്ള മനുഷ്യന്റെ ഇടപാടുകൾ ഭൂമിയ്ക്ക് ശാപമായി മാറി. എന്നാൽ ഭൂമി

*Cont...18*

### അഭ്യർത്ഥന

കഴിഞ്ഞ പതിനേഴ് വർഷമായി വായനക്കാരുടെ നിർല്ലോപമായ സഹായ സഹകരണങ്ങൾ ലഭിച്ചതു കൊണ്ട് മികച്ച രീതിയിൽ നടത്തി വരുന്ന ഒരു ക്രിസ്തീയ പ്രസിദ്ധീകരണമാണ് ന്യൂ വിഷൻ. സഭാ വ്യത്യാസമില്ലാതെ ക്രൈസ്തവർക്ക് കൂടി വരുവാനും ആശയങ്ങൾ കൈമാറുവാനും വേദിയൊരുക്കുന്ന ഒരു നൂതന എക്യുമിനിക്കൽ പ്രസിദ്ധീകരണം. ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ ഏറ്റവും മുൻ പന്തിയിൽ നില്ക്കുന്ന ഈ പ്രസിദ്ധീകരണം സാമ്പത്തിക ബാദ്ധ്യതയില്ലാതെ തുടർന്നും നടത്തുവാൻ നിങ്ങളുടെ സഹായം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ വരിസംഖ്യ കൊണ്ട് മാത്രം നടത്തുവാൻ പ്രയാസമായതിനാൽ താഴെപ്പറയുന്ന കാര്യങ്ങളിൽ നിങ്ങളുടെ സഹായം ഞങ്ങൾ അഭ്യർത്ഥിക്കട്ടെ.

1) വരിസംഖ്യ കുടിശ്ശികയായിട്ടുണ്ടെങ്കിൽ ദയവായി ഉടനെ അയച്ചു കൊടുക്കുക. ദയവായി മേൽവിലാസം ശ്രദ്ധിക്കുക. വരിസംഖ്യ ഏതു വർഷം വരെ തന്നിട്ടുണ്ട് എന്നതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
2) താങ്കളുടെ സുഹൃത്തുക്കളെ കൂടി ഈ മാസിക പരിചയപ്പെടുത്തി വരിക്കാരാക്കുവാൻ ശ്രമിക്കുക
3) ഈ ശുശ്രൂഷയ്ക്കു ദശാംശത്തിൽനിന്നും ഒരു പങ്കു സംഭാവനയായി അയച്ചു തരുന്നവരുമുണ്ട്. അങ്ങനെയും ഈ ശുശ്രൂഷയിൽ നിങ്ങൾക്ക് ഭാഗഭാക്കാകാം. സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

കർത്തൃശുശ്രൂഷയിൽ

**മോസ്റ്റ് റവ.ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്തം**
**വലിയ മെത്രാപ്പോലിത്ത (Patron)**

**റൈറ്റ് റവ ഡോ.സാം മാത്യു (ചെയർമാൻ)**

[redacted]

# നിങ്ങൾ ജാഗരൂകരായിരിക്കുവിൻ

സിസ്റ്റർ ശോഭ

**ജാ**ഗ്രത മനുഷ്യനു സഹജമായ ഒരു ഗുണമല്ലാത്തതിനാലാകണം നിങ്ങൾ ജാഗരൂകരായിരിക്കുവിൻ എന്നു നിരന്തരം ക്രിസ്തു ഓർമിപ്പിച്ചു കൊണ്ടിരുന്നത്. അവസാന നാളുകളിൽ ക്രിസ്തു ഏറ്റവും കൂടുതൽ വാചാലമായതും നമ്മൾ പുലർത്തേണ്ട ജാഗ്രതയെക്കുറിച്ചാണ്. യോഹന്നാന്റേതൊഴികെയുള്ള മൂന്നു സുവിശേഷങ്ങളിലും ജനങ്ങളോടുള്ള ക്രിസ്തുവിന്റെ ഒടുവിലത്തെ പാഠങ്ങൾ നിങ്ങൾ സദാ ജാഗരൂകരായിരിക്കുവിൻ എന്ന ഓർമപ്പെടുത്തലോടെയാണ് അവസാനിക്കുന്നത്. പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ എന്നാണ് ശിഷ്യരോടുള്ള അവസാനത്തെ ആഹ്വാനവും. ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥന സംഗ്രഹിക്കുന്നതും അങ്ങനെയൊരപേക്ഷയോടെ തന്നെയാണല്ലോ. നിരപ്പായ വഴിയിലും അമിതമായ ആത്മവിശ്വാസമരുതെന്നൊക്കെ പറഞ്ഞാണ് പഴയ നിയമം നമ്മെ ജാഗരൂകരാക്കുന്നത്.

ഒരായിരം കാര്യങ്ങളെക്കുറിച്ച് നിങ്ങൾ സൂക്ഷിക്കുവിൻ എന്ന് ക്രിസ്തു ഓർമപ്പെടുത്തുമ്പോൾ നിങ്ങളിലെ വെളിച്ചം ഇരുളാകാതിരിക്കുവാൻ സൂക്ഷിക്കുവിൻ (ലൂക്ക 11/35) എന്ന മുന്നറിയിപ്പാണ് നാം ഏറ്റവും കാര്യമായിട്ടെടുക്കേണ്ടതെന്ന് തോന്നുന്നു. നന്മയ്ക്കും തിന്മയ്ക്കും ഇടയിലെ വരമ്പ് വഴുക്കുന്നതാണെന്നു മാത്രമല്ല, വല്ലാത്ത നേർത്തതുമാണ്. വെളിച്ചം ഇരുണ്ടു പോയാലുണ്ടാകുന്ന അന്ധകാരം ഭയാനകമായിരിക്കുമെന്നും ക്രിസ്തു ഓർമപ്പെടുത്തുന്നുണ്ട്. പിന്നെ, ഗുരുക്കന്മാരുടെ മുന്നറിയിപ്പുകൾക്കോ താക്കീതുകൾക്കോ നമ്മെ വീണ്ടെടുക്കാനായെന്നു വരില്ല. ബൈബിളിലെ ഏറ്റവും വലിയ ആ ദുരന്തകഥാപാത്രത്തെപ്പോലെ. താൻ തന്നെയാണ് പ്രകാശം എന്നു പറഞ്ഞ വെളിച്ചത്തിന്റെ ആ മഹാപ്രഭുവായിരുന്നു അയാളുടെ ഗുരു. എന്നിട്ടും, തന്റെ കാപട്യം കൊണ്ട് അയാൾ ക്രിസ്തിവിനെതിരെ ഹൃദയം അടച്ചു പിടിച്ചു. ദരിദ്രരോടുള്ള അനുകമ്പ എന്ന മട്ടിലായിരുന്നു യൂദാസ് ഒരിക്കൽ തന്റെ കള്ളത്തരം മറച്ചു പിടിച്ചത്. വിലപിടിപ്പുള്ള സുഗന്ധദ്രവ്യം കൊണ്ട് ഒരു സ്ത്രീ ക്രിസ്തുവിനെ അഭിഷേകം ചെയ്യുന്നതു കണ്ടപ്പോഴായിരുന്നല്ലോ അത്. എന്തുകൊണ്ട് ഈ തൈലം മുന്നൂറു ദനാറയ്ക്കു വിറ്റ് ദരിദ്രർക്കു കൊടുത്തില്ല അവനിത് പറഞ്ഞത് ദരിദ്രരോട് പരിഗണയുണ്ടായിരുന്നതു കൊണ്ടല്ല. പ്രത്യുത അവനൊരു കള്ളനായിരുന്നതു കൊണ്ടും പണസഞ്ചി അവന്റെ കയ്യിലായിരുന്നതു കൊണ്ടും അതിൽ വീഴുന്നതിൽ നിന്ന് അവൻ എടുത്തിരുന്നതു കൊണ്ടുമാണ് എന്ന് സുവിശേഷം രേഖപ്പെടുത്തുന്നു (യോഹ 12/4-6). സ്നേഹത്തിന്റെ ഉദാത്ത പ്രകടനമായ ചുംബനത്തെ ഒറ്റിക്കൊടുക്കാനുള്ള അടയാളമാക്കി അയാൾ. അയാളെക്കുറിച്ച്, അവൻ ജനിക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നെന്ന് ക്രിസ്തു നെടുവീർപ്പിട്ടത്. നിങ്ങളുടെ നന്മ തിന്മയായി നിന്ദിക്കപ്പെടാനികയാകരുതെന്ന് പൗലോസ്ശ്ലീഹായും പലവട്ടം ഓർമ്മിപ്പിക്കുന്നുണ്ട് (റോ. 14:16, 1 കൊരി 8:9)ഒരാളുടെ വിശ്വാസവും ബോധ്യവുമൊന്നും വേറൊരാൾക്ക് ഇടർച്ചയ്ക്കു കാരണമാകാൻ പാടില്ല.

മതപരമായ അനുഷ്ഠാനങ്ങളിൽ കർശനമാകുമ്പോഴാണ് നന്മ തിന്മയാകാനുള്ള സാദ്ധ്യത ഏറ്റവും കൂടുതലെന്ന് തോന്നുന്നു. ദുഷ്ടനാകാൻ ഒരു നിയമവും ലംഘിക്കണമെന്നില്ല, എല്ലാ നിയവും അക്ഷരംപ്രതി പാലിച്ചാൽ മതിയെന്ന് ഡിമെല്ലോ. നിയമങ്ങളൊക്കെ കൃത്യമായി അനുസരിച്ചിരുന്നവരോടു മാത്രമാണ് ക്രിസ്തു കലഹിച്ചിരുന്നുള്ളൂ എന്നത് കൗതുകമുണർത്തുന്നതാണ്, ദൈവത്തോടുള്ള തീക്ഷ്ണതയാണല്ലോ വർഗീയാഗ്നിയുടെ ഇന്ധനം. എക്കാലത്തെയും ചരിത്രം അതിനു സാക്ഷി. മിതത്വത്തെ സുകൃതം പിശുക്കിലേക്കു തെന്നിമാറാനും എത്ര എളുപ്പമാണ്.

നിയമം പാലിക്കേണ്ടതു തന്നെ. എന്നാൽ കരുണകാണിക്കുവാൻ നിയമം തടസ്സമാകുന്നെങ്കിൽ അതു ലംഘിക്കാവുന്നതേയുള്ളൂ എന്ന് ക്രിസ്തു പഠിപ്പിക്കും. അപ്പോൾ ക്രിസ്തു കരുണയുടെ പക്ഷത്തു നില്ക്കും. ഒരുപവാസനാളിൽ അവന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതെന്തെന്ന് കുറ്റപ്പെടുത്തിയവരെ ശിഷ്യന്മാരുടെ പക്ഷം പിടിച്ചു കൊണ്ട് ക്രിസ്തു നിശബ്ദരാക്കുന്നുണ്ടല്ലോ. കപ്പം കൊടുക്കാൻ ബാധ്യതയില്ലാഞ്ഞിട്ടും ശിഷ്യരെക്കൊണ്ട് കപ്പം കൊടുപ്പിക്കുന്ന ക്രിസ്തു നിയമം ലംഘിക്കാൻ വേണ്ടി മാത്രം ഉപവസിക്കാതിരുന്നതാകില്ല. ഒരു നാണയം പോലും കൈവശമില്ലാതിരുന്ന ആ ഗുരുവിന്റെ ശിഷ്യർ പലപ്പോഴും പട്ടിണിയിലായിരുന്നിരിക്കണം. വാസ്തവത്തിൽ ആരുടെയെങ്കിലും ഔദാര്യമായിരുന്നിരിക്കണം അന്നവർക്കു ലഭിച്ച വിരുന്ന്! അവർക്കു നിഷേധിക്കാൻ കരുണയുടെ ആ മഹാ ഗുരുവിനെങ്ങനെ കഴിയും? ഒരു സാബത്തിൽ ശിഷ്യന്മാർ ഗോതമ്പുകതിർ കയ്യിലിട്ടു തിരുമ്മിത്തിന്നതിനെയും അവിടുന്നു നീതീകരിക്കുന്നുണ്ട്. വിശന്നിട്ടുതന്നെയാണ് അവരങ്ങനെ ചെയ്തത്. രണ്ടു സന്ദർഭങ്ങളിലും ക്രിസ്തുവല്ല, ശിഷ്യന്മാരാണ് നിയമം ലംഘിക്കുന്നത്. ക്രിസ്തുവാകട്ടെ അവരെ തിരുത്തുന്നുമില്ല. നാല്പതു ദിനരാത്രങ്ങൾ ഭക്ഷിക്കാതെയും പാനം ചെയ്യാതെയും ശരീരത്തിന്റെ ആവശ്യങ്ങളെ ജയിച്ചടക്കിയവനാണ് ക്രിസ്തു. പക്ഷേ, അതിനു കഴിയാത്തവരെ അവൻ നിസ്സാരരെന്നു ഗണിച്ചില്ല എന്നതാണ് ക്രിസ്തുവും നമ്മളും തമ്മിലുള്ള സാരമായ വ്യത്യാസങ്ങളിലൊന്ന്. ക്രിസ്തുവിന്റെ മനസ്സുണ്ടായിരുന്നതുകൊണ്ടാണ് അസ്സീസിയിലെ ഫ്രാൻസിസ് വിശപ്പു സഹിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്ന ഒരു ശിഷ്യന് ആത്മനിന്ദതോന്നാതിരിക്കാൻ അയാളോടൊപ്പം ഭക്ഷണം കഴിച്ചു കൊണ്ട് ഉപവാസം ലംഘിച്ചത്.

ഒരു സുകൃതം ചെയ്യുമ്പോൾപോലും അതു തിന്മയായിപ്പോകാതിരിക്കാൻ നമ്മൾ ജാഗ്രത പുലർത്തേണ്ടതുണ്ട്. കഴിയുന്നിടത്തോളം അവ രഹസ്യമായി ചെയ്യുക എന്നതാണതിനൊരു പരിഹാരമായി ക്രിസ്തു നിർദേശിച്ചു തരുന്നത്. പ്രാർത്ഥിക്കുന്നതും ദാനം ചെയ്യുന്നതും ഉപവസിക്കുന്നതുമൊക്കെ ദൈവവും ഞാനും തമ്മിലുള്ള ഇടപാടായി മാത്രം അവശേഷിച്ചാൽ മതി. അല്ലെങ്കിൽ ദൈവകല്പനകൾ പത്തും തിരുസഭയുടെ കല്പനകൾ അഞ്ചും പാലിക്കുന്നുണ്ടെന്നൊക്കെ പറഞ്ഞ് നമ്മൾ, അവ പാലിക്കാത്തവരെ കണ്ട് മൂക്കത്ത് വിരൽ വച്ചാലോ? അല്ലെങ്കിൽ അവരോട് നീരസിക്കപ്പെട്ടും ക്ഷോഭിച്ചും അവരെക്കാൾ മെച്ചമാണ് എന്നൊക്കെ ചിന്തിച്ച് നമ്മൾ എല്ലാം കുളമാക്കുമെന്ന് ഈശോയ്ക്കറിയാം! ഇപ്പോൾ പള്ളിയുടെ മുന്നിൽ നിന്ന് നെഞ്ചു വിരിച്ചു പ്രാർത്ഥിച്ച ഈ ഫരിസേയനും എനിക്കുമി ടയിൽ ഒട്ടും അകലമില്ലാതായിരിക്കുന്നു. ദൈവത്താൽ നീതീകരിക്കപ്പെടാതെ....

എങ്ങനെയായിരിക്കും നമ്മുടെ വീടിന്റെ ചെറിയ പരിസരങ്ങളിൽ നന്മ തിന്മയായും വെളിച്ചം ഇരുളായുമൊക്കെ രൂപാന്തരപ്പെടുക. നിങ്ങൾ കൃത്യനിഷ്ഠയുള്ള ഒരാളായിരിക്കാം നല്ല കാര്യം . പക്ഷെ, മറ്റുള്ളവരും അങ്ങനെതന്നെയാ

*Cont...18*

ശപിക്കപ്പെട്ടിരിക്കുന്നു എന്ന് (3:17) പറയുന്നതിലൂടെ ഭൂമിയുടെ ഗുണപരമായ അപചയത്തെയല്ല സൂചിപ്പിക്കുന്നത്. ഭൂമിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ വന്ന തകർച്ചയെയാണ് സൂചിപ്പിച്ചിരിക്കുന്നത്. തോട്ടം സൂക്ഷിക്കാൻ- നിയോഗിതനായ മനുഷ്യന്റെ ചുമതല ദൈവദൂതന്മാരെ ഏൽപ്പിക്കുന്നത് ഏദനിലെ കഥയിൽ കാണാം. (3:24)ഉത്തരവാദിത്വങ്ങളിൽ നിന്നും വ്യതിചലിച്ച മനുഷ്യനിൽ നിന്നും ദൈവം ഭൂമിയെ ഏറ്റെടുക്കുകയാണ്. ദൈവിക പദ്ധതിയിൻ പ്രകാരം ദൈവസാദൃശ്യം നഷ്ടപ്പെട്ട മനുഷ്യന് സൃഷ്ടിയിന്മേൽവാഴുവാൻ അവകാശമില്ല എന്ന ഏദൻ കഥ പഠിപ്പിക്കുന്നു. എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല എന്ന യേശുവിന്റെ വാക്കുകൾ ഇതിനോട് ചേർത്ത് വായിക്കുന്നത് രക്ഷാകര ജീവിതം വ്യക്തമാകുന്നതിനു സഹായകമാണ് (യോഹ 15).

### സ്വസ്ഥമായ ആകാശവും ഭൂമിയും

സൃഷ്ടികർമ്മത്തിന്റെ പരിസമാപ്തിയിൽ ദൈവം സ്വസ്ഥമായിരുന്നു. സൃഷ്ടിയുടെ സ്വസ്ഥതയും സമഗ്രതയും സൃഷ്ടിതാവിൽ നിഴലിക്കുകയാണിവിടെ. സർവ്വവും നല്ലതായിരിക്കുമ്പോൾ മാത്രം സ്വസ്ഥമായിരിക്കുവാൻ കഴിയുന്ന ദൈവം സൃഷ്ടിയുടെ താളപ്പിഴകളിൽ എന്നും അസ്വസ്ഥനായിരുന്നു. ദൈവത്തിന്റെ ലോകത്തിൽ അതിരുകളുള്ള സ്വാതന്ത്ര്യവും ബന്ധവുമാണ് താളക്രമങ്ങ ളായി മാറുന്നത്. ഒന്നാമത്തെ സൃഷ്ടി കഥയിൽ സൃഷ്ടികൾക്ക് ഇടം നിർണയിച്ച് നൽകുന്നത് ശ്രദ്ധേയാണ്. സംതുലിതമായ ഇടങ്ങളുടെയും അതിരുകളിലധിഷ് ഠിതമായ ബന്ധങ്ങളുടെയും സമ്മേളനമാ യിരുന്നു രണ്ടാം സൃഷ്ടികഥയിലെ ഏദൻ തോട്ടം. അതിരുകൾ മറന്ന് ജീവന ഇടങ്ങൾ അതിക്രമിച്ച് കയ്യേറുന്നിടത്ത് തെറ്റുന്ന പ്രപഞ്ചത്തിന്റെ സമനില ദൈവത്തെ അസ്വസ്ഥനാക്കുന്നു. ഇവിടെ സ്വസ്ഥതയുടെ ഉത്സവമായ ശബത്ത് വിടുതലിന്റെ ഉത്സവമായി പരിണമിക്കുന്നു.(പുറപ്പാട് 20:8-11, ആവർത്തനം 5:12). ശബത്തും ജൂബിലിവർഷവും വിടുതലിന്റെ മഹോത്സമായി മാറി. അതിക്രമത്തി ന്റെയും അക്രമത്തിന്റെയും ഇടമായി തീർന്ന ലോകത്തെ പുതിയ ആകാശവും പുതിയ ഭൂമിയും ആയി രൂപാന്തരപ്പെടു ത്തുന്ന കർമ്മ പരിപാടിയായി ദൈവരാജ്യ സുവിശേഷം മാറുന്നു. സർവ്വ ജീവജാലങ്ങളുടെയും സാഹോദര്യ സൗഹൃദങ്ങളിലധിഷ്ഠിതമായ ലോകമാണ് മ്ശിഹാ (ക്രിസ്തു) ഭരണത്തിലൂടെ പ്രവാചകർ വിഭാവന ചെയ്യുന്നത് (യശയ്യ 11:6-9).ചെന്നായയും കുഞ്ഞാടും ഒരുമിച്ചു പാർക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും യഥാർത്ഥത്തിൽ ഏഴാം ദിനത്തിലെ അകനിക ചുറ്റുപാടുകളിലേക്കുള്ള തിരിച്ചു പോക്കാണ്. സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പെടലിനായി ഇറ്റുനോവോടെ കാത്തിരിക്കുന്നത്. (റോമർ 8:22) പ്രപഞ്ചത്തിന്റെ നിലനില്പിന് ഈ തിരിച്ചു പോക്ക് ആവശ്യമായതു കൊണ്ടാണ്.

### ഉപസംഹാരം :

ദൈവം നിർമ്മിച്ച പ്രപഞ്ചത്തെ മലിനമാക്കുകയും അതിരുകളെ ലംഘിച്ച് ചൂഷണം ചെയ്യുകയും ചെയ്യുന്ന ആധുനിക വ്യവസായ ലോകം മരണത്തിലേക്കുള്ള വികസനപാത നിർമ്മിച്ചു കൊണ്ടിരിക്കുകയാണ്. മലിനമായ മണ്ണും വായുവും ചൂഷണം ചെയ്യപ്പെടുന്ന കാടും കാടിന്റെ മക്കളും മനുഷ്യന്റെ പാപം വിതയ്ക്കുന്ന മരണത്തിന്റെ സാക്ഷിപത്രങ്ങളാണ്. രക്ഷിത സമൂഹം എന്ന നിലയിൽ സഭയ്ക്ക് പ്രകൃതിയുടെ വീണ്ടെടുപ്പ് ശുശ്രൂഷയിൽ നിന്നും അകന്നിരിക്കാനാവില്ല. പ്രകൃതി സംരക്ഷണം രക്ഷാകര ജീവിതത്തിന്റെ പ്രത്യക്ഷമായ അടയാളമാണ് എന്ന് നിസംശയം പറയാം.

●

---

## നിങ്ങൾ ജാഗരൂകരായിരിക്കുവിൻ

കണമെന്നു നിങ്ങൽ ശഠിക്കുന്നതോടെ കാര്യങ്ങൾ അവതാളത്തിലാകുന്നു. അതെച്ചൊല്ലി നിങ്ങൾ ക്ഷുഭിതരാകാൻ തുടങ്ങുന്നതോടെ കാര്യങ്ങൾ കുറേക്കൂടി മോശമാകുന്നു. മറ്റുള്ളവർ നിങ്ങളുടെ സാന്നിദ്ധ്യം പോലും ഒഴിവാക്കാൻ വേറെ കാരണമൊന്നും വേണ്ട കോളജടച്ചാലും ഒരവധിക്കും വീട്ടിൽ പോകാത്ത ഒരു ചെറുപ്പക്കാരൻ പറഞ്ഞ കാരണമിതാണ് വീടൊരു നരകമാണ്. ഓരോരോ ചട്ടങ്ങൾ കൊണ്ട് അപ്പൻ ശ്വാസം മുട്ടിച്ചു കൊല്ലും. ആ അപ്പൻ നാട്ടുകാർക്കൊക്കെ പ്രിയപ്പെട്ടവനും നല്ലൊരു പൊതുപ്രവർത്തകനുമാണ്. എല്ലാ കാര്യങ്ങളും കിറുകൃത്യം. പക്ഷേ അത്രയും കൃത്യത വീട്ടിലും ആവശ്യപ്പെട്ടാൽ വീട്ടിലുള്ളവർ പിന്നെ ശ്വാസം മുട്ടി മരിക്കാതെ തരമില്ലല്ലോ. വീട് അലങ്കോലപ്പെടുത്തുന്നതിന് നിരന്തരം കുഞ്ഞുങ്ങളെ ശാസിച്ചു കൊണ്ടിരിക്കുന്ന നമ്മൾ.

കുട്ടികളുടെ പഠനത്തിൽ മാതാപിതാക്കൾക്ക് ശ്രദ്ധയുള്ളത് നല്ലതു തന്നെ. പക്ഷേ അതവരിൽ അമിതമായ സമ്മർദ്ദം ഉളവാകുന്ന തരത്തിൽ സ്നേഹവും വാത്സല്യവുമൊക്കെ നിഷേധിച്ചാൽ അവരെന്തു ചെയ്യും? ബാല്യത്തിന്റെയും കൗമാരത്തിന്റെയും വർണങ്ങളും കുസൃതികളും ആഘോഷങ്ങളുമൊക്കെ എന്നന്നേക്കുമായി അവർക്ക് നഷ്ടപ്പെട്ടു പോവില്ലേ. വീട്ടിൽ നിങ്ങളില്ലാത്ത നിമിഷത്തിനു വേണ്ടി അവർ കാത്തിരിക്കാനിടവരുന്നിടത്തോളം എന്തു വലിയ ദുരന്തമാണ് നിങ്ങൾക്കു നേരിടാനുള്ളത്?

സ്നേഹമുള്ളിടത്ത് ചില ക്രമഭംഗങ്ങൾ ഉണ്ടാകണം. അത്തരം ക്രമഭംഗങ്ങളാണ് പ്രകൃതിയുടെ ക്രമംപോലും എന്നു തിരിച്ചറിയുന്നതിനു മനസ്സിലിത്തിരി വെളിച്ചമുള്ളവർക്കേ കഴിയൂ. അല്ലാത്തവർ ക്രമങ്ങൾ കൊണ്ടു തന്നെ ഉള്ളിലെ വെളിച്ചം പണ്ടേ അണച്ചു കളഞ്ഞിട്ടുണ്ടാകും. ഒരു ദ്യാനം നിർമിക്കേണ്ടതിന്റെ പ്രായോഗിക വശങ്ങളൊക്കെ ഒരു രാജാവ് പഠിച്ചത് ഒരു ഗുരുവിൽ നിന്നാണ്. ഒടുവിൽ തന്റെ മനോഹരമായ തോട്ടം കാണുന്നതിന് അദ്ദേഹം ഗുരുവിനെ ഉദ്യാനത്തിലേക്കു ക്ഷണിച്ചു. അത്യന്തം മനോഹരമായ ആ തോട്ടം കണ്ടിട്ടും ഗുരു ദു:ഖിതനായിരുന്നു. കാരണമന്വേഷിച്ച രാജാവിനോട് ഗുരു പറഞ്ഞു. ഇത് വല്ലാത്ത പരിപൂർണമായിരുന്നു. ഒരൊറ്റ ഉണക്കഇലപോലുമില്ലാത്ത തോട്ടമോ? ഇവിടെ ജീവനില്ല. ഉണക്ക ഇലകളൊക്കെ എവിടെ? ദൈവത്തിന്റെ വസ്തുക്കളൊന്നും പൂർണമല്ല. ഗുരു പുറത്തേക്കു പോയി കുറേ ഉണക്ക ഇലകൾ കൊണ്ടു വന്നു തോട്ടത്തിൽ വിതറി. എന്നിട്ടദ്ദേഹം പുഞ്ചിരിയോടെ പറഞ്ഞു. നോക്കൂ, തോട്ടം ഇപ്പോൾ എത്ര ജീവസ്സുറ്റതായിരിക്കുന്നു. ഉണക്ക ഇലകളിൽനിന്ന് ശബ്ദം പുറപ്പെടാൻ തുടങ്ങി. കാറ്റിൽ അവയുടെ സംഗീതം. ഇപ്പോൾ ഉദ്യാനത്തിനു ശ്വാസം വച്ചു. അതു പതുക്കെ സ്പന്ദിച്ചു കൊണ്ടിരുന്നു....

നമുക്കു നല്ലതെന്നു തോന്നുന്ന കാര്യങ്ങളാണ് പലപ്പോഴും നമ്മൾ മറ്റുള്ളവരുടെ മേൽ അടിച്ചേല്പിക്കാൻ ശ്രമിക്കുന്നത്. അതനുസരിക്കാൻ കടപ്പെടുന്നവരനുഭവിക്കുന്ന സമ്മർദ്ദം എന്തെന്ന് നമ്മളറിയണമെന്നില്ല.

ഒരു ഞായറാഴ്ച. തന്റെ പ്രസംഗം കേൾക്കാൻ പള്ളിയിലാകെ ഒരാളെയുള്ളൂ എന്നു കണ്ട പാസ്റ്റർക്ക് സങ്കടം വന്നു. പള്ളിയിലുണ്ടായിരുന്ന ആളൊരു ചിക്കൻ ഫാമിന്റെ ഉടമയായിരുന്നു. അയാൾ പാസ്റ്ററോട് പറഞ്ഞു. അങ്ങ് പ്രസംഗിച്ചുകൊള്ളൂ. ഒരു കോഴിയേ ഉള്ളുവെങ്കിലും ഞാനൊരിക്കലും കോഴിക്കു തീറ്റ കൊടുക്കാതിരിക്കാറില്ല. പാസ്റ്റർക്കു സന്തോഷമായി. പിന്നെ പ്രസംഗം കത്തിക്കയറി, സമയം പോകുന്നതറിയാതെ. ഒടുവിൽ പാസ്റ്റർ ആ മനുഷ്യനു നന്ദി പറഞ്ഞു, പ്രസംഗം നീണ്ടു പോയെങ്കിലും തന്നെ ക്ഷമയോടെ കേട്ടതിന്. അയാൾ വിനയത്തോടെ ഉണർത്തിച്ചു. ഞാൻ കോഴിക്കു തീറ്റ കൊടുക്കുമെന്നേ പറഞ്ഞുള്ളു. അല്ലാതെ ഉള്ളതു മുഴുവൻ അതിന്റെ വായിലേക്കു തള്ളിക്കയറ്റുമെന്നു പറഞ്ഞില്ല...!

●

മറുപുറം

# ഇനി ചട്ടങ്ങളുടെ കാലം



ഡോ. ജോസ് പാറക്കടവിൽ
എക്സിക്യൂട്ടീവ് എഡിറ്റർ

**പു**തിയൊരു ബൈബിൾ പരിഭാഷയുടെ പ്രകാശനകർമ്മം നിർവ്വഹിച്ചു പ്രസംഗിക്കവേ അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനി വാക്കുകളുടെ അർത്ഥപരിണാമത്തെക്കുറിച്ചു പറയുകയുണ്ടായി. പന്മനയിൽ ചട്ടമ്പിസ്വാമികളുടെ ജന്മദിനാഘോഷത്തിൽ തലേദിവസം പങ്കെടുത്തിരുന്ന തിരുമേനി ചട്ടമ്പി എന്ന വാക്കിന്റെ നിഷ്പത്തിയെക്കുറിച്ചു പറഞ്ഞു. ചട്ടങ്ങളിൽ ഇമ്പമുള്ളവനാണ് ചട്ടമ്പി. ക്ലാസ്സിലെ മോണിറ്റർക്ക് പണ്ട് മലയാളത്തിൽ ചട്ടമ്പി എന്നു പറഞ്ഞിരുന്നു. വിദ്യാധിരാജ സ്വാമികൾ പഠിക്കുന്ന കാലത്തു ക്ലാസ്സിൽ മോണിറ്ററായിരുന്നതു കൊണ്ട് വന്നു ചേർന്ന സ്ഥാനപ്പേര് ഇന്നും നിലനില്ക്കുന്നു.

എന്നാൽ കവലയിലെ ചട്ടമ്പിമാർ ആ വാക്കിന്റെ അർത്ഥം തന്നെ മാറ്റി മറിച്ചു. ഇപ്പോൾ ചട്ടമ്പി എന്നു കേട്ടാൽ ഒരു മലയാളിയ്ക്കും പണ്ടുണ്ടായിരുന്ന അർത്ഥം തോന്നുകയില്ല.

ചട്ടങ്ങൾ പാലിക്കേണ്ടവർ അതു ലംഘിക്കുന്നതു കൊണ്ടുണ്ടാകുന്ന വിപത്തുകളാണ് സമൂഹത്തെ പല തരത്തിൽ കുത്തി നോവിച്ചു കൊണ്ടിരിക്കുന്നത്. പാർലമെന്റംഗങ്ങളുടെ മോശമായ പെരുമാറ്റത്തെപ്പറ്റി ഏറെ ദുഃഖിക്കുകയും പലപ്പോഴും ക്ഷോഭിക്കുകയും ചെയ്ത സ്പീക്കറായിരുന്നു സോമനാഥ ചാറ്റർജി. പാർലമെന്റിലെ പെരുമാറ്റച്ചട്ടങ്ങൾ അദ്ദേഹം ഇടയ്ക്കിടെ ഓർമ്മിപ്പിച്ചെങ്കിലും ഫലമുണ്ടായിക്കണ്ടില്ല. സ്പീക്കർ പഴഞ്ചൻ മനസ്ഥിതിക്കാരനാണെന്ന് എം. പി. മാർ ഓർത്തു കാണും എന്നു മാത്രം.

കേരള നിയമ സഭയുടെ സ്ഥിതി വ്യത്യസ്തമാണ്. ഇവിടെ സംഗതികൾ വളരെ മുമ്പോട്ട് പോയി. നിയമ സഭാംഗങ്ങൾ തന്നെ അവർക്കു പെരുമാറ്റച്ചട്ടമുണ്ടാക്കി അവർ തന്നെ പാസാക്കി.

ഈ പെരുമാറ്റച്ചട്ടങ്ങളിലെ വകുപ്പുകൾ രാഷ്ട്രീയക്കാരല്ലാത്ത സാധാരണ മനുഷ്യ ജീവികൾ സ്കൂളിൽ പഠിച്ചിട്ടുള്ള സാമാന്യ മര്യാദകൾ തന്നെ. സഭയിൽ സ്പീക്കറെ വന്ദിക്കണം. സഭയിൽ മുദ്രാവാക്യം വിളിക്കരുത്. നടുത്തളത്തിലിറങ്ങരുത്. രേഖകൾ വലിച്ചു കീറരുത്. പ്രസംഗങ്ങൾ തടസ്സപ്പെടുത്തരുത്. സ്പീക്കറുടെ നിർദ്ദേശങ്ങൾ അനുസരിക്കണം എന്നിങ്ങനെയുള്ള സർവ്വസമ്മതമായ സാമാന്യ മര്യാദകൾ. ഏതു സഭയിലും സാധാരണക്കാർ പാലിക്കുന്ന ചട്ടങ്ങൾ.

എന്നാൽ പ്രസ്തുത നിയമം പാസാക്കുമ്പോഴും ബഹളം വയ്ക്കൽ, രേഖകൾ കീറിയെറിയൽ, സ്പീക്കറെ അനുസരിക്കാതിരിക്കൽ എന്നിങ്ങനെയുള്ള ചട്ടങ്ങൾ നടക്കുന്നുണ്ടായിരുന്നു. പ്രതിപക്ഷത്താണെങ്കിൽ നിയമസഭ അലങ്കോലപ്പെടുത്തുക എന്നത് എം. എൽ.എയുടെ ധർമ്മമാണെന്ന് പുതുതലമുറ എം. എൽ. എമാർ ധരിച്ചിരിക്കുന്നത്. ആ ധാരണ മാറ്റാൻ ആർക്കാണു സാധിക്കുക? പെരുമാറ്റച്ചട്ടം അവതരിപ്പിച്ചവർ പ്രതിപക്ഷത്താകുമ്പോൾ ഇതു പാലിച്ചു തുടങ്ങിയാൽ മാറ്റമുണ്ടാകാം.

പെരുമാറ്റച്ചട്ടത്തിന്റെ ആവശ്യകത രാഷ്ട്രീയ രംഗത്തു മാത്രമായിരുന്നെങ്കിൽ അല്പം ആശ്വാസമുണ്ടായിരുന്നു. ആത്മീയ രംഗത്തും അത് അനിവാര്യമായിരിക്കുന്നു എന്ന് ഒരു സഭ തയ്യാറാക്കിയിരിക്കുന്ന വൈദികരുടെ പെരുമാറ്റച്ചട്ടം വ്യക്തമാക്കുന്നു. വൈദികർ സേവനങ്ങൾക്കു കൈമടക്കു വാങ്ങരുത് എന്നതാണ് ഒരു ചട്ടം. താമസം, വസ്ത്രം, ഭക്ഷണം എന്നിവയൊക്കെ ലളിതമായിരിക്കണം. ആഡംബര വസ്തുക്കൾ ഒഴിവാക്കണം. യാത്രകളും ആഘോഷങ്ങളും അടിപൊളിയായി നടത്തരുത് എന്നിങ്ങനെയാണ് കുറേ ചട്ടങ്ങൾ.

ഞായറാഴ്ച പള്ളിയിൽ നടത്തുന്ന പ്രസംഗത്തിനു ബൈബിളുമായി ബന്ധം ഉണ്ടായിരിക്കണം എന്നതാണ് ശ്രദ്ധേയ മറ്റൊരു ചട്ടം. പ്രസംഗത്തെക്കുറിച്ചുള്ള ഇടവക ജനങ്ങളുടെ അഭിപ്രായമാരായുകയും അതനുസരിച്ച് പ്രസംഗത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും വേണം എന്നു നിർദ്ദേശം വിശ്വാസികൾ സ്വാഗതം ചെയ്യാതിരിക്കില്ല. ചട്ടങ്ങളുടെ വിശദ വിവരങ്ങൾ പത്രങ്ങളിൽ നിന്നു ലഭ്യമല്ല. ബൈദികർക്കു ദൈവ വിശ്വാസവും ദൈവഭയവും ഉണ്ടായിരിക്കണം എന്നൊരു ചട്ടം ഉണ്ടോ എന്നറിയില്ല. സെമിനാരിയിൽ ഏറെക്കാലം പരിശീലിപ്പിക്കുമ്പോൾ ഇതൊന്നും ബോധ്യപ്പെടുത്താൻ കഴിയാത്തത് അവിടെത്തന്നെ ചട്ടങ്ങൾക്കു പുറത്തായിരിക്കും കക്ഷികൾ എന്നതുകൊണ്ടാവാം. ●

## വായനക്കാർ ദയവായി ശ്രദ്ധിക്കുക

1.മാസികയുടെ റാപ്പറിൽ Renew എന്നടിച്ചിട്ടുണ്ടെങ്കിൽ മാസിക എപ്പോൾ വേണമെങ്കിലും നിർത്താം.
2. വരിസംഖ്യയോ സംഭാവനയോ ലഭിച്ചാൽ മാത്രമെ മാസിക നഷ്ടമില്ലാതെ പ്രസിദ്ധീകരിക്കാനാവൂ. മറ്റ് വരുമാനങ്ങൾ ഇല്ലാത്തതിനാൽ വായനക്കാരിൽ മാത്രം ആശ്രയിച്ചാണ് ഞങ്ങൾ ഓരോ കാര്യങ്ങളും ചെയ്യുന്നത്.
3 ബാങ്ക് വഴി പണമടക്കുന്നവർ ദയവായി വിവരം ഓഫീസിലറിയിക്കണം. എന്നാൽ മാത്രമെ അക്കൗണ്ടിൽ വരവ് വയ്ക്കുകയുള്ളു. ബാങ്കുകാർ എവിടെ നിന്നു വന്നുവെന്ന് മാത്രമെ ഞങ്ങളെ അറിയിക്കുകയുള്ളു. ഏകദേശം മൂവായിരത്തോളം രൂപ ആരുടേതാണെന്നറിയാതെ ഞങ്ങളുടെ കൈവശമുണ്ട്. നിങ്ങളുടെ മാസികയുടെ റാപ്പർ രസീതിനു തുല്ല്യമായി കരുതുന്നതിനാൽ ദയവായി റാപ്പർ ശ്രദ്ധിക്കുവാനഭ്യർത്ഥന. മേൽവിലാസത്തിനടിയിൽ വരിസംഖ്യ തീരുന്ന മാസവും വർഷവും രേഖപ്പെടുത്തിയിട്ടുണ്ട്. വരസംഖ്യ തന്നു കഴിഞ്ഞലുടൻ ആ വർഷം ഉടനെ മാറും. മാറിയില്ലെങ്കിൽ നിങ്ങളുടെ പണം അക്കൗണ്ട് ചെയ്തിട്ടില്ലായെന്ന് മനസ്സിലാക്കണം. ഉടനെ വവരം ഓഫീസിൽ അറിയിക്കുമല്ലൊ.

# Word, Church and People

E. C. John

SERAMPORE COLLEGE (UNIVERSITY)

Convocation Address

**Dr.** K. Rajaratnam, the Master of Serampore College, the Revd. Dr. John Sadananda, the President of the Senate and of the Board of Theological Education, Dr. Ravi Tiwari, the Registrar, Principals of Colleges, Professors, Bishops and Church leaders, Graduates, Guests:

The Master, the President and the Registrar have done me a great honour by inviting me to deliver the Convocation address. I express my deep appreciation and profound gratitude. It is indeed a rare privilege to address this august academic assembly.

I have arranged my presentation under three heads: the Word (*dabar/Logos*), the Church (the disciples of Christ), and the people (the *Laos*). By Word I mean, naturally the Hebrew Bible and the Greek New Testament and the Word which became a living Person in Jesus Christ, still speaking to those who have ears to hear.

From the 1930-s for about three decades the Church in India was haunted by the idea that the Old Testament was not part of the Holy Scripture. Marcion had come alive via Martin Luther, Adolf von Harnack and German Church –Nazi thinking. Influenced by the Religionsgeschichte school of thought Serampore B.D. syllabus had 'Religion of Israel' as the final course in Old Testament. As a result of my plea after joining the UTC Faculty in 1959 a concession was allowed, the course was modified to 'Religion of Israel and Theology of the Old Testament'. It pleased me immensely that gradually a steady stream of graduates proceeded to specialise in Hebrew and the Old Testament. I spent a whole sabbatical leave to study the history of how the Old Testament was interpreted, what kind of authority the Old Testament had from the New Testament writers onwards. At the end of it all it was felt that the Old Testament had been accepted in practice as authoritative for the life and witness of the Church in India, especially the prophets inspiring youth groups for Christian social action. I felt it was adequate to write an essay on the Reception of the Old Testament in India and also present it at the (British) Society of Old Testament Study, lest we be treated as outcastes by the European Old Testament scholars. With so much corruption, injustice, disregard of human rights in the society from which the churches are also not free the study of the Old Testament should be pursued with greater vigour.

There is no need to labour on the point that a careful study of the Bible is essential for the personal life of a Christian minister and for effective preaching and teaching of the people. In the teaching and pastoral ministry our statements and expositions need to be based on accurate knowledge and correct information. I took a visitor to a church service, who, though he is not a church member is very knowledgeable and sympathetic to Christian faith and used to attend the chapel worship at the St. Stephen's College, Delhi when he was a lecturer there. As we were returning home I asked him what he thought about the sermon. He said, pastors need not be expected to be great scholars, or be always profound in what they preach, but what they say should make sense. Our churches are full and at times even overflowing. What an opportunity, to say something which makes sense!

Let me try to illustrate. In many instances of biblical expositions we should not feel too discouraged, when we do not have all the commentaries or reference books on hand. A careful reading of the biblical texts may be just about sufficient, for the time being. For example we may be used to classify the eighth century prophets, Amos, Isaiah, Micah, as a single group as spokesmen of social justice, condemning corrupt and false worship, as prophets of doom, but fail to examine the specific context and emphasis of each of them. With Amos it is the oppression and exploitation of the peasants and poorer section of the people, which he exposes. There are more references to the poor and the peasants and the oppressed in Amos than in any of the other prophets. Isaiah does not ignore them, but he concentrates on good rule, removal of corrupt officials and replacing them with righteous rulers. He hoped for the emergence of those called by God as prophets, priests and wise men. We see him engaged in giving wise counsel to the king and looks for the emergence of a city of shalom under a righteous king and upright officials. Micah, living in the western slope of the Judean hills, sees how the honourable citizens are harassed by the king's officials who guard the fortified towns in this area, and even deprive men, women and children of their possessions by grabbing their land and property.

While preparing a Bible Dictionary (in Malayalam) I was anxious to collect all the data available about the practice of crucifixion. Here proper historical and archaeological research was needed. The procedure prescribed for the Sanhedrin and the Roman Governor, the scheming and intrigues of Jewish leaders, the sadistic torture adopted by the soldiers, the nature and extent of the physical and mental suffering etc. had to be studied.

I was interested to find out how Herod could be called Herod the Great, who with all his development programmes, building projects was also a cruel tyrant who murdered a large number of people including his beautiful wife Mariamne, the

[redacted]

Hasmonean princess, and her two sons, and a third son. I could find only three passages where Jesephus qualifies him as great (*ho megas*) when others of the same name had also to be mentioned. My guess is that the title was given by Nicolas, a Syrian, his minister, admirer and biographer.

The second theme on which I wish to offer a few reflections is the much discussed subject, church (*ekklesia*). The view that Jesus, in his ministry had already conceived of the concept of the church, inferred from Matt. 18:17, students of the NT know reflects a later situation. The view held by some writers that the event of Pentecost marks the birth of the church cannot be sustained. In the Pentecost narrative we have one version of the gift of the Holy Spirit, especially of the phenomenon of speaking in tongues. According to St. John Jesus had breathed the Holy Spirit on the disciples after the resurrection when he appeared to them (Jn. 20:22). It is maintained in the *Evangelisches Kirchenlexikon* that in all probability the use of the term church really stands for the full expression church of God (Gal. 1:13; 1 Cor. 1:2), going back originally to the Aramaic phrase 'assembly of God' (*qehal'el*), the hope prevalent in Jewish communities entertaining the apocalyptic hope of belonging to God's *qahal* to be manifested in the last days (Qumran War Scroll and Rule of the Community). It is instructive that those who accepted the Gospel of Jesus Christ as preached by the apostles are called 'disciples', whereas the apostles are called the 'twelve'. So the original disciples are distinguished as the twelve and the other followers as disciples (see Acts. 6:2). The twelve may also be called 'apostles' (Acts. 4:35). Notice that Luke refers to the believers from the Gentiles as disciples in Acts 11:26 when he wants to say that in Antioch they first got the name Christians. St. Paul's congregation which were independent of the synagogue assemblies are referred to as those called to be saints, the elect, God's temple, Body of Christ. Some of these epithets being those attributed to Israel. By using these attributes St. Paul does not imply that Christians are now replacing Israel.

The Convocation address should not turn out as a class room lecture. However as certain corrupt practices are followed in some churches and seem to have come to stay we need to pause and reflect as to how they can be eradicated. The matter is urgent. Prof. James Atkinson, an authority on Marin Luther, wrote in 1967 on the occasion of the 450th anniversary of the Reformation, that "Luther restored a worthy doctrine of the church and made men and women know in a fresh way what it was to belong to the Church of God" (*Church Times,* Oct., 27, 1967). Several groups in South India, clergy and lay are engaged in a re-look of the nature and mission of the church and the conditions of the empirical church.


For St. Paul's concept of the church, his understanding of 'in Christ' is the starting point, says Prof. Klaus Berger, Heidelberg. That is, a Christological basis is the starting point, namely, the immanence of Christ in the believers ('Christ in me', Gal. 2:20). Berger says 'in Christ' means every Christian participates in the dying and rising again of Jesus Christ (Rom. 8:10, 11). This power of God reforms every believer, the power is the same in all believers and by this all Christians are bound to one another and all the differences which could separate people from one another disappear (Gal. 3:27-29; 1 Cor. 12:12f). Berger further points out that the metaphor of the body is intended to indicate the mutual relationship and interdependence between the members and is not a static condition.

Differences of caste, region and language have been a discriminatory barrier rather than an enriching plurality and we have yet to find a way to show our oneness in Christ and diversity as people. I have gone through all the major studies on the church in India – several studies were made in the 1970-s and 1980-s. The caste discrimination is not dealt with in these studies. Further, the poor in the church, especially those Dalits and Tribal Christians who are below the poverty line are a suffering people, lacking means of livelihood, education and medical care. On the other hand, the affluent upper caste Christians, belong to the richest section of the people in India, taking the average income into consideration (see "Caste Inequalities among Indian Christians by Satish Deshpande, in *Christian identity and Cultural Nationalism,* ed. E.C. John and Samson Prabhakar). See also website: ncm.nic.in/pdf, *Dalits in the Muslim and Christian Communities. A Status Report on Current Social Scientific Knowledge* prepared for National Commission for Minorities, Government of India by Satish Deshpande with assistance of Geetika Bapna, Dept. of Sociology, University of Delhi, 2008. The report which has 83 pages of text and 56 pages of appendix is fully illustrated by statistical data. It concludes, "based only on the descriptive and statistical evidence available, there is a strong case for including Dalit Muslims and Dalit Christians in Scheduled Caste category. There are compelling arguments in favour of such an inclusion based on principles of natural justice and fairness. The balance of pragmatic consideration is also in favour of their inclusion. According due statutory recognition to Dalit Muslims Dalit Christians would not only right a wrong, it would also remove an indefensible anomaly in our politico-legal system that can legitimately be construed as discriminatory. Whether or not such discrimination can be proven in a court of law, it will surely weigh on the conscience of every fair-minded Indian". (p.83).

It may be added that an internal study within the Roman Catholic Church in India narrating the problems in the Church, including caste discrimination, was one of the sources used by Arun Shouri in the preparation of his book, *Missionaries in India, Continuities, Changes and Dilemma,* Delhi, 1994.

Finally, a word about the third part, 'the people'. I have already touched on it, in my remarks on the Dalits. My plea to the Graduates and Professors is, do something about righting a wrong. Do not be only talking and writing about Dalit history, culture and ideology, but please do something, share their pains and hardships.

We need to examine whether our vision about the mission to our nation and people is not too narrow. There are Christian groups who think of their mission purely in terms of religious propaganda aiming at conversion and adding numbers to their



# പ്രതികരണങ്ങൾ

**കുട്ടികൾ രണ്ടു മതിയോ?**
**സി. എസ്. വർഗീസ്**

പോൾ മണലിലിന്റെ നവ ദമ്പതികളോട് എന്ന ലേഖനം കണ്ടു അത് ഒരു പുനർ വിചിന്തനത്തിനു വക നല്കുന്നു. മിക്ക ക്രിസ്തീയ കുടുംബങ്ങളും ഇന്നു ഒന്നല്ലെങ്കിൽ രണ്ടു കുട്ടികളെ കൊണ്ട് പരിമിതപ്പെടുത്തിയിരിക്കുന്നു. മറ്റു ചില സമുദായങ്ങളും തഥൈവ. കുടുംബങ്ങളിലും മാനവ വിഭവശേഷി ഇതു കുറയ്ക്കുന്നു. അങ്ങനെ രാജ്യത്തിനും ഒരളവു വരെ ദോഷകരമാകാം. ജനസംഖ്യാ സ്ഫോടനത്തേക്കാൾ ഇത് രാഷ്ട്രപുരോഗതിയെ ബാധിക്കാമെന്നു കാണപ്പെടുന്നു.

ഈ ദീർഘവീക്ഷണം കൊണ്ടാണ് ഇന്ത്യയിൽ ജനന നിയന്ത്രണം സർക്കാർ തലത്തിൽ ആദ്യം മുന്നോട്ടു കൊണ്ടുവന്നപ്പോൾ രാജാജിയും അവിവാഹിതനായ വി. കെ. കൃഷ്ണമേനോനും അതിനെ എതിർത്തത്. കൃഷ്ണമേനോന്റെ വിലയിരുത്തൽ ഇന്ത്യ വൃദ്ധന്മാരുടെ രാജ്യമായി മാറും എന്നായിരുന്നു. ഇന്നു ചൈനയിലും ഈ നിയന്ത്രണത്തിൽ അയവു വരുത്താൻ ആലോചിക്കുന്നതായി കേൾക്കുന്നു.

ഇന്നു മിക്ക ക്രിസ്തീയ കുടുംബങ്ങളിലും വൃദ്ധനും വൃദ്ധയും മാത്രമാണ് കാണുന്നത്. ഉള്ള ഒന്നോ, രണ്ടോ കുട്ടികൾ പറക്കപെറ്റി മറുനാടുകളിലായി കഴിയുന്നു. ഇവർ എന്നെങ്കിലും തിരിച്ചു വന്നു തറവാടു നോക്കുമോ ഉള്ള സ്വത്ത് കളയാതെ സംരക്ഷിക്കുമോ എന്നതും അനിശ്ചിതത്തം കുടുംബം അനാഥവും അന്യാധീനവുമായി പോകുമോ എന്ന ചിന്തയും വൃദ്ധ കുടുംബങ്ങളിൽ നിഴലിക്കുന്നു. അണുകുടുംബം ചില സാമൂഹ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നു.

സർക്കാർ നിയന്ത്രിത ഫാമിലി പ്ലാനിംഗിനെക്കുറിച്ച് ചിന്തിച്ചപ്പോൾ സ്വകാര്യ കുടുംബപ്ലാനിംങ് ആരും ശ്രദ്ധിച്ചില്ല. അല്പം ഇടവേള നല്കി മൂന്നാമത്തെ കുട്ടികൂടി ഉണ്ടായിരുന്നെങ്കിൽ എന്ന് തിരിഞ്ഞുനോക്കി ചിന്തിക്കുന്നവരും ഇല്ലാതില്ല. ഇവിടെ കുട്ടികൾ ആണോ പെണ്ണോ എന്ന ഭേദചിന്ത പുലർത്തേണ്ടതില്ല. ചില പ്രത്യേക സാഹചര്യത്തിൽ കുട്ടി ഒന്നു മതിയെന്നു പ്ലാൻ ചെയ്യുന്നത് വേറേ രീതിയിൽ കാണാം.

[redacted]

കുടുംബാസൂത്രണം അച്ചട്ടായി പാലിച്ചു പ്ലാൻ ചെയ്ത കുടുംബങ്ങളിൽ തങ്ങളുടെ കുട്ടികൾക്ക് എന്തെങ്കിലും സംഭവിച്ചു പോയാൽ , ആ നഷ്ടം നികത്താൻ ഒരു സ്റ്റാൻഡ്ബൈ എന്ന അവസ്ഥയിലെങ്കിലും മൂന്നാമതൊരു കുട്ടി ആവശ്യമാണ്. ഇതും ഗൗരവമായി എടുക്കേണ്ട ഒന്നാണ്

എന്നാൽ സ്വാർത്ഥത വെടിഞ്ഞു അല്പം ത്യാഗം സഹിച്ചാണെങ്കിലും വായ് തന്ന ദൈവം അതിനുള്ള വകയും നല്കും എന്ന വിശ്വാസത്തിൽ കുടുംബാസൂത്രണം പാലിക്കാത്ത ചില കരിസ്മാറ്റിക് സഭാംഗങ്ങളുമുണ്ട്. കേരളത്തിൽ നായർ സമുദായവും ക്രിസ്ത്യാനികളുമാണ് ഭൂരിപക്ഷവും കുടുംബാസൂത്രണത്തെ കൃത്യമായ അംഗീകരിച്ചിരിക്കുന്നത്.

കർദ്ദിനാൾ വർക്കി വിതയത്തിൽ സഭാംഗങ്ങളോട് കുറഞ്ഞത് മൂന്നു കുട്ടികളെങ്കിലും വേണമെന്ന് ഉൽബോധിപ്പിച്ചതു യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടാണ്. കൂടാതെ കത്തോലിക്കാ പുരോഹിതരും കന്യാസ്ത്രീകളും സഭയിലെ ജനസംഖ്യ വർദ്ധിപ്പിക്കുന്നതിൽ പങ്കാളികളുമല്ലല്ലോ. ഭാരതത്തിൽ ഉപയോഗിക്കാതിരിക്കുന്നു ഭൂഭാഗങ്ങളും വിഭവങ്ങളും ഭീമമായ തോതിലാണ്. ജനസംഖ്യ കേന്ദ്രീകൃതമാകാതെ നിന്നാൽ ഇതൊരു പ്രശ്നവുമാകുന്നില്ലെന്നു കാണുന്നു. പക്ഷേ രാഷ്ട്രീയം ഇവിടെയും തങ്ങളുടെ താല്പര്യം നോക്കുന്നു.

♦♦♦

---

ranks. During the days of the Independence Movement there was a minority of Christians who jointed in the national stream and worked for the independence of India. S.K. George, tutor of Bishops College, wrote and spoke supporting the freedom struggle. As a result he had to leave the Bishops College Faculty.

When the churches and missionaries had the opportunities to propagate the Sermon on the Mount among the Indian masses when Mahatma Gandhi and his followers valued the message of the Sermon. But our Christian preachers were preoccupied with the question that Gandhi had not taken baptism and converted to Christianity. The Church missed a golden opportunity to propagate the teaching of Christ, especially the Sermon on the Mount.

In our own generation there are Hindus who value the Bible and the life of Jesus Christ and have also written books. I refer to the book on *the life and teaching of Jesus Christ* by K.P. Kesava Menon, Editor of the *Mathrubhumi* in consultation with the Basel Missionary, Dr. Wagner and to Prof. K. P. Appan's Book, *Bible, the Armour of Light*. At the other end of the spectrum are the advocates of Hindu Rashtra ideology who do not recognize Muslims, Christians and Marxists, as Indian citizens unless they appropriate the Hindutvavadi's understanding of Hindu religion. It is salutary that there are Hindu scholars who have rejected the Hindutva ideology.

With respect to our mission to the nation it may be recalled that the during the days of the Emergency in 1976 several church leaders expressed to Mrs. Indira Gandhi their enthusiastic support of the measures taken in Emergency which had also curtailed freedom of speech, political rights, and violated other human rights. Only one Church leader, Metropolitan Juhanon Mar Thoma had the courage to write to Mrs. Indira Gandhi that Emergency should be withdrawn, all political prisoners should be released and no amendment to the Constitution should be made when some members of the Parliament were kept in Jails.

Can we take the twin commandment of loving God and loving the neighbour confirmed by Jesus as authoritative, as a fundamental principle to follow in our attitude to people and in our mission, giving others due respect and honour irrespective of ethnic, regional, caste or linguistic differences or identities? Or do we want to be seen as pujaries of the Christian communal identities?

Dear Graduates, I congratulate you on your achievements. Those who have passed with high grades, written excellent thesis, won Serampore prizes, have special reason to be happy. They all deserve praise. But finally your usefulness in ministry or teaching does not depend entirely on what you have so far accomplished, but how you move on from here, how you continue your study and enquiry. May God bless and prosper you as Servants of the Word, the Church and the People.

ന്യൂ വിഷൻ എല്ലാ ലക്കങ്ങളും കൃത്യമായി 28ന് കോട്ടയം ആർ എം എസ്സിൽ ഞങ്ങൾ പോസ്റ്റ് ചെയ്യുന്നുണ്ട്. മാസിക ലഭിച്ചില്ലായെന്ന് അനവധി പരാതികൾ സ്ഥിരമായി ലഭിക്കുന്നുമുണ്ട്. ഓണം, ക്രിസ്തുമസ്സ് തുടങ്ങിയ അവസരങ്ങളിൽ ഇരുപത് ദിവസം വരെ താമസിക്കുന്നതായി ഞങ്ങൾ മനസ്സിലാക്കുന്നു. പോസ്റ്റൽ വകുപ്പിന്റെ ഉദാസീനതക്കെതിരെ വായനക്കാർ ജില്ലാ പോസ്റ്റൽ സൂപ്രണ്ടിന് പരാതി നൽകുന്നത് ഉചിതമായിരിക്കും.

**മാനേജിംഗ് എഡിറ്റർ**

**NEW VISION FOR A CHANGING WORLD**
Annual Subscription.Rs. 100/-

Registered with the Registrar of Newspapers for India,under
**No. KER BIL/2000/1543**

**OCTOBER 2009**
Postel Regn No. KL/KTM/362/2009-11
Licence No. KL/KTM/WPP-088/2009-2011,
Licensed to post without pre-payment.
Posted at Kottayam RMS on the 28th of every month

**Panavelil**
**CONSTRUCTIONS**

ENGINEERS DESIGNERS CONTRACTORS

**CENTRAL Jn. MALLAPPALLY**
Tel : 0469-2680806, Mob: 9447154710







P. BABU OOMMEN B.Tech.(Civil)
Licensed Engineer, Kerala State
Panavelil House, Padimon P.O. 689 587
Ph: 0469-2782546, 2680419, E-Mail: panavell@sify.com

Edited, Printed and Published by Dr. Mathew Koshy Punnackadu
Owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Manganam, Kottayam.
Printed at Learners' Offset Printers, CMS College Road, Kottayam.